**നിയമനിർമ്മാണകാര്യം (തുടർച്ച)**

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ലീഗൽ ഒബ്ജക്ഷനിൽ ഈ സഭയുടെ ചരിത്രത്തിൽ ഇന്നുവരെ ഫിനാൻസ് ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് പോകാതെ വേവ് ചെയ്തിട്ടില്ല എന്നുള്ള ഒരു തെറ്റായ പരാമർശം നടത്തുകയുണ്ടായി. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഏറ്റവും അവസാനം അവതരിപ്പിച്ച ധനകാര്യ ബിൽ പ്രീപോൺ ചെയ്ത് സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കുന്നത് വേവ് ചെയ്ത് 2026 ഫെബ്രുവരി 24-ാം തീയതി ഈ സഭ പാസ്സാക്കിയതാണ്. അത് പാസ്സാക്കിയ വ്യക്തിയാണ് ധനകാര്യ ബിൽ വേവ് ചെയ്യാൻ പാടില്ല, സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കാതെ സഭയിൽ കൊണ്ടുവരാൻ പാടില്ല എന്നെല്ലാം പറയുന്നത്. എന്താണ് ഈ സഭയിൽ നടക്കുന്നത്; അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഏറ്റവും അവസാനം അവതരിപ്പിച്ച ഫിനാൻസ് ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് പോയിട്ടില്ല. സബ്ജക്റ്റ് കമ്മിറ്റിക്ക് പോകാതെ വേവ് ചെയ്യാനുള്ള അധികാരം ഈ സഭയ്ക്കുണ്ട്. അതിന് സഭയുടെ അംഗീകാരം വാങ്ങണം. ഞങ്ങൾ അംഗീകാരം വാങ്ങി ബി.എ.സി.-യുടെ റെക്കമെന്റേഷനോടുകൂടിയാണ് സഭയിൽ വന്നത്. അദ്ദേഹം ഉന്നയിച്ച സബ്ജക്റ്റ് കമ്മിറ്റിക്ക് അയച്ചില്ല എന്ന ആക്ഷേപം അദ്ദേഹത്തിന് നേരെതന്നെ തിരിഞ്ഞുകൊത്തുകയാണ്. ഏറ്റവും അവസാനം അങ്ങനെ ചെയ്ത ആളാണ് ഇത് പറയുന്നത്. അദ്ദേഹം അത് മറന്നുപോയി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം ഇന്ന് ലിസ്റ്റിലുണ്ടായിരുന്നു. അദ്ദേഹത്തിന് സംസാരിക്കാനുള്ള അവസരമുണ്ടായിരുന്നു. ഒരു കാരണമുണ്ടാക്കി ബഹിഷ്കരിച്ചുപോയതാണ്. അദ്ദേഹം പോകാൻ നേരം പറഞ്ഞ ചില കാര്യങ്ങൾക്ക് ഞാൻ മറുപടി നൽകാം. ഹോർട്ടി വൈൻ ഉണ്ടാക്കാൻ വേണ്ടിയാണ് ഫോറിൻ ലിക്വർ റൂൾസ് അമെന്റ് ചെയ്തതെന്നാണ് അദ്ദേഹം പറഞ്ഞത്. കർഷകർക്ക് ഹോർട്ടി വൈൻ ഉണ്ടാക്കാൻ Becardi കമ്പനിയുമായി എന്തിനാണ് ചർച്ച നടത്തുന്നത്; ഇതൊക്കെ അടിസ്ഥാനരഹിതമാണ്. ചെയ്തുവച്ച കാര്യങ്ങളെല്ലാം എന്റെ പക്കലുണ്ട്. മറുപടി പറയേണ്ട അവസരത്തിൽ ഞാൻ പറയാം.

**ചർച്ച**

*01-07-2026*
*Legislative Business (Contn...)*

ഡോ. മാത്യു കുഴൽനാടൻ: സർ, ഇല്ലാത്ത ഒരു കേസ് ഉണ്ടാക്കാൻ വേണ്ടി പ്രതിപക്ഷം ഒരു ക്രമപ്രശ്നവുമായി വന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. retrospective ആയി ടാക്സ് ഇൻട്രൊഡ്യൂസ് ചെയ്തിരുന്നുവെങ്കിൽ അത് നിയമപരമായി ഒബ്ജക്ഷണബിൾ ആകുമായിരുന്നു എന്നാണ് നികുതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ prospective ആയി ടാക്സ് impose ചെയ്യുന്നതിൽ നിയമപരമായി യാതൊരു തെറ്റുമില്ല. 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിലെ സെക്ഷൻ 1. (2) (i) section 3 and 5 shall come into force on such date as the Government may, by notification in the Official Gazette, appoint; എന്നാണ് പറയുന്നത്. അതാണ് യഥാർത്ഥത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവന, അദ്ദേഹം സഭയ്ക്ക് നൽകിയ ഉറപ്പ് അക്ഷരാർത്ഥത്തിൽ പാലിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു പ്രൊവിഷനാണത്. ലോ ആൽക്കഹോളിക് ബിവറേജ് ഇൻട്രൊഡ്യൂസ് ചെയ്യുകയാണെങ്കിൽ അതിന്റെ ടാക്സ് സ്ലാബ് ഇങ്ങനെയായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ അതിനെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ഇത് കൊണ്ടുവരണമോ വേണ്ടയോ എന്ന് സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്കാണ് വീര്യം കുറഞ്ഞ മദ്യം വിൽക്കാനുള്ള അനുമതി ഉണ്ടാകുന്നത്. ഒരുപക്ഷേ മദ്യലോബികളെ സഹായിക്കാൻ വേണ്ടിയാണോ അവർ ഈ ക്രമപ്രശ്നം ഉന്നയിച്ചതെന്ന് എനിക്ക് സംശയമുണ്ട്. കാരണം, ഈ സെക്ഷൻ ഇല്ലായിരുന്നുവെങ്കിൽ അടുത്ത ദിവസംതന്നെ മദ്യക്കമ്പനികൾക്ക് കോടതിയെ സമീപിക്കാം. അതായത് നിലവിൽ ' We are willing to pay tax; We want to sell the item' എന്ന് മദ്യക്കമ്പനികൾ പറഞ്ഞാൽ, ' നിങ്ങൾ എന്തുകൊണ്ടാണ് അനുവദിക്കാത്തത്;' എന്ന് കോടതി ചോദിക്കും. അതിന്റെ സാങ്കേതിക നടപടിക്രമങ്ങൾ മാത്രമേ പൂർത്തിയാക്കാനുള്ളൂ. അങ്ങനെ വരുമ്പോൾ ആ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് മദ്യക്കമ്പനികൾക്ക് കോടതിയെ സമീപിക്കാവുന്നതും കോടതി വ്യവഹാരത്തിലൂടെ മദ്യക്കമ്പനികൾക്ക് മദ്യം വിൽക്കാനുള്ള അവസരം നേടിയെടുക്കുകയും ചെയ്യാം. ആ ഒരു അവസരം നഷ്ടപ്പെട്ടതിലുള്ള ഖിന്നതയാണ് ഇപ്പോൾ പ്രതിപക്ഷത്തിന് ഉണ്ടായതെന്ന് എനിക്ക് തോന്നുന്നു. കാരണം ബില്ലിൽ ഈയൊരു

*01-07-2026*
*Legislative Business (Contn...)*

പ്രൊവിഷൻ ഇല്ലായിരുന്നെങ്കിൽ ഏത് സമയത്തും അവർക്ക് വിൽപ്പനയ്ക്കുള്ള ഒരു പരിശ്രമം നടത്താമായിരുന്നു. അവർ ഉദ്ദേശിച്ചിരുന്ന കാര്യങ്ങളിലേക്ക് എത്താൻ കഴിയാത്തതുകൊണ്ടാണ് സഭ ബഹിഷ്കരിച്ചതെന്ന് ഞാൻ കരുതുന്നു.

ഫിനാൻസ് ബില്ലിലേയ്ക്ക് വരുമ്പോൾ കേരളത്തിൽ പൊതുവെ ഒരു മാറ്റത്തിനുവേണ്ടിയുള്ള അന്തരീക്ഷത്തിനാണ് നാം പരിശ്രമിക്കുന്നത്. ഇവർ വളരെ ക്രിയാത്മക പ്രതിപക്ഷമായിരിക്കുമെന്നാണ് പറഞ്ഞിരുന്നത്. ക്രിയാത്മക പ്രതിപക്ഷമാണെങ്കിൽ അവർ ആദ്യം മാറ്റം വരുത്തേണ്ടത് അവരുടെ കാഴ്ചപ്പാടിലാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ ഇക്കണോമിക് പോളിസിയെ വിമർശിക്കുന്ന രീതിയിൽ ഒന്നുരണ്ടു അഭിപ്രായങ്ങൾ പറയുന്നത് ഞാൻ ശ്രദ്ധിച്ചു. നിലവിൽ 5,07,000 കോടി രൂപയുടെ ബാധ്യതയിലാണ് കേരളം എത്തിനിൽക്കുന്നത്. നമ്മുടെ വരുമാനത്തിന്റെ 77 ശതമാനവും ശമ്പളം, പെൻഷൻ മറ്റ് ആനുകൂല്യങ്ങൾക്കുമായി കൊടുക്കേണ്ട സ്ഥിതിയുണ്ട്. വളരെ ലിമിറ്റഡ് വിൻഡോയാണ് ഒരു സർക്കാരിന് ഒരു സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ചെലവഴിക്കാനുള്ളത്. സർക്കാരിന് പണം ഉണ്ടായിക്കഴിഞ്ഞ് വികസനം കൊണ്ടുവരാമെന്ന് ചിന്തിച്ചാൽ നമ്മുടെ ആയുസ്സിൽതന്നെ അത് നടന്നുവെന്ന് വരില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഈ ബജറ്റിലുള്ള ദിശാസൂചികപോലെ സബ്സ്റ്റാൻഷ്യൽ പോളിസി ചെയ്ഞ്ച് കേരളത്തിന് ആവശ്യമാണ്. പണം കണ്ടെത്തണമെങ്കിൽ സ്വാഭാവികമായും കേരളത്തിലേയ്ക്ക് ഇൻവെസ്റ്റ്മെന്റ് അട്രാക്റ്റ് ചെയ്യുക എന്നുള്ളതാണ് മാർഗ്ഗം. പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് അല്ലെങ്കിൽ സ്വകാര്യപങ്കാളിത്തം എന്ന് പറയുന്നത്, ഒരുപക്ഷേ ഒരു കമ്മ്യൂണിസ്റ്റ് ഇൻഫ്ലുവൻസ് ആണെന്ന് ഒരു പരിധിവരെ പറയാം. ഒരു പരിധിവരെ കോൺഗ്രസിലും യു.ഡി.എഫ്.-ലും അതിന്റെ ഇൻഫ്ലുവൻസ് ഉണ്ട്. കഴിഞ്ഞ ദിവസം നിയോലിബറലിസത്തെക്കുറിച്ച് ഒരു പ്രതിപക്ഷാംഗം വലിയൊരു ക്ലാസ് ഇവിടെ നടത്തിയത് നമ്മൾ കേട്ടു. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയും ചെയ്തു. പക്ഷേ അദ്ദേഹം സമ്മതിച്ചില്ല. ഈ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ വലിയ അച്ചീവ്മെന്റ് ആയി പറഞ്ഞിരുന്നത് മസാല ബോണ്ടുകൾ വഴി ലണ്ടൻ സ്റ്റോക്ക്

എക്സ്ചേഞ്ച് (LSE)-ൽ ലിസ്റ്റ് ചെയ്ത 2,150 കോടി രൂപ കേരളത്തിലേയ്ക്ക് കൊണ്ടുവന്നു എന്നുള്ളതാണ്. ക്യാപ്പിറ്റൽ ലിബറലൈസേഷന്റെ ഏറ്റവും വലിയ ഉദാഹരണം എന്നുപറയുന്നത് ഇന്ത്യയുടെ പുറത്തുണ്ടായിരുന്ന ഒരു ക്യാപ്പിറ്റൽ അഥവാ ഇന്റർനാഷണൽ ക്യാപ്പിറ്റലിനെ സർക്കാർ ഗാരന്റി കൊടുത്ത് കേരളത്തിന്റെ വികസനത്തിനുവേണ്ടി കൊണ്ടുവന്ന പ്രക്രിയയാണ്. എന്നിട്ടാണ് അവർ നിയോലിബറലിസത്തെക്കുറിച്ച് നമുക്ക് ക്ലാസെടുക്കുന്നത്. ഇവരുടെ കാഴ്ചപ്പാട് മാറാതെ കേരളം രക്ഷപ്പെടില്ല. ഏതു കാര്യത്തെ തൊട്ടാലും കാലാകാലങ്ങളായി ഇങ്ങനെയുള്ള പ്രശ്നങ്ങൾ കൊണ്ടുവന്നാണ് നമ്മുടെ എല്ലാ സാധ്യതകളും അവർ നശിപ്പിച്ചുകളഞ്ഞത്. ആദ്യമേ അതിലൊരു മാറ്റമുണ്ടായി.

നമ്മൾ നേരിടുന്ന മറ്റൊരു വലിയ പ്രശ്നം ചെറുപ്പക്കാരുടെ പലായനമാണ്. കാരണം ക്വാളിറ്റി എജ്യൂക്കേഷനുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് നമുക്കില്ല. കേരളത്തിലെ ഏറ്റവും നമ്പർ വൺ ഇൻസ്റ്റിറ്റ്യൂഷൻസ് എവിടെയാണ്; ഏറ്റവും ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളെ പി.എസ്.സി. വഴി റിക്രൂട്ട് ചെയ്യുന്ന സംവിധാനവും മികച്ച ടാലെന്റും സൗകര്യങ്ങളും സാങ്കേതികവിദ്യയും എല്ലാം ഇവിടെയുണ്ട്. എന്നിട്ടും മികച്ച ഒരു സർക്കാർ ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടോ; കേരളത്തിലെ കോളേജുകൾ പരിശോധിച്ചാൽ മനസ്സിലാകും. സ്വാശ്രയ/എയ്ഡഡ് കോളേജുകളായി വന്നവർ അവരുടെ കോമ്പീറ്റൻസിയും എഫിഷ്യൻസിയും നിലനിർത്തി. മാർ ഇവാനിയോസ് കോളേജ്, രാജഗിരി കോളേജ്, എം.ഇ.എസ്. കോളേജ്, ടി.കെ.എം. കോളേജ് എന്നിങ്ങനെയുള്ള കോളേജുകൾ നോക്കിയാൽ അവർക്ക് മാത്രമാണ് റാങ്കിങ് ഉള്ളത്. ഞങ്ങളുടെ നാട്ടിലെ എം.എ. കോളേജ്, നിർമ്മല കോളേജ് തുടങ്ങിയ കോളേജുകൾ NAAC അക്രെഡിറ്റഡ് ആണ്. ഇവിടെ ഏതെങ്കിലും നിലയിൽ നമ്മളൊരു സ്വകാര്യ പങ്കാളിത്തത്തെക്കുറിച്ച് പറഞ്ഞാൽ ഉടൻതന്നെ അതിനെതിരെ കൊടിയും പടയും എടുത്തിറങ്ങുന്ന ഒരു മാനസികാവസ്ഥയിൽനിന്ന് ഇവർ മാറേണ്ടതുണ്ട്.

ബഹുമാന്യരായ മന്ത്രിമാരിൽ പലരും ഇപ്പോൾ ഇവിടെയില്ലെങ്കിലും ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ നിലവിലുള്ള സ്ട്രെങ്ത് reinforce ചെയ്യുന്ന നടപടികൾ ഉണ്ടാകാതെയാണ് നമ്മൾ പലതിനെക്കുറിച്ചും സംസാരിക്കുന്നത്. കഴിഞ്ഞ ദിവസം കൃഷി വകുപ്പുമന്ത്രി തന്നെ പുതിയ ചില

പ്രോജക്ടുകളെക്കുറിച്ച് പറയുകയുണ്ടായി. കാർഷിക മേഖലയെ വളരെ ഗൗരവമായി പരിശോധിക്കുകയാണെങ്കിൽ നമ്മുടെ അവഗണന എത്രമാത്രം വലുതാണെന്ന് കാണാൻ കഴിയും. മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നതെന്ന് അങ്ങുൾപ്പെടെ എല്ലാവർക്കും അറിയാവുന്നതാണ്. കാർഷികമേഖലയ്ക്ക് ഏറ്റവും കൂടുതൽ ഉത്തേജനം നൽകിയത് എം.വി.ഐ.പി (Muvattupuzha Valley Irrigation Project) പി.വി.ഐ.പി (Periyar Valley Irrigation Project) കനാലുകളാണ്. അക്കാലത്ത് ടി കനാലുകളുണ്ടാക്കിയതുകൊണ്ട് കർഷകർക്ക് ഫലപ്രദമായി വെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞു. എന്നാൽ, ഇന്ന് എം.വി.ഐ.പി., പി.വി.ഐ.പി. കനാലുകളുടെ അവസ്ഥ വളരെ ദയനീയമാണ്. ഞാൻ അതിശയോക്തി കലർത്തി പറയുന്നതല്ല, ഈ കനാലുകളുടെ വശങ്ങളിൽ നാൽപത് ഇഞ്ച്, അൻപത് ഇഞ്ച് വീതിയുള്ള മരങ്ങൾ വളർന്നുനിൽക്കുകയാണ്. കാലങ്ങളായി കനാലുകളിൽ യാതൊരു അറ്റകുറ്റപ്പണിയും നടത്താതെ അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. കർഷകർക്ക് അടിസ്ഥാനപരമായി കൊടുക്കാനുള്ള വെള്ളംപോലും കൊടുക്കാതെ കർഷകരോട് പുതിയ ആശയത്തിനെക്കുറിച്ച് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. നിലവിലുള്ളതിനെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ഒരു നടപടിയും നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല.

നിയമസഭയിൽ ഏതെങ്കിലും ഒരു സന്ദർഭത്തിൽ പറയാൻവേണ്ടി ചെയ്ത ഒരു കാര്യമുണ്ട്. അതായത്, എന്റെ തോട്ടത്തിൽ റബ്ബർ ഉണ്ടായിരുന്നു. അവ മുറിച്ചുമാറ്റാൻ തീരുമാനിച്ചു. അവിടെ ഏറ്റവും അനുയോജ്യമായ രീതിയിൽ ഏത് വിളയാണ് കൃഷി ചെയ്യാൻ കഴിയുന്നതെന്ന ഉപദേശത്തിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പിലേക്ക് ഒരു മെയിൽ അയച്ചിരുന്നു. കൃത്യമായൊരു ഉപദേശം ലഭിക്കുമെന്ന് പ്രതീക്ഷിച്ചല്ല മെയിൽ അയച്ചത്, അവർ ഒരു തവണ വന്ന് സ്ഥലം സന്ദർശിച്ചു. അവിടെ സോയിൽ പരിശോധിക്കണം, ഇന്ന ഇന്ന കാര്യങ്ങളൊക്കെ ചെയ്യണം എന്ന് പറഞ്ഞതല്ലാതെ അക്കാര്യത്തിൽ പിന്നീട് യാതൊരു മറുപടിയോ പ്രതികരണമോ കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഒരു കാര്യംകൂടി സൂചിപ്പിക്കാം. തമിഴ്നാട്ടിലെ ഗവൺമെന്റ് ഒരു കർഷകൻ കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനുള്ള ടെക്നിക്കൽ

*01-07-2026*
*Legislative Business (Contn...)*

സപ്പോർട്ടും മാർക്കറ്റിങ് സപ്പോർട്ടുമെല്ലാം കൊടുത്ത് അവർ മികച്ച രീതിയിലാണ് മുന്നോട്ടുപോകുന്നത്. ഇവിടെ എത്രയോ കാർഷിക സർവകലാശാലകളുണ്ട്; കേരളത്തിൽ വ്യാപകമായി കൃഷിചെയ്യാൻ കഴിയുന്ന തെങ്ങിന്റെ വെറൈറ്റിപോലും കൺസിസ്റ്റന്റായി നിലനിർത്താൻ കഴിയുന്നില്ല. ഓരോ മേഖലയുമെടുത്ത് പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.

മറ്റൊന്ന്, ഗതാഗത വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. കേരളത്തിന്റെ പൊതുവായ അന്തരീക്ഷം മാറുന്നത് നമ്മൾ പൊതുയിടത്തിലേക്ക് ഇറങ്ങുമ്പോഴാണ്. നമ്മുടെ റോഡിലൂടെ സഞ്ചരിക്കുന്ന മലയാളിക്ക് ടെൻഷനും സ്ട്രെസ്സുമില്ലാതെ അര മണിക്കൂർ റോഡിൽ ചെലവഴിക്കാൻ കഴിയില്ല, ഒരു അരമണിക്കൂർ സമാധാനമായി വാഹനം ഓടിക്കാൻ സാധിക്കില്ല. ഗൾഫിൽ എത്രയോ മലയാളികൾ വളരെ അച്ചടക്കത്തോടെ വാഹനം ഓടിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. പാർക്കിങ് സ്ലോട്ടിലെ അവർ വാഹനം പാർക്ക് ചെയ്യുകയുള്ളൂ, സ്പീഡ് ട്രാക്കിലൂടെ പതുക്കെ വാഹനം ഓടിക്കില്ല. ഇവിടെ വന്നാൽ ഒരു കയോസാണ് (chaos), അതൊരു റിയൽ കയോസാണ്. ഇങ്ങനെയുള്ള സിസ്റ്റം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നമുക്ക് കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റ്മെന്റിന്റെ ആവശ്യമില്ല. അതിന് എൻഫോഴ്സ്മെന്റ് അഗ്രസീവാക്കിയാൽ ആളുകളുടെ കാഴ്ചപ്പാടിൽ ഒരു മാറ്റമുണ്ടാകും. അതുപോലെ 'ജൻസി (Gen-Z)' തലമുറയിലെ ചെറുപ്പക്കാർ ആവശ്യപ്പെട്ടൊരു കാര്യം, അവരുടെ വാഹന മോഡിഫിക്കേഷൻ ലിമിറ്റേഷനെക്കുറിച്ച് നിങ്ങൾ ഇവിടെ പറഞ്ഞു, there are many other things that we can do. ഇവിടെ അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള off-road-track അനുവദനീയമാണോ; നിങ്ങൾ അതിന് നിയമം കൊണ്ടുവരണം. Off-road-track-ൽ വാഹനം ഓടിക്കാനുള്ള നിയമം നിലവിലില്ല. എവിടെയെങ്കിലും ഒരു ഇവന്റ് നടത്തി എന്തെങ്കിലും പ്രശ്നമുണ്ടായിക്കഴിയുമ്പോൾ ഇവന്റ് നടത്തിയവനെയും വാഹനമോടിച്ചവനെയെല്ലാം കേസിൽ പ്രതിയാക്കി ജയലിലിടും. പക്ഷേ You are not making a law. അതിനൊരു നിയമം നമ്മൾ ഉണ്ടാക്കാത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്.

*01-07-2026*
*Legislative Business (Contn...)*

മറ്റൊരു കാര്യം, കേരളം പ്രകൃതിരമണീയമായിരിക്കണം അന്തരീക്ഷം നന്നായിരിക്കണമെന്ന് പറയുന്നുണ്ട്. നമ്മളെല്ലാവരും ഒരു നഷ്ടമുണ്ടായതിനുശേഷം അതിനെ തിരുത്താൻ ശ്രമിക്കുന്നവരാണ്. പൊല്യൂഷനെ സംബന്ധിച്ച പല aspects-കൾ നമ്മളിവിടെ ചർച്ച ചെയ്യാറുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല അവസാനിപ്പിക്കുകയാണ്. എന്റെ മണ്ഡലത്തിലൊക്കെ പ്ലൈവുഡ് ഫാക്ടറികളൊക്കെ വരുന്നത് അങ്ങേയ്ക്കുതന്നെ അറിയാം. നിലവിൽ ഒരു പ്ലൈവുഡ് കമ്പനി ആരംഭിക്കണമെങ്കിൽ അതിന് എന്തൊക്കെ പരാമീറ്റേഴ്സ് വേണമെന്നുള്ള നിയമം നിലവിലുണ്ട്. ആ നിയമം വച്ച് ഒരു പ്ലൈവുഡ് കമ്പനിയും അതിനോട് ചേർന്ന് മറ്റൊരു പ്ലൈവുഡ് കമ്പനിയും അങ്ങനെ മൂന്നുംനാലുംഅഞ്ചും പ്ലൈവുഡ് കമ്പനികൾ ഇങ്ങനെ ഒരുമിച്ച് ആരംഭിച്ചുകഴിയുമ്പോൾ അതിന് huge impact ഉണ്ടാകും. But there is no law to address the clustering of this pollution making industries. അതൊരു പ്രശ്നമാണ്. ഞാൻ പരിശോധിച്ചപ്പോൾ അതിന് നിയമമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനോട് ഇക്കാര്യം ഞാൻ സൂചിപ്പിച്ചതാണ്. പക്ഷെ, അദ്ദേഹം നിയമം കൊണ്ടുവരാൻ തയ്യാറായിരുന്നില്ല. ഇതിന്മേൽ എന്തെങ്കിലും പ്രശ്നം വന്നുകഴിയുമ്പോൾ, ഒരു മേഖല മുഴുവൻ നശിച്ച് വലിയ ഇംപാക്ടുണ്ടാകുമ്പോഴാണ് നിയമമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. അതായത്, എവിടെയൊക്കെയാണ് പോരായ്മകളുള്ളത് അതിനെയൊക്കെ നേരിട്ട് കണ്ട് മനസ്സിലാക്കി പുതിയ മന്ത്രിസഭയിലെ മന്ത്രിമാർ അവരുടെ ഓരോ വകുപ്പിലും ഇതുപോലെ ധാരാളം കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്തുതന്നെയായിരുന്നാലും പുതിയ ദിശാബോധം നൽകുന്ന ധനകാര്യ ബില്ലിനെതിരെ പ്രതിപക്ഷം ഉന്നയിച്ച ക്രമപ്രശ്നവും ആരോപണവും നിലനിൽക്കുന്നതല്ല. നിയമസഭയിൽ പറഞ്ഞ ആ വാക്കിനോട് നീതിപുലർത്തുന്നതിനുവേണ്ടി കൊണ്ടുവന്ന സെക്ഷനെ അഭിനന്ദിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിന് പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. യു. ജനീഷ് കുമാർ (Not in the Seat).

<u>ശ്രീ. പി. എം. എ. സമീർ</u>: സർ, പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പാസ്സാക്കിയ പുതുക്കിയ ബജറ്റും ഇതിന്റെ ഭാഗമായിട്ടുള്ള ധനകാര്യ

*01-07-2026*
*Legislative Business (Contn...)*

ബില്ലിനെയും ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്. 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പരിശോധിച്ചാൽ ഏകദേശം 30 പേജുകളാണ് ഈ ബില്ലിലുള്ളത്. 30 പേജിനെ ഏഴ് വരികൾ മാത്രമാണെന്നാണ് ബഹുമാന്യനായ പ്രതിപക്ഷത്തുള്ള അംഗം ഈ ബില്ലിനെ വിശേഷിപ്പിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ മോട്ടോർ വെഹിക്കിൾ, കെ.ജി.എസ്.ടി., ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും, സെസിന്റെ സ്കീം, സ്റ്റാമ്പ് ആക്ട് ഉൾപ്പെടെയുള്ള ആക്ടുകളെക്കുറിച്ചെല്ലാം ഈ ബില്ലിൽ പറയുന്നുണ്ട്. കേരളത്തിൽ പുതിയ ടാക്സ് നിർദേശങ്ങളില്ലാതെ ഇൻസെന്റീവുകൾ കൊടുത്ത് എങ്ങനെയാണ് ഈ സാമ്പത്തിക വർഷത്തെ ക്രമമെടുത്തുകയെന്നുള്ളതിന്റെ കൃത്യമായ ചിത്രം ഈ ധനകാര്യ ബില്ലിലുണ്ട്. ഈ സാമ്പത്തിക വർഷം നമ്മുടെ ബജറ്റിന്റെ സൈസ് എന്നുപറയുന്നത് 2,18,000 (രണ്ട് ലക്ഷത്തി പതിനെട്ടായിരം) കോടി രൂപയാണ്. നമ്മൾ പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം, സ്റ്റേറ്റ് ഓൺ ഫണ്ട് 1,70,000 കോടി രൂപയുമാണ്. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തികനില അതായത്, നമ്മുടെ ലയബിലിറ്റി 5 ലക്ഷം കോടി രൂപയാണ്. ഈ സന്ദർഭത്തിൽ കേരളത്തെ എങ്ങനെയാണ് ഭാവിയിലേക്ക് മുതൽക്കൂട്ടാവുന്ന രീതിയിൽ ഫൈനാൻസ് ഗൈഡൻസ് ഡോക്യുമെന്റ് എന്ന നിലയ്ക്ക് അവതരിപ്പിച്ച ബില്ലും ധനകാര്യ ബില്ലും നമ്മൾ ചർച്ച ചെയ്തത്. നമ്മൾ ദിവസങ്ങളായി അതിന്റെ വിശദാംശങ്ങളിലൊക്കെ പോയതാണ്. പണത്തെക്കുറിച്ചുള്ള ഒരു സൂത്രവാക്യം ' Money is a tool. Tool only for use of' എന്നാണ്. "ഇടപാടുകൾ നടത്താൻ മാത്രമുള്ള ഒരു ടൂളാണ് പണം " എന്നുള്ള പണത്തിന്റെ ഡെഫിനിഷൻ തന്നെയാണ് കേരളത്തിന്റെ ഈ ബജറ്റിനെ മുൻനിർത്തിയുള്ള ഇക്കണോമിക് ആക്ടിവിറ്റീസിനെ പരമാവധി ഫോക്കസ് ചെയ്യുകയെന്നുള്ളത്. അത്തരത്തിലുള്ള ഇക്കണോമിക് ആക്ടിവിറ്റീസ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള സ്കീമുകളാണ് ഈ ബജറ്റിലുള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. മിഷൻ സമുദ്ര, കേരള നോളേജ് വാലി, അടിസ്ഥാനവികസനം എന്നിവയുമൊക്കെ ഇക്കണോമിക് ആക്ടിവിറ്റിസ് കൂടുതൽ ചെയ്ത് ധനകമ്മി കുറയ്ക്കുകയും എങ്ങനെയാണ് ഈ ഗ്യാപ്പ് ഫിൽ ചെയ്യുകയെന്നുള്ളതാണ്. പ്രിയദർശിനി സൗജന്യ യാത്രാസ്കീമിൽ രണ്ടരക്കോടി രൂപയാണ് ഒരു ദിവസം ചെലവാക്കുന്നതെന്ന് ബഹുമാന്യനായ

*01-07-2026*
*Legislative Business (Contn...)*

ഗതാഗതവകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സൂചിപ്പിച്ചു. രണ്ടരക്കോടി രൂപ ദിവസവും ചെലവാക്കുമ്പോൾ 7 കോടി രൂപയുടെ ഒരു ആക്റ്റിവിറ്റി അതിലൂടെ നടക്കുന്നുവെന്നുള്ളത് ഇതിന്റെയൊരു ചെറിയ ഉദാഹരണമാണ്. ധാരാളം ക്ഷേമപദ്ധതികൾ നമ്മൾ നടത്തുന്നുണ്ട്. ഈ ക്ഷേമപദ്ധതികളെല്ലാം ഇക്കണോമിക് ആക്റ്റിവിറ്റീസുകൾ കൂടുതൽ കാര്യക്ഷമമാകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ്. ഇവയൊന്നും ഡെഡ് അസറ്റുകളാവാതെ ആ രീതിയിലുള്ള ബജറ്റ് പ്രഖ്യാപനവും ബജറ്റ് പ്രഖ്യാപനത്തിനുശേഷം വരുന്ന ധനകാര്യ ബില്ലും ഒരു ടോർച്ച് ബെയററായി ഈ കേരളത്തിന് വഴികാട്ടുകയാണ്. കേരളം എന്നുപറയുന്നത് മൂന്ന് കോടി അറുപത് ലക്ഷം ജനങ്ങളും മുപ്പത്തിയെട്ടായിരത്തി എണ്ണൂറ്റിഅറുപത്തിമൂന്ന് സ്ക്വയർ കിലോമീറ്ററുമാണ്. ഇതാണ് നമ്മുടെ വർക്കിങ് ഏരിയ. ആ പരിധിയിൽനിന്നുകൊണ്ട് പത്ത് വർഷം മുമ്പുണ്ടായിരുന്ന കടവും ഇന്നത്തെ കടത്തിനെക്കുറിച്ചുമൊക്കെ വിശദമായി ഈ സഭയിൽ സംസാരിച്ചതാണ്. കേരളത്തിന്റെ പോപ്പുലേഷൻ ഈ രീതിയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ, കേരളത്തിന്റെ അവസ്ഥ എന്താകുമെന്നുള്ള ഭീതിയാണ് പുതുയുഗ കേരളത്തിനെ സപ്പോർട്ട് ചെയ്ത്, കേരളത്തെ ഈ രീതിയിലുള്ള മാൻഡേറ്റ് നൽകി യു.ഡി.എഫ്.-നെ അധികാരത്തിലേക്ക് കൊണ്ടുവന്നിട്ടുള്ളത്. ആ ഏൽപ്പിച്ച മാൻഡേറ്റ്, ആ അധികാരം അതേ രീതിയിൽ ഫോളോ ചെയ്ത്, കേരളത്തിലേക്ക് യഥാർത്ഥത്തിൽ കൊണ്ടുവരേണ്ട മോഡൽ എന്നുപറയുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ ഇക്കണോമിക് ആക്റ്റിവിറ്റീസ് gearup ചെയ്ത് അതിൽനിന്ന് കേരളത്തിന് പരമാവധി ഓൺ ഫണ്ടുണ്ടാക്കുകയെന്നുള്ളതാണ്. അങ്ങനെ ഓൺ ഫണ്ടുണ്ടാക്കുമ്പോൾ കേന്ദ്രത്തിൽനിന്നുള്ള ഗ്രാന്റുകൾ കുറയുമ്പോൾ, കേന്ദ്രത്തിന്റെ ഫിനാഷ്യൽ സപ്പോർട്ട് കുറയുന്ന സമയത്ത് എങ്ങനെയാണ് ഈ സംസ്ഥാനത്തെ സ്ട്രെങ്ത്തൻ ചെയ്യുകയെന്നുള്ളത് ഒരു ഡോക്യുമെന്റായി ഈ ബജറ്റ് മാറിയത്. ഈ ബജറ്റ് ആ രീതിയിൽത്തന്നെ ചർച്ച ചെയ്തു. സാമ്പത്തിക അച്ചടക്കം നിലനിർത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ് മീഡിയകളെല്ലാം പറഞ്ഞത്. ആ സാമ്പത്തിക അച്ചടക്കത്തിൽനിന്നുകൊണ്ട്, നമ്മുടെ സ്റ്റേക്ക്ഹോൾഡേഴ്സിനെ, നമ്മുടെ ജനതയെ, നമ്മുടെ മണ്ണിനെ, നമ്മുടെ പരിസ്ഥിതിയെ ഏത് രീതിയിലാണ്

ഡെവലപ്മെന്റാക്കി 1.18 ശതമാനം മാത്രം ഭൂവിസ്തൃതിയുള്ള ഒരു സ്റ്റേറ്റിനെ ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച സ്റ്റേറ്റാക്കി മാറ്റാൻ സാധിക്കുന്ന ഒരു റോഡ് മാപ്പായി ഈ ബജറ്റിനെ നമ്മൾ വിശേഷിപ്പിക്കുന്നുണ്ട്. ഈ ബജറ്റിൽ പറയുന്ന സ്കീമുകളിലേക്ക് കടന്നാൽ ആ സ്കീമെല്ലാം ഒരു യാഥാർഥ്യബോധ്യത്തിൽനിന്നുള്ളവയാണ്. 20,500 കോടി രൂപ ഗ്രാന്റിൽ കുറവ് വന്നപ്പോൾ 35,000 കോടി രൂപയുടെ പദ്ധതി എങ്ങനെയാണ് പരിമിതപ്പെട്ട് പോവുക എന്നുള്ളതിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദുർബല വിഭാഗമായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ അടക്കമുള്ള ആളുകൾക്ക് അതിനെ കോമ്പൻസേറ്റ് ചെയ്യുന്ന തരത്തിലുള്ള ഒരു വലിയ ഇക്കണോമിക്കൽ റിഫോംസ് കൂടി ബജറ്റിലുണ്ട്. ഈ ബജറ്റിന്റെ മറ്റൊരു പ്രത്യേകത, നമ്മൾ കൈകാര്യം ചെയ്യുന്ന സാമ്പത്തികഘടകങ്ങൾക്കൊപ്പം തന്നെ സോഷ്യൽ ഫാബ്രിക്കിനെ ഒന്നുകൂടി സ്ട്രെങ്ത്തൻ ചെയ്യാനുണ്ട്. അതിൽ ഏറ്റവും സന്തോഷം പ്രദാനം ചെയ്യുന്നത് "മമ്പുറം" പാക്കേജാണ്. മമ്പുറം പാക്കേജിന്റെ ഏറ്റവും വലിയ പ്രത്യേകത നമുക്കൊക്കെ അഭിമാനിക്കാവുന്ന മമ്പുറം തങ്ങളും കോഞ്ഞുനായരും കളിയാട്ടക്കാവ് ക്ഷേത്രവും അടക്കമുള്ള ഒരു കോറിഡോർ വികസിപ്പിക്കുന്നു എന്നതാണ്. ഞങ്ങളുടെ മേഖലയിലുള്ള വള്ളിക്കുന്ന്, വേങ്ങര, തിരൂരങ്ങാടി നിയോജകമണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന ഒരു കോറിഡോറിനെ കേരളത്തിന്റെ ചരിത്രത്തിലെ മതപണ്ഡിതനും ആ മതപണ്ഡിതന്റെ ഏറ്റവും അടുത്ത സുഹൃത്തായ കോഞ്ഞുനായരും പണിതുവച്ച ഒരു സമുദായ സൗഹാർദത്തിന്റെ, ആ ചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലായി ഈ ബജറ്റിൽ പ്രഖ്യാപിച്ച കോറിഡോർ മാറുമ്പോൾ അത് ഇന്ത്യയ്ക്കുതന്നെ മാതൃകയാക്കാവുന്ന സാമുദായിക സൗഹാർദത്തെയുംകൂടി ഈ ബജറ്റ് ചേർത്തുവയ്ക്കുന്നുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ ജനപ്രതിനിധി എന്ന നിലയ്ക്ക് ഞാൻ ബജറ്റ് ചർച്ചയിൽ അഭ്യർഥിച്ചപോലെ എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമായിരുന്നു അവിടെയുള്ള ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി. പത്ത് വർഷമായി കരുതിക്കൂട്ടി ഒന്നും ചെയ്യാതിരുന്ന ഒരു പദ്ധതിയെ ജനങ്ങൾ ഒരുമിച്ച് ഏൽപ്പിച്ച് ഇങ്ങോട്ട് പറഞ്ഞയച്ചപ്പോൾ ഈ യു.ഡി.എഫ്. ഗവൺമെന്റ് ആ പദ്ധതിയിലേക്ക് കടന്നുവെന്നുള്ളതും നന്ദിയോടുകൂടി ഓർത്തുകൊണ്ട് 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

*01-07-2026*
*Legislative Business (Contn...)*

മി. സ്പീക്കർ: ശ്രീ. കെ. രാജൻ (Not in the seat)

ശ്രീ. വർഗ്ഗീസ് മാമ്മൻ: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. സാമ്പത്തികമായി തകർന്നടിഞ്ഞൊരു സംസ്ഥാനത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് പ്രതീക്ഷ നൽകുന്നതാണ് ഈ സർക്കാർ. തകരാത്ത പ്രതീക്ഷയും പതറാത്ത ആത്മവിശ്വാസവുമാണ് ഈ സർക്കാരിന്റെ കൈമുതൽ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റ് ഒരു വിസ്മയമാണ്. ഒട്ടനവധി ക്ഷേമവികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ പോകുന്ന ഈ സർക്കാർ ഒരു രൂപപോലും ജനങ്ങളുടെമേൽ അധിക നികുതി അടിച്ചേൽപ്പിച്ചിട്ടില്ലെന്നത് തന്നെ വിസ്മയമാണ്. ഈ നാട് ആഗ്രഹിക്കുന്ന സാമൂഹിക തിൻമകൾക്കെതിരെയുള്ള പോരാട്ടത്തിലാണ് ഈ സർക്കാർ. രാഷ്ട്രീയ ഭേദമന്യേ നമ്മുടെ സംസ്ഥാനത്തും രാജ്യത്തും ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയം നമ്മുടെ ആഭ്യന്തര വകുപ്പ് നടപ്പിലാക്കുന്ന 'ഓപ്പറേഷൻ ത്രൂഫാൻ' പദ്ധതിയാണ്. നമ്മുടെ ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെയും വരുംതലമുറയോടുള്ള പ്രതിബദ്ധതയുടെയും പ്രതീകമായാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയെതന്ന് ഞാൻ വിശ്വസിക്കുന്നു. ഒരു സുപ്രഭാതത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മനസ്സിൽ വന്ന ആശയമായി ഇതിനെ ഞങ്ങൾ കാണുന്നില്ല. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി കേരളത്തിലുടനീളം മദ്യ-മയക്കുമരുന്ന് മാഫിയ വളർന്ന് പന്തലിച്ചപ്പോൾ 'പ്രൗഡ് കേരള' എന്ന സംഘടനയുടെ പേരിൽ നടന്ന കേരളത്തിലുടനീളം നടന്ന ' സേ നോ ടു ഡ്രഗ്സ് ക്യാമ്പയിനുമായി ബന്ധപ്പെട്ട് നടന്ന വാക്കത്തോൺ ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ മുഖ്യമന്ത്രിയും ഉൾപ്പെടെ പങ്കെടുത്ത ജനകീയ മുന്നേറ്റമായിരുന്നു. അതിന്റെ അനന്തരഫലമായി ഓപ്പറേഷൻ ത്രൂഫാനെ ഞങ്ങൾ കാണുകയാണ്. ഈ സഭയിൽ ഉന്നയിച്ചവയിൽ ഏറ്റവുമധികം സബ്മിഷനുകളും ചോദ്യങ്ങളും ജലവിഭവ വകുപ്പിനെക്കുറിച്ചായിരുന്നു. അതിന് കാരണമുണ്ട്. നാഥൻ ഇല്ലാതിരുന്ന ജലവിഭവ വകുപ്പിന് ഇന്ന് നാഥനായിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി മോൻസ് ജോസഫ് ഇക്കാര്യത്തിൽ എടുക്കുന്ന ക്രിയാത്മകമായ നിലപാടുകൾ ഉദ്യോഗസ്ഥരും എം.എൽ.എ.-മാരുമായി നടക്കുന്ന ചർച്ചകൾ വലിയ പ്രതീക്ഷയാണ്

*01-07-2026*
*Legislative Business (Contn...)*

ഉയർത്തിയിരിക്കുന്നത്. വിദ്യാഭ്യാസം-ആരോഗ്യ രംഗങ്ങളിൽ ശക്തിമത്തായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. നമ്മുടെ കുട്ടികൾ വിദേശത്ത് കുടിയേറുന്നത് അവസാനിപ്പിച്ചുകൊണ്ട് ഈ നാട്ടിൽ തന്നെ അവർക്ക് വിദ്യാഭ്യാസവും തൊഴിലും നൽകുന്നതിനുള്ള പുതിയ പാഠ്യപദ്ധതികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ അവതരിപ്പിച്ച വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളും കേരളം പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. ആരോഗ്യരംഗത്ത് കരുത്തുറ്റ നേതൃത്വമാണ് ഇന്ന് സംസ്ഥാനത്തിനുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. മുരളീധരനിൽ ജനങ്ങൾക്ക് വലിയ വിശ്വാസമാണ്. ഇതിലുപരി അദ്ദേഹം ദേവസ്വം വകുപ്പിന്റെകൂടി മന്ത്രിയാണ്. എന്റെ ജില്ലയിൽപ്പെടുന്ന ശബരിമലയിൽ നടന്ന യുവതി പ്രവേശനവും തുടർന്നുനടന്ന സ്വർണ്ണക്കവർച്ചയും വിശ്വാസികളുടെ മനസ്സിനെ മുറിവേൽപ്പിച്ചിരുന്നു. പക്ഷെ തികഞ്ഞ അയ്യപ്പഭക്തനായ ദേവസ്വം വകുപ്പുമന്ത്രിയുടെ നിലപാടുകൾ വിശ്വാസികളുടെ വിശ്വാസം വീണ്ടെടുത്തിയിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പായി കെ.എസ്.ആർ.ടി.സി. ഇന്ന് മാറുകയാണ്. സ്ത്രീകൾക്ക് സൗജന്യയാത്ര, സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നിട്ടും കെ.എസ്.ആർ.ടി.സി.-യെ പിടിച്ചുനിർത്തുന്ന സർക്കാരിനെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. ഇവിടെ രാഷ്ട്രീയ ഭേദമന്യേ എല്ലാ എം.എൽ.എ.-മാരും ഉന്നയിച്ചതാണ് പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ പ്രവൃത്തികളും ഇന്നുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയും. ഇന്നലെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ കരാറുകാർക്ക് വിലവ്യതിയാനം നൽകുന്നതിനുള്ള കാബിനറ്റ് തീരുമാനം അദ്ദേഹം അറിയിച്ചു. അതിനെ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നതിനോടൊപ്പം സംസ്ഥാനത്തെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർഥിക്കുകയാണ്. വന്യജീവികളുടെ ആക്രമണം ഭയന്നുകഴിയുന്ന മലയോര മക്കൾക്ക് ഈ സർക്കാർ രക്ഷകരാണ്. വനം-വന്യജീവി നിയമത്തിൽ കാലികമായ മാറ്റം അനിവാര്യമാണ്. മലയോര മക്കൾക്ക് ആത്മവിശ്വാസം പകരുവാൻ ഈ സർക്കാർ പുതിയ പദ്ധതികളുമായി മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കാർഷികരംഗം

ഇന്നാകെ നിരാശയിലാണ്. കേരളത്തിന്റെ നെല്ലറയായ കുട്ടനാടും, അപ്പർ കുട്ടനാടും മേഖലയിലെ കർഷക മക്കളെ ചേർത്തുപിടിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബന്ധമാണ്. കാർഷികരംഗത്ത് യുവാക്കളെ കൂടുതൽ ആകർഷിക്കുന്നതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഇന്നലത്തെ പ്രസംഗത്തിൽ നടത്തിയ പ്രഖ്യാപനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്റെ നിയോജകമണ്ഡലമായ തിരുവല്ല കഴിഞ്ഞ രണ്ട് ദശാബ്ദക്കാലമായി വികസന മുരടിപ്പിലായിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടെയാണ് ഈ സർക്കാരിനെ കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളുടെ നിയോജകമണ്ഡലത്തിന് അനുവദിച്ച വികസന പദ്ധതികളൊക്കെ പൂർത്തീകരിക്കാനാവശ്യമായ തുക അനുവദിക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുകയാണ്. നിലവിൽ പ്രധാനമായും നികുതികളാണ് ധനബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഈ നികുതി സഭയിൽ അവതരിപ്പിക്കുമ്പോൾ സർക്കാർ തീരുമാനം എടുത്തിട്ടില്ലെന്നുള്ള ഒരു മുൻകൂർ ജാമ്യംകൂടി എടുത്തുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സാധാരണഗതിയിൽ നിയമസഭയ്ക്കാണ് ഏറ്റവും ആത്യന്തികമായി ജനാധിപത്യത്തിൽ പരമാധികാരമുള്ളത്. നിയമനിർമ്മാണസഭ തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പാക്കുകയാണ് എക്സിക്യൂട്ടീവിന്റെ ജോലി. ലെജിസ്ലേച്ചർ എടുക്കുന്ന ഏതൊക്കെ തീരുമാനം നടപ്പിലാക്കണം നടപ്പിലാക്കണ്ട എന്നുള്ളതും ഏത് തീയതി മുതൽ നടപ്പിലാക്കണം എന്നുള്ളതും എക്സിക്യൂട്ടീവ് തീരുമാനിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതുതന്നെ ഒരു അഴിമതിക്കുള്ള തുടക്കമല്ലേ? കാരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് "സിൽവർ ലൈൻ വരും" കേട്ടോ എന്നാണ് കേട്ടിരുന്നതെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് “ Becardi” വരും കേട്ടോ! എന്നാണ് കേൾക്കുന്നത്. ഇത് രണ്ടും സമാനമായിട്ടുള്ള കാര്യങ്ങളാണ്. ഇവിടെ നടന്ന ചർച്ചയും അതുമായി ബന്ധപ്പെട്ട തർക്കങ്ങളും സൂചിപ്പിക്കുന്നത് അതാണ്. കാരണം, നിയമനിർമ്മാണ സഭയുടെ അധികാരങ്ങൾ സർക്കാർ കൈയടക്കിവയ്ക്കുന്നത് ഭരണഘടനാ തത്വങ്ങളുടെ നഗ്നമായിട്ടുള്ള

ലംഘനമാണ്. നാഴികയ്ക്ക് 40 വട്ടം ഭരണഘടനാതത്വങ്ങൾ ഉയർത്തിപിടിക്കുന്നവരാണ് യു.ഡി.എഫ്.-ന്റെ നേതാക്കൻമാർ. പക്ഷെ ഇവിടെ നഗ്നമായിട്ടുള്ള ലംഘനമാണ് നടക്കുന്നത്. ഇത് ആരെ സന്തോഷിപ്പിക്കാനാണ്; എന്തായിരുന്നു ഇത്രയും തിടുക്കം; എല്ലാ ചർച്ചയും കഴിഞ്ഞശേഷം നികുതി ചുമത്തിയാൽ പോരായിരുന്നോ? ഭരണഘടന തത്വങ്ങളുടെ നഗ്നമായ ലംഘനം നടത്തിക്കൊണ്ട് നികുതി അടിച്ചേൽപ്പിക്കുന്ന നിയമനിർമ്മാണത്തെ ഞാൻ എതിർക്കുകയാണ്. ഈ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വിഷ്ണു മോഹൻ</u>: സർ, 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള നിയമസഭയിലെ പ്രതിപക്ഷവും ബി.ജെ.പി.-യും " Becardi" -യുടെ പിന്നാലെ ഇങ്ങനെ ചുറ്റുകയാണ്. എന്താണ് അതിന്റെ പിന്നിലെ രഹസ്യമെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ബജറ്റിനെ തുടർന്നാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധനകാര്യ ബിൽ സഭയിൽ അവതരിപ്പിച്ചത്. സഭയിൽ പലപ്പോഴും ചർച്ച ചെയ്യപ്പെട്ട ഈ സാമ്പത്തിക വർഷത്തിന്റെ പ്രത്യേകത എന്താണ്? ജി.എസ്.ടി. ഇംപ്ലിമെന്റ് ചെയ്തതിനുശേഷം കേന്ദ്ര സർക്കാരിന്റെ നഷ്ടപരിഹാരത്തുക ലഭിക്കാത്ത ഒരു സാമ്പത്തിക വർഷത്തിലാണ് നമ്മൾ ഈ ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. നഷ്ടപരിഹാരത്തുക ലഭിക്കില്ലായെന്ന് മുൻകൂട്ടി അറിയാമായിരുന്നിട്ടും അതിന് ബദലായിട്ടുള്ള സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുവാനുള്ള ഒരു സംവിധാനവും കഴിഞ്ഞ ഗവൺമെന്റ് ചെയ്യാതെ വന്നതിന്റെ സാമ്പത്തിക ബാധ്യതയും ഭാരവും ഈ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ബജറ്റുകളും തുടർന്നുള്ള ധനവിനിയോഗ ബില്ലുകളുമടക്കമുള്ള കാര്യങ്ങൾ ഒരു ഗവൺമെന്റിന് എങ്ങനെ ഫിനാൻഷ്യൽ മിസ് മാനേജ്മെന്റ് നടത്താമെന്നുള്ളതിന് ഉദാഹരണമായിരുന്നു. ഒരു ഗവൺമെന്റ് നിഷ്ക്രിയമായും ഉദാസീനമായും അലക്ഷ്യമായും അശ്രദ്ധമായും ഒരു ഫിനാൻഷ്യൽ മാനേജ്മെന്റ് എങ്ങനെ നടത്തി എന്നുള്ളതിന് ഉദാഹരണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ നിയമസഭയിൽ അവതരിപ്പിച്ച ധവളപത്രത്തിന്റെയും ബജറ്റിന്റെയും ധനകാര്യ ബില്ലിന്റെയും വെളിച്ചത്തിൽ കേരളത്തിലെ

പൊതുസമൂഹത്തിന് അക്കാര്യം വ്യക്തമാകുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് ഒരു ഫിനാൻഷ്യൽ ക്രൈം ആണ് കേരളത്തോട് ചെയ്തതെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എന്തൊക്കെയാണ് ആ ഫിനാൻഷ്യൽ ക്രൈം എന്ന് വ്യക്തമാക്കുന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച വൈറ്റ് പേപ്പറും ബജറ്റും തുടർന്ന് അവതരിപ്പിക്കുന്ന ധനകാര്യബില്ലും ധനവിനിയോഗ ബില്ലും. മുൻ സർക്കാർ നികുതി പിരിവ് കാര്യക്ഷമമാക്കുകയോ, പ്രതീക്ഷിത വരുമാനം പിരിച്ചെടുക്കുകയോ ചെയ്തിരുന്നില്ല. കൊച്ചി മെട്രോ അടക്കമുള്ള ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് ലഭിക്കുമായിരുന്ന തുക കടമെടുക്കാതെ കൂടുതൽ പലിശ നൽകി കടമെടുത്ത ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. കൂടാതെ കഴിഞ്ഞ ഗവൺമെന്റ് നികുതി ചോർച്ച തടഞ്ഞിരുന്നില്ല. ഫിനാൻഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങളും അവരുടെ അന്വേഷണങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനവും കൃത്യമായി നടത്താത്തതിന്റെ ഫലമായി കേരളത്തിന്റെ വികസനത്തിന് നിശ്ചലാവസ്ഥ സൃഷ്ടിച്ച ഒരു ഗവൺമെന്റായിരുന്നു കേരളം ഭരിച്ചിരുന്നത്. കേരളത്തോട് കഴിഞ്ഞ സർക്കാർ നടത്തിയത് ഫിനാൻഷ്യൽ ക്രൈം ആണെന്ന് ഞാൻ പറയാൻ കാരണം, ഇന്ന് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോകുമ്പോൾ മുൻ ധനകാര്യ വകുപ്പുമന്ത്രി ഉപയോഗിച്ച പ്രയോഗമാണ് ' The bargaining power' എന്നത്. കഴിഞ്ഞ സർക്കാർ നിയമസഭയിലെ അവരുടെ ഭൂരിപക്ഷം ഉപയോഗിച്ച് നിയമനിർമ്മാണം നടത്തിയ നിയമങ്ങൾ എക്സിക്യൂട്ടീവ്/മന്ത്രിസഭ അങ്ങനെ ഏതെങ്കിലും തരത്തിൽ Bargaining power നടത്തിയിട്ടുണ്ടോയെന്ന് അന്വേഷിക്കണ്ടേ? കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ മിസ് മാനേജ്മെന്റിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ നിയമസഭയ്ക്ക് അധികാരമുണ്ട്. നിയമസഭയുടെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിക്ക് ഇതെല്ലാം അന്വേഷിക്കാനുള്ള അവസരവും സാഹചര്യവുമുണ്ട്. ഇതുമാത്രമല്ല, ഇന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ എക്സസീവ് പവറിന്റെ bargaining capacity-യെക്കുറിച്ചുകൂടി അന്വേഷിച്ചാൽ കഴിഞ്ഞ സർക്കാരിന്റെ ഓരോ അഴിമതികളും വെളിച്ചത്താകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ഗവൺമെന്റ്, അവർ ഇരുന്ന സീറ്റുകളിൽ വച്ചിട്ടുപോയ വടി എടുത്തിട്ടാണ് ഇന്ന് ഭരണപക്ഷം

പ്രതിപക്ഷത്തിന് അടികൊടുക്കുന്നത്. ഇന്ന് പ്രതിപക്ഷം സഭ ബഹിഷ്കരിക്കാൻ ഒരു കാരണവുമില്ല. കഴിഞ്ഞ ദിവസം ഒരു ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ചർച്ചയിൽ ഇടപെട്ട് ധനകാര്യ ബിൽ പാസ്സാക്കുന്നതിന്റെ അല്ലെങ്കിൽ അതിനുതൊട്ടുമുമ്പ് ഒരഭിപ്രായം പറഞ്ഞതിന്റെ പേരിൽ, പ്രതിപക്ഷത്തിന് തിരിച്ചൊന്നും പറയാനില്ല, ഇന്നത്തെ ചർച്ചയിൽ പത്ത് മിനിട്ട് സംസാരിക്കാൻ ഒന്നുമില്ലാത്തതുകൊണ്ടുകൂടിത്തന്നെയായിരിക്കും അവർ ഇന്ന് സഭ ബഹിഷ്കരിച്ച് പോയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്നത്തെ പ്രതിപക്ഷം ഭരണപക്ഷത്തിരുന്നപ്പോൾ വച്ചിട്ടുപോയ വടിയാണ് ഇപ്പോൾ അവരെ തിരിച്ചടിക്കുന്നതെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ടും ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും നിർത്തുന്നു.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ പൂർണ്ണമായി അനുകൂലിക്കുന്നു. എല്ലാവിഭാഗം ജനങ്ങളെയും യോജിപ്പിച്ചുകൊണ്ട് ഐക്യത്തോടെ, സ്നേഹത്തോടെ, സഹാനുഭൂതിയുള്ള ഒരുഭരണം വഴി 'പുതുയുഗ വികസന കേരളം' സൃഷ്ടിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ സൂചിപ്പിച്ചത്. തീർച്ചയായും അതിനുപകരിക്കുന്ന ഒരു ബജറ്റിനെയും അതിനെ അടിസ്ഥാനമാക്കിയുള്ള ധനകാര്യ ബില്ലിനെയും പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. ഇതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിൽ ഒരു ഏവിയേഷൻ ഹബ്ബും ലോജിസ്റ്റിക്സ് ഹബ്ബും സ്ഥാപിക്കുമെന്ന് പറയുകയും അതിനുവേണ്ടി 200 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് ഒരഭ്യർഥനയുണ്ട്. കണ്ണൂരിൽ വിമാനത്താവളമുണ്ടെങ്കിലും ഇപ്പോഴും വേണ്ടത്ര വിമാനങ്ങൾ അവിടെ സർവീസ് നടത്തുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ വിമാനത്താവളത്തിന് Point of call പദവി ലഭ്യമാക്കുന്നതിന് ശ്രമിച്ചെങ്കിലും നാളിതുവരെ ആ പദവി ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ബി.ജെ.പി. ഗവൺമെന്റ് രാഷ്ട്രീയമായി കേരളത്തെ അവഗണിക്കുകയാണ് ചെയ്തത്. ഞാൻ അങ്ങനെ പറയാൻ കാരണം, കണ്ണൂർ വിമാനത്താവളത്തിനേക്കാൾ മോശമായ പല വിമാനത്താവളങ്ങൾക്കും point of call പദവി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എല്ലാ പാർട്ടിയിലെയും ചുമതലപ്പെട്ടവർ കേന്ദ്ര

സർക്കാരിനെ സമീപിച്ചിട്ടും യാതൊരു പ്രയോജനവുമുണ്ടായില്ല. നിലവിൽ ബി.ജെ.പി.-യുടെ മൂന്ന് എം.എൽ.എ.-മാർ ഈ സഭയിലുണ്ട്. തീർച്ചയായും അവർ ഇതിനുവേണ്ടി മുൻകൈയെടുക്കണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്. അതോടൊപ്പം ഈ ഘട്ടത്തിൽ ടി പദവി നേടിയെടുത്താൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു പൊൻതൂവൽ ലഭിക്കുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. കണ്ണൂർ വിമാനത്താവളത്തിൽ വൻ അഴിമതിയാണ് പല കാര്യത്തിലും നടക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് ഇറങ്ങുന്നതിന് തൊട്ടുമുമ്പാണ് ടി വിമാനത്താവളത്തിന്റെ എം.ഡി.-ക്ക് മൂന്നുവർഷത്തേക്കുകൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയത്. ടി എം.ഡി.-യെക്കുറിച്ച് പല രീതിയിലുള്ള ആക്ഷേപങ്ങൾ വിവിധ ഘട്ടങ്ങളിലും പല ഉത്തരവാദിത്വപ്പെട്ട വേദികളിലും ചർച്ച ചെയ്തിട്ടുള്ളതാണ്. ടിയാനെ യാതൊരു വിധത്തിലും അവിടെ തുടരാൻ അനുവദിക്കരുതായിരുന്നു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് പോകുന്ന പോക്കിൽ കാലാവധി നീട്ടി നൽകുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങനെ അന്വേഷിക്കുകയാണെങ്കിൽ എനിക്ക് ധാരാളം കാര്യങ്ങൾ അന്വേഷണ ഉദ്യോഗസ്ഥരുടെ മുന്നിൽ പറയാനുണ്ട്.

മറ്റൊരു കാര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. 2150 കോടി രൂപ പഞ്ചായത്തുകൾക്ക് നൽകാനുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എനിക്കതുമായി ബന്ധപ്പെട്ട് ഒരനുഭവമുണ്ടായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്തുകൾ പലതരത്തിലുള്ള പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിരുന്നത്. ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്ന ഘട്ടത്തിൽ ഒരുപഞ്ചായത്തിന്റെ കാര്യം ഈ സഭയിൽ ഉന്നയിച്ചത് ഞാൻ ഓർക്കുകയാണ്. അത് എന്റെ പഞ്ചായത്തായ മലപ്പട്ടം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചായിരുന്നു. ടി പഞ്ചായത്തിലെ ഒരു ജീവനക്കാരന് രണ്ടുമൂന്ന് മാസങ്ങളായി ശമ്പളം ലഭിക്കാത്തതുകൊണ്ട് വാർക്കപ്പണിക്ക് പോകുന്ന ഒരു ചിത്രം പത്രങ്ങളിലും ടി.വി.-ലുമൊക്കെ വരികയുണ്ടായി. അതായത്, ശമ്പളം നൽകാൻപോലും

*01-07-2026*
*Legislative Business (Contn...)*

പഞ്ചായത്തുകൾക്ക് ഗ്യാപ് ഫണ്ട് അനുവദിച്ചിരുന്നില്ല. തന്മൂലം ശമ്പളം മുടങ്ങിയൊരവസ്ഥ കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്.

ആരോഗ്യമേഖല വളരെ ഗുരുതരമായ പ്രതിസന്ധികൾ നേരിടുകയാണ്. അതിനുള്ള പരിഹാരം കാണുന്നതിനുള്ള ശ്രമത്തിലാണ് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി. പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച ഒരുകാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പരിയാരം മെഡിക്കൽ കോളേജ് കേരളത്തിലെ പ്രസിദ്ധമായ മെഡിക്കൽ കോളേജായിരുന്നു. മുൻ മന്ത്രിയായിരുന്ന എം. വി. രാഘവൻ ആരംഭിച്ച മെഡിക്കൽ കോളേജ് വളരെ നല്ല നിലയിൽ പ്രവർത്തിച്ച് വരികയായിരുന്നു. എന്നാൽ ഇന്നത് വളരെ ശോച്യാവസ്ഥയിലാണുള്ളത്. അതുകൊണ്ട് ആ മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ടി വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തപ്പോൾ അത് പരിശോധിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അക്കാര്യം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മറ്റൊരുകാര്യം സഹകരണ മേഖലയെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. പ്രസ്തുത വിഷയം വളരെ ഗൗരവമായി സർക്കാർ കാണേണ്ടതുണ്ട്. സഹകരണ മേഖലയെ അഴിമതിക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. അതിനൊരു ഉദാഹരണം മാത്രം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പ് ഘട്ടത്തിൽ തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ സഹകരണ ബാങ്കുകളെ ഉപയോഗിച്ചുകൊണ്ട് പരസ്യങ്ങൾ നടത്തിയിരുന്നു. സഹകരണ ബാങ്കിന്റെ പണം ഉപയോഗിച്ചുകൊണ്ട് എനിക്കെതിരെ മത്സരിച്ച സ്ഥാനാർഥിയെക്കുറിച്ച് മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയ മാധ്യമങ്ങളിൽ ഫുൾ പേജ് പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഞങ്ങൾ ഇക്കാര്യം സംബന്ധിച്ച് ഇലക്ഷൻ കമ്മീഷനിൽ പരാതിപ്പെട്ടിരുന്നെങ്കിലും നാളിതുവരെ അതുസംബന്ധിച്ച് യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ് എനിക്ക് ഗവൺമെന്റിനോടും സഹകരണ-എക്സൈസ് വകുപ്പുമന്ത്രിയോടും അഭ്യർഥിക്കാനുള്ളത്.

കാരണം സഹകരണ ബാങ്കുകളുടെ ഫണ്ട് എന്നുപറയുന്നത് പൊതുഫണ്ടാണ്. അത് ഏതെങ്കിലും കക്ഷിക്കുവേണ്ടി മാത്രം ഉപയോഗിക്കാനുള്ളതല്ല. അത് അഴിമതിയാണ്, ആ അഴിമതി അവിടെ നടന്നിട്ടുണ്ട്. അതുകൊണ്ട് ടി വിഷയം അന്വേഷിക്കണമെന്നാണ് പറയാനുള്ളത്.

വയോജന മേഖലയെ സംബന്ധിച്ചുള്ളതാണ് മറ്റൊരു വിഷയം. ഈ സർക്കാർ വയോജന വകുപ്പ് രൂപീകരിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു വയോജന കമ്മിഷൻ രൂപീകരിച്ചിരുന്നെങ്കിലും ആ കമ്മിഷന് ഒരു ഓഫീസോ അത് പ്രവർത്തിപ്പിക്കുന്നതിന് സൗകര്യമോ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നൊരു വയോജന വകുപ്പ് രൂപീകരിക്കാനും പ്രസ്തുത വകുപ്പിന് 10 കോടി രൂപ വകയിരുത്തുന്നതിനും ഈ ഗവൺമെന്റ് കാണിച്ച താൽപര്യം തീർച്ചയായും അഭിനന്ദനാർഹമാണ്. അതുകൊണ്ട് ഈ ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. അതോടൊപ്പം മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത് പ്രവാസികളെ സംബന്ധിച്ചാണ്. അവരുടെ നിക്ഷേപം മാത്രമല്ല, അവർക്ക് ഇവിടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാനുള്ള അവസരമൊരുക്കേണ്ടതുണ്ട്. അവരുടെ പണം കേരളത്തിൽ മുടക്കി ഇവിടെ തൊഴിൽ സാധ്യതയുണ്ടാക്കിയെടുക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും അതിനാവശ്യമായ സഹായങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാവുകയും വേണം. അങ്ങനെയാണെങ്കിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുകയും അതുവഴി ഗവൺമെന്റിന്റെ നികുതി വരുമാനം വർധിക്കുകയും ചെയ്യും. മറ്റുകാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ ധനകാര്യ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സംസ്ഥാനത്തിന്റെ ധനകാര്യ അച്ചടക്കം ശക്തിപ്പെടുത്തുന്നതിനും നികുതി സംവിധാനം കൂടുതൽ ആധുനികവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായുള്ള ഈ ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. സുപ്രധാനമായ ഈ ബില്ലിന്റെ ചർച്ചാവേളയിൽ യാതൊരു നീതീകരണവുമില്ലാത്ത കാരണങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷം തികച്ചും നിരുത്തരവാദപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ഏതാനും

ദിവസങ്ങളിലായി സർക്കാരിനെതിരെ ഗൗരവമായ ഒരു വിഷയവും ഉന്നയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തികച്ചും അവാസ്തവവും ജനങ്ങൾക്ക് ബോധ്യപ്പെടുത്താൻ സാധിക്കാത്തതുമായ നിരവധി പ്രശ്നങ്ങൾ വളരെ ബാലിശമെന്നോണം ചൂണ്ടിക്കാണിച്ച് സഭാ നടപടികളിൽനിന്ന് വിട്ടുനിൽക്കുന്ന പ്രതിപക്ഷാംഗങ്ങളുടെ നിലപാട് പവിത്രമായ ഈ നിയമസഭയ്ക്ക് ഒട്ടും ഭൂഷണമല്ലെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ജനദ്രോഹ നടപടികളിൽ ഗവേഷണം നടത്തിയ സർക്കാരാണ് ഇടതുപക്ഷ സർക്കാർ. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന ഇടതുപക്ഷ അംഗങ്ങൾ യു.ഡി.എഫ്. സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾ കണ്ട് അമ്പരന്ന് നിൽക്കുന്ന ഒരു കാഴ്ചയാണ് കാണാൻ കഴിയുന്നത്. ജനങ്ങൾക്ക് സർക്കാരിനെതിരെ വിമർശിക്കാനൊന്നുമില്ലെന്ന് മാത്രമല്ല സർക്കാരിന്റെ ജനക്ഷേമ പദ്ധതികളെ ഇരുകൈയും നീട്ടി സ്വീകരിച്ചുകൊണ്ട് അവർ അതിനെ വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. ഇതിനോട് ജനാധിപത്യപരമായ രീതിയിൽ പ്രതികരിക്കാനോ നിയമനിർമ്മാണവേളയിൽ ന്യായമായ കാര്യങ്ങൾ ഉയർത്തിക്കാട്ടി നിയമനിർമ്മാണ പ്രക്രിയ പൂർത്തീകരിക്കാനോ ഉള്ള യാതൊരു സഹകരണവുമില്ലാത്തത് തികച്ചും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും അവർ നേതൃത്വം നൽകുന്ന പ്രതിപക്ഷനിരയ്ക്കും അപമാനകരമാണെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

പുതിയ നികുതികൾ ചുമത്തുന്നതിനെക്കാൾ നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയും വ്യാപാര സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുകയും വർഷങ്ങളായി കെട്ടിക്കിടക്കുന്ന നികുതി തർക്കങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്നതിനുള്ള ഒരു സമഗ്ര പരിഷ്കരണ ബില്ലായാണ് ഈ ബില്ലിനെ കാണാൻ സാധിക്കുന്നത്. ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ ചെറുകിട നികുതി കുടിശ്ശിക ഒഴിവാക്കൽ സ്കീം, 2026 ആണ്. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്ന പൊതുവിൽപന നികുതി, മൂല്യവർധിത നികുതി, കേന്ദ്ര വിൽപന നികുതി, കാർഷികാദായ നികുതി, ആഡംബര നികുതി തുടങ്ങിയ നിയമങ്ങളുടെ കീഴിൽ നിരവധി കേസുകൾ ഇന്നും തീർപ്പാക്കാതെ നിലനിൽക്കുകയാണ്. ഇവയിൽ പലതും പത്തും പതിനഞ്ചും വർഷങ്ങൾക്ക് മുമ്പുള്ള കേസുകളാണ്. രേഖകൾ ലഭ്യമല്ല; സ്ഥാപനങ്ങൾ

അടച്ചുപൂട്ടി; ഉടമകൾ മാറി; പലരും വ്യാപാരംതന്നെ അവസാനിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ചെറിയ കുടിശ്ശികകൾ പിരിച്ചെടുക്കാൻ സർക്കാർ ചെലവഴിക്കുന്ന ഭരണച്ചെലവും മനുഷ്യവിഭവശേഷിയും പലപ്പോഴും ലഭിക്കുന്ന വരുമാനത്തെക്കാൾ കൂടുതലാണ്. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് സർക്കാർ വളരെ പ്രായോഗികമായ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. 2017-18 വരെയുള്ള നികുതിനിർണ്ണയ ഉത്തരവുകളിൽ അമ്പതിനായിരം മുതൽ രണ്ടുലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. ഇത് സർക്കാരിന്റെ കാര്യക്ഷമമായിട്ടുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഉദാഹരണമായി കാണാൻ സാധിക്കും. അതുപോലെ സമ്പദ്ഘടനയുടെ നട്ടെല്ലെന്ന് വിശേഷിപ്പിക്കപ്പെടുന്ന വ്യാപാര സമൂഹത്തെ ശിക്ഷിച്ചുകൊണ്ടല്ല, വിശ്വാസത്തിലെടുത്ത് അവരെ കൂടെനിർത്തി കേരളത്തിന്റെ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അതുകൊണ്ടുതന്നെ സർക്കാരിന്റെ സന്ദേശം വളരെ വ്യക്തമാണ്. പഴയ തർക്കങ്ങൾ അവസാനിപ്പിച്ച് ഒരു പുതിയ തുടക്കം കുറിക്കാമെന്നതാണ് സർക്കാരിന്റെ നയം. ഇത് ചെറുകിട വ്യാപാരികൾക്കും കുടുംബ വ്യവസായങ്ങൾക്കും ഗ്രാമങ്ങളുടെ നാഡീമിടിപ്പായി അറിയപ്പെടുന്ന സഹകരണമേഖലയിലെ സ്ഥാപനങ്ങൾക്കുമൊക്കെ വലിയ ആശ്വാസമാകും.

2018, 2019 വർഷങ്ങളിലെ മഹാപ്രളയവും കോവിഡ് മഹാമാരിമൂലമുള്ള പ്രതിസന്ധികളും നമുക്ക് മറക്കാൻ സാധിച്ചിട്ടില്ല. ഈ ഘട്ടത്തിലാണ് പ്രളയ സെസ് ഏർപ്പെടുത്തിയത്. അതൊരു നികുതി മാത്രമായിരുന്നില്ല, കേരളത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ജനങ്ങളുടെ ഒരു സംഭാവനയുമായിരുന്നു. ഇപ്പോൾ സെസ് അവസാനിപ്പിച്ചെങ്കിലും ചില കുടിശ്ശികകൾ നിലനിൽക്കുകയാണ്. ഈ കുടിശ്ശിക തുക മുഴുവനും അടയ്ക്കുന്നവർക്ക് പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്ന പദ്ധതി പ്രഖ്യാപിച്ചത് നീതിയുക്തമായ തീരുമാനമാണ്. ഇത് വ്യാപാരികൾക്ക് ആശ്വാസവും സർക്കാരിന് വരുമാനവും ഒരുപോലെ ഉറപ്പാക്കാൻ സാധിക്കും.

ജി.എസ്.ടി. നിയമഭേദഗതികളും അതുപോലെത്തന്നെയാണ്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം വ്യാപാര രംഗത്ത് നിരവധി പ്രായോഗിക പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

*01-07-2026*
*Legislative Business (Contn...)*

ഡിസ്കൗണ്ടുകൾ, ക്രെഡിറ്റ് നോട്ടുകൾ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, റീ-ഫണ്ട് തുടങ്ങിയ വിഷയങ്ങളിൽ വ്യക്തത ആവശ്യമായിരുന്നു. അത്തരം സംശയങ്ങൾ ദൂരീകരിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും നികുതി നിയമം കൂടുതൽ ലളിതമാക്കാനും അതിലൂടെ വ്യാപാരികൾക്കും നികുതി ഉദ്യോഗസ്ഥർക്കും ഒരുപോലെ ഗുണം ലഭിക്കാനുമുള്ള ഭേദഗതികളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മോട്ടോർ വാഹന നികുതി പരിഷ്കരണവും അതുപോലെത്തന്നെയാണ്. ഇലക്ട്രിക് വാഹനങ്ങളുടെ കാര്യത്തിൽ വില കുറഞ്ഞ വാഹനങ്ങൾക്ക്, അതായത് സാധാരണക്കാർ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് നികുതി വളരെ കുറവാണ്. കൂടുതൽ വിലയുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് ക്രമാനുഗതമായിട്ടുള്ള വർധനവ് വരുത്തിയിട്ടുണ്ട്. യാഥാർഥ്യവും യുക്തിസഹവുമായ പുനഃക്രമീകരണമാണ് ഈ രംഗത്ത് സർക്കാർ നടത്തിയിരിക്കുന്നത്. ഇതൊക്കെ വളരെ സ്വാഗതാർഹമാണ്.

മുദ്രപത്ര നിയമത്തിലെ ഭേദഗതി സംബന്ധിച്ച കാര്യത്തിൽ, മുദ്രവില അടച്ച രേഖകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ കൂടുതൽ വ്യക്തവും സുതാര്യവുമായി മാറ്റാൻ സാധിച്ചു. ഒരു നല്ല നികുതി സംവിധാനമെന്നത് കൂടുതൽ നികുതി പിരിച്ചെടുക്കലല്ല; നികുതിദായകരുടെ വിശ്വാസം നേടുകയെന്നുള്ളതാണ്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന നികുതി തർക്കങ്ങൾ അവസാനിപ്പിക്കുകയും ചെറുകിട വ്യാപാരികൾക്ക് പുതിയ തുടക്കം നൽകുകയും സർക്കാരിന്റെ ഭരണചെലവ് കുറയ്ക്കുകയും നികുതി സംവിധാനം കൂടുതൽ ലളിതവും സുതാര്യവുമാക്കുകയും വ്യാപാര സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തുകയുമാണ് ഈ ബിൽ ചെയ്യുന്നത്. സംസ്ഥാനത്തിന്റെ ധനകാര്യ അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വികസന പ്രവർത്തനങ്ങളിൽ കൂടുതൽ വിഭവങ്ങൾ സമാഹരിക്കുന്നതിനും ഈ ബിൽ സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. സർക്കാരിന്റെ ഈ ബജറ്റും ധനകാര്യ ബില്ലും പൂർണ്ണമായും അതിന്റെ അന്തസത്ത ഉൾക്കൊണ്ടുള്ള ജനപക്ഷ നിലപാടാണ് പ്രതിഫലിപ്പിക്കുന്നത്.

*01-07-2026*
*Legislative Business (Contn...)*

ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗവും പുതുക്കിയ ബജറ്റും അതിനുശേഷം നടന്ന ചർച്ചയും അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും നൽകിയിട്ടുള്ള മറുപടി പ്രസംഗങ്ങളും വാഗ്ദാനങ്ങൾക്കും അവകാശവാദങ്ങൾക്കും അപ്പുറം നാടിന്റെ പൾസ് മനസ്സിലാക്കിയുള്ള ഒരു ഗുഡ് ഗവേണൻസാണ് (Good Governance) വ്യക്തമാക്കുന്നത്. ഈ സർക്കാരിന്റെ പ്രയോരിറ്റി കൺവിൻസിങ്ങാണ്. 'ഓപ്പറേഷൻ ത്രൂഫാൻ' പദ്ധതി പോലെയുള്ള ആഭ്യന്തര വകുപ്പിന്റെ കാമ്പയിൻ നാടിന്റെ വിശുദ്ധി നിലനിർത്തുന്നതിനുവേണ്ടിയുള്ള അതിശക്തമായ നടപടികളാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രതീക്ഷ നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, എസ്.സി./എസ്.ടി. വിഭാഗങ്ങൾ എന്നിവരെയൊക്കെ ചേർത്തുനിർത്താനുള്ള സർക്കാരിന്റെ ഇച്ഛാശക്തിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇതേ ദിശയിൽതന്നെ മലയോര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികളും ബജറ്റ് മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതെല്ലാം വലിയ പ്രതീക്ഷയോടെയാണ് മലയോര മേഖലയിലെ ജനങ്ങൾ കാണുന്നത്. പ്രധാനമായും, മലയോര വികസന അതോറിറ്റി രൂപീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് മലയോര വികസന ഏജൻസി (Hill Area Development Agency) നിലവിലുണ്ടായിരുന്നു. മലയോര മേഖലയുടെ പ്രത്യേകതകൾ കണക്കിലെടുത്തും ആ പ്രദേശത്തിന്റെ പ്രയോരിറ്റികൾ നിശ്ചയിച്ചും വന്യമൃഗശല്യം പോലെയുള്ള പരിഹരിക്കപ്പെടാതെ പോകുന്ന പ്രശ്നങ്ങളെ വളരെ സൂക്ഷ്മമായി വിലയിരുത്തിയും പരിഹരിക്കുന്നതിനുള്ള ഒരു ഏജൻസിയായി ഇതിനെ മാറ്റാൻ സാധിക്കും. കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മലയോര വികസന അതോറിറ്റി കൂടി പ്രഖ്യാപിച്ചാൽ മലയോര മേഖലയിലെ ജനങ്ങൾ വളരെ അനുഗ്രഹീതമാകുമെന്ന് ഇവിടെ സൂചിപ്പിക്കുകയാണ്. മലയോര മേഖലകളിൽ മാത്രമല്ല, കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ജപ്തി നടപടികളാണ്. അത് വളരെ പെട്ടെന്നുണ്ടായ സംഭവവികാസമല്ല. കോവിഡ്, പ്രളയം, കഴിഞ്ഞ നാളുകളിലെ സാമ്പത്തിക അരാജകത്വം അതിന്റെയെല്ലാം പശ്ചാത്തലത്തിലുണ്ടായിട്ടുള്ള വലിയ പ്രതിസന്ധി പാവപ്പെട്ടവരിൽ

നിൽക്കുകയാണ്. വായ്പയെടുത്ത പണം ബാങ്കുകളിൽ തിരിച്ചടയ്ക്കാൻ പലർക്കും സാധിക്കുന്നില്ല. അവർക്കെല്ലാം ഇപ്പോൾ ജപ്തി നോട്ടീസുകൾ ലഭിക്കുകയാണ്. പലരും ആത്മഹത്യയുടെ വക്കിലാണ്. കഴിഞ്ഞ ദിവസങ്ങളിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ, നിരവധി വീടുകളിൽ ജപ്തി നോട്ടീസുമായി ബാങ്ക് അധികൃതർ കയറിയിറങ്ങുകയാണ്. ഈ സാഹചര്യത്തിൽ ജപ്തി നടപടികൾ അടിയന്തരമായി നിർത്തി വയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ കേരള കർഷക കടാശ്വാസ കമ്മീഷൻ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിലായി കടാശ്വാസ കമ്മീഷൻ നിശ്ചലമായി നിൽക്കുകയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴികെയുള്ള മറ്റ് ജില്ലകളിലെ പ്രതിസന്ധി നേരിടുന്ന കർഷകർക്ക് അവർ 2016-വരെ എടുത്ത കാർഷിക വായ്പകൾക്ക് കടാശ്വാസ കമ്മീഷൻ പദ്ധതി വഴി കടാശ്വാസം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകാൻ സാധിക്കും. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർക്ക് മാത്രമാണ് 2020-വരെ കടാശ്വാസം ലഭിക്കാൻ അപേക്ഷിക്കാൻ സാധിക്കുക. എല്ലാ ജില്ലകളിലും കടാശ്വാസ പദ്ധതിപ്രകാരം കടാശ്വാസം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ 2021-വരെയുള്ള ലോണുകൾക്കെങ്കിലും ബാധകമാക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് നൽകിയിരിക്കുന്ന ഇളവുകൾ, ബാങ്കിനുകൊടുക്കേണ്ട തുക സർക്കാർ അടിയന്തരമായി നൽകണം. കാരണം ബാങ്കുകളൊക്കെ വലിയ പ്രതിസന്ധിയിലാണുള്ളത്. ഇക്കാര്യം വളരെ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന വളരെ യുക്തിസഹമായ തീരുമാനത്തെ അഭിനന്ദിക്കുന്നു. ഇതിനായി 192 കോടി രൂപ മാറ്റിവച്ചത് വളരെ സ്വാഗതാർഹമാണ്. വന്യമൃഗശല്യങ്ങൾ നേരിടുന്ന നിയോജകമണ്ഡലങ്ങളിൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിഷയങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധ സംവിധാനങ്ങൾ ഉറപ്പുവരുത്താനുള്ളൊരു സംവിധാനമൊരുക്കണം. അതുപോലെ. ഡി.എഫ്.ഒ. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്)-യും, റേഞ്ച് ഓഫീസും അതുപോലെയുള്ള ഫോറസ്റ്റ് സ്റ്റേഷനുമൊക്കെ അഫക്റ്റഡ് ഏരിയയിലല്ല ഉള്ളത്. അപ്പോൾ അഫക്റ്റഡ് ഏരിയകളിൽ

കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ, ആർ.ആർ.ടി. (Rapid Response Team) അതുപോലെ പ്രാദേശികമായ ആവശ്യങ്ങളെ മനസ്സിലാക്കി ജനപ്രധിനിധികളെ വിശ്വാസത്തിലെടുത്ത് അത്തരത്തിലുള്ള തീരുമാനങ്ങളുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ടൂറിസം മേഖലയിൽ വലിയ അസന്തുലിതാവസ്ഥ നിലനിൽക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ടൂറിസം മേഖലയെക്കുറിച്ച് വളരെ വാചാലമായി കഴിഞ്ഞ സർക്കാർ സംസാരിച്ചിരുന്നെങ്കിലും അർഹിക്കുന്ന സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനാവശ്യമായ ഫണ്ട് നൽകിയിട്ടില്ല. മലയോരമേഖലയിലെ ടൂറിസം പദ്ധതികളെ അവഗണിക്കുന്നൊരു നിലപാടാണ് കഴിഞ്ഞ പത്തുവർഷക്കാലം അന്നുണ്ടായിരുന്ന സർക്കാർ സ്വീകരിച്ചത്. അതിനൊരു മാറ്റമുണ്ടാക്കണം. മലബാറിലെ ടൂറിസം പ്രൊമോഷൻ കൂടുതൽ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു. പൈതൽ മല, പാലക്കയം തട്ട് പോലെയുള്ള ഹിൽസ്റ്റേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം സർക്യൂട്ട് യാഥാർഥ്യമാക്കണമെന്നും ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളെ സംബന്ധിച്ച കാര്യംകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്. ചില പഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകളുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് പഞ്ചായത്തുകൾ തന്നെയാണ് കണ്ടെത്തേണ്ടതായിട്ടുള്ളത്. അത് പല പഞ്ചായത്തുകൾക്കും വലിയ സാമ്പത്തിക ബാധ്യതയായി മാറുന്നുണ്ട്. അവരെ സഹായിക്കാനുള്ളൊരു പദ്ധതി സർക്കാർ ആവിഷ്കരിക്കണം. എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിക്കാൻ സാധിച്ചാൽ ഭിന്നശേഷിക്കാരായിട്ടുള്ള, ഓട്ടിസം പോലുള്ള രോഗങ്ങൾ ബാധിച്ച് പ്രയാസം നേരിടുന്ന നമ്മുടെ കുട്ടികൾക്ക് വലിയ ആശ്വാസകരമാകും. അവരെയെല്ലാം സഹായിക്കാനുള്ളൊരു പ്രത്യേകമായ ഡ്രൈവ് സർക്കാരിന്റെ നേതൃത്വത്തിലുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. അതുപോലെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷക്കാലമായി ഏറ്റവും നന്നായി സേവനം ചെയ്യുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ പ്രത്യേകമായി സംരക്ഷിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവന-വേതന വ്യവസ്ഥകൾ പിരിഷ്കരിക്കണമെന്ന്......

*01-07-2026*
*Legislative Business (Contn...)*

ചെയർപേഴ്സൺ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിച്ചു. അടുത്ത അംഗത്തെ വിളിക്കേണ്ടതുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, അവരുടെ ശമ്പളം വെട്ടിക്കുറച്ചിട്ടുണ്ട്. അക്കാര്യം കൂടി അനുഭാവപൂർവം പരിഗണിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെട്ടുകൊണ്ട് ബില്ലിനെ പിന്തുണയ്ക്കുന്നു. നന്ദി.

ശ്രീ. രമേശ് പിഷാരടി: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. കാരണം ഇതിലൂടെ ജനങ്ങൾക്കൊരു പുതിയ കേരളമാണ് ഓഫർ ചെയ്തിരിക്കുന്നത്. ആളുകൾ അതിൽ എന്തുമാത്രം വിശ്വാസം അർപ്പിച്ചിരിക്കുന്നുവെന്നതിന്റെ തെളിവാണ് ഇവിടെയുള്ള എല്ലാ എം.എൽ.എ.-മാരുടെ ഓഫീസിലും നിയമസഭയിലും ഇപ്പോൾ കാണുന്ന വലിയൊരു ജനതിരക്ക് എന്നുപറയുന്നത്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ നടത്തികൊടുക്കുന്ന, പൊതുപ്രവർത്തകരുമായി ബന്ധപ്പെട്ട അത്യാവശ്യമായൊരു കാര്യം കൂടി ഞാൻ ഈയവസരത്തിൽ ഓർമ്മിപ്പിക്കാൻ ശ്രമിക്കുകയാണ്. ഏകദേശം 71-ഓളം പുതിയ എം.എൽ.എ.-മാരും അത്രതന്നെ പരിചയസമ്പന്നരായ എം.എൽ.എ.-മാരും ഉൾപ്പെടുന്നൊരു സഭയാണിത്. അതുകൊണ്ടുതന്നെ ജനങ്ങൾക്ക് ഇതിൽ വലിയ പ്രതീക്ഷയാണ്. പുതിയ ഒരാളെന്നുള്ള നിലയിൽ എന്റെ ഒരു അക്കാഡമിക് ഇന്ററസ്റ്റ് കൊണ്ട് ഇതിന്റെ demand and supply-യെ പറ്റി വെറുതെ ഒരു പഠനം നടത്തി. അതിന്റെയടിസ്ഥാനത്തിൽ എനിക്ക് മനസ്സിലായൊരു കാര്യം, ഒരു എം.എൽ.എ. ഓഫീസിൽ സാധാരണഗതിയിൽ 40 നിവേദനങ്ങൾ പ്രതിദിനം കിട്ടുന്നുണ്ട്. ഇത്തരത്തിലാണെങ്കിൽ ഏകദേശം 100 ദിവസമാകുമ്പോൾ അതിന്റെ എണ്ണം 4000 ആകും. അഞ്ച് വർഷമാണ് ഒരു എം.എൽ.എ.-യുടെ ടേം എങ്കിൽ അത് 365X5= 1825 ദിവസങ്ങളാണ്. 1825 ദിവസങ്ങൾ എം.എൽ.എ. ആയിരിക്കുന്ന ഒരാൾക്ക് 100 ദിവസംകൊണ്ട് 4000 നിവേദനങ്ങൾ കിട്ടുന്നുണ്ട്. നമ്മൾ കല്യാണത്തിന് പോകുമ്പോൾ നേരിട്ട് പറയുന്നതും വഴിയിൽ കാണുമ്പോൾ പറയുന്നതും വാട്ട്സ് ആപ്പിലൂടെ ലഭ്യമാക്കുന്നതും ഇ-മെയിലിലൂടെ ലഭിക്കുന്നതും ഫോണിലൂടെ വിളിച്ചുപറയുന്നതുമെല്ലാം ഒഴിവാക്കിയിട്ടാണ് ഈ 4000 നിവേദനങ്ങൾ കിട്ടുന്നത്. ഇത് നമ്മൾ സ്പീഡായിട്ട് പ്രോസസ് ചെയ്യുമ്പോഴാണ്

*01-07-2026*
*Legislative Business (Contn...)*

ജനങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി അഡ്രസ് ചെയ്യാനും അത് കേൾക്കാനും സാധിക്കുക. ഇവർ പറയുന്നുണ്ട്, എഴുതി തരുന്നുണ്ട്. അതെല്ലാം അവരെ നമ്മൾ കേൾക്കണം. അപ്പോൾ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കുന്ന ഒരു സ്റ്റാഫിനെക്കൂടാതെ ഒരു നിയമസഭാ സാമാജികന് ലഭിക്കുന്നത് രണ്ട് സ്റ്റാഫുകളെയാണ്. ഒരു സ്റ്റാഫിനെ ബഹുഭൂരിപക്ഷം എം.എൽ.എ.-മാരും ഡ്രൈവർ ആയിട്ടാണ് നിയോഗിക്കുക. പിന്നീടുള്ളത് ഒരു സ്റ്റാഫ് മാത്രമാണ്. ഈ ഒരു സ്റ്റാഫും എം.എൽ.എ. എന്ന നിലയിൽ നമ്മളും ഈ കാര്യങ്ങൾ കൂടാതെ നടത്തേണ്ട പൊതുകാര്യങ്ങളും നിയമസഭയിൽ പങ്കെടുക്കേണ്ട കാര്യങ്ങളെല്ലാം നമ്മൾ മാറി നിൽക്കുമ്പോൾ ഇത്രയധികം ഡാറ്റ പ്രോസസ് ചെയ്യുക, ഇത്രയധികം ആളുകളുടെ ആവശ്യങ്ങൾ പരിഗണിക്കുക എന്ന് പറയുന്നത് കുറച്ച് ശ്രമകരമായ ജോലിയാണ്. കഴിഞ്ഞ ദിവസം ഇവിടെ ഇന്ത്യൻ കോഫി ഹൗസിൽ ചായകുടിക്കാനായി പോയപ്പോൾ ചായ വിതരണം ചെയ്യുന്ന ഒരു ചേട്ടൻ ചായ വച്ചിട്ട് കൈ കുടഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു 'എന്തു പറ്റി ചേട്ടാ?' എന്ന്. ചായകൊടുത്ത് കൊടുത്ത് അദ്ദേഹത്തിന്റെ കൈ വേദനിക്കുന്നുവെന്നും പത്ത് വർഷം ഈച്ചയും പൂച്ചയും ഇല്ലാതിരുന്ന സ്ഥലമാണെന്നും ഇപ്പോൾ നിറച്ച് ആളുകളാണെന്നും പറഞ്ഞു. ഓഫീസിലെ സ്റ്റാഫ് പയ്യനും അതുപോലെ ഓഫീസിൽ നിന്ന് കാണിച്ചു. കുറേ നിവേദനങ്ങൾ കൊണ്ടുതന്നിട്ട് അവനും കൈ കുടഞ്ഞിട്ട് പോകുകയാണ്. അപ്പോൾ ജനങ്ങളുടെ ഇത്രയും വരുന്ന ആവശ്യം, ഞാൻ ഇക്കാര്യങ്ങൾ പഠിച്ചപ്പോൾ 100 ദിവസം കൊണ്ട് 4000 ആകുമ്പോൾ 1825 ദിവസം ആകുമ്പോൾ എത്രയെണ്ണം നിവേദനങ്ങളാണ് വരുന്നത്. അതിനെ പരിഗണിക്കാനും വായിക്കാനും കൃത്യമായി ഡിപ്പാർട്ടുമെന്റുകളിലേക്ക് അയയ്ക്കാനും എല്ലാ എം.എൽ.എ.-മാരുടെ ഓഫീസിലും പ്രതിഭാശാലിയായ ഒരു സ്റ്റാഫിനെക്കൂടി നമുക്ക് നിയോഗിക്കേണ്ടതായിട്ടുണ്ട്. എം.എൽ.എ.-യുടെ സ്റ്റാഫ് എന്നാണ് പറയുന്നതെങ്കിലും ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് അത് അത്യാവശ്യമുള്ള കാര്യമായാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യം ഞാൻ ബഹുഭൂരിപക്ഷം എം.എൽ.എ.-മാരോടും സംസാരിച്ചപ്പോൾ അവരും ഇതേ അഭിപ്രായമാണ് മുന്നോട്ടുവയ്ക്കുന്നത്. ഇപ്പോൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് എല്ലാ കാര്യങ്ങൾ പരിഗണിക്കുന്നതിനും ആളുകളോട് കൃത്യമായി സമീപിക്കുന്നതിനും ഒരാളെ

*01-07-2026*
*Legislative Business (Contn...)*

നിയമിക്കുന്നതിനും അർഹമായ ശമ്പളം നൽകുന്നതിനും നടപടിയുണ്ടായാൽ വളരെ നന്നായിരിക്കുമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കാരണം നമ്മളെല്ലാവരും മൂന്നാം ലോകരാഷ്ട്രങ്ങളിൽ ജനിച്ച് ജീവിച്ച ആളുകളാണ്. അവിടെയെല്ലാത്തിനും കൈയൂക്കുള്ളവൻ കാര്യക്കാരനെന്ന ഒരു അവസ്ഥയാണ്. ആയിരം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ അഞ്ച് പൈപ്പ്, ചോറുണ്ണാൻ വിട്ടാൽ ചോറുപാത്രം എങ്ങനെയെങ്കിലും കുത്തികയറ്റി കൈകഴുകുന്ന തിരക്ക്, ബസ്സിൽ കയറാൻ തിരക്ക്, സീറ്റ് കിട്ടാൻ തിരക്ക്, സീറ്റ് കിട്ടിയാലോ അതിലിരിക്കാൻ പ്രതിഭ വേണം. ഒരു കല്യാണ വീട്ടിൽ പോലും 11 മണിക്ക് ചോറുണ്ണേണ്ട സമയം അല്ലെങ്കിൽ പോലും തുറന്നുവയ്ക്കുമ്പോൾ ആളുകൾ ഇടിച്ച് കയറുന്നു. ഈ തിരക്കിനോട് പൊരുതിയാണ് മൂന്നാം ലോകരാഷ്ട്രങ്ങളിലുള്ള ആളുകളെല്ലാം ജീവിച്ചിട്ടുള്ളത്. എം.എൽ.എ. ഓഫീസുകളിലാണെങ്കിലും ഇവിടെയാണെങ്കിലും മന്ത്രിമാരെ കാണാൻ വരുന്നവർക്കെല്ലാം ചിലർ രാവിലെ മുതൽ വൈകിട്ടുവരെ നിന്നിട്ട് കാണാൻ കഴിയാതെ പോകുന്നവർ, കൈയൂക്കുള്ള മറ്റാരോ കയറിപോയാൽ അത് അവരെ ബാധിക്കുന്നൊരു പ്രശ്നമാണ്. അവരെയെല്ലാം അഡ്രസ്സ് ചെയ്യുന്നതിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണത്തിൽ വർധനയുണ്ടായിരുന്നെങ്കിൽ അത് നന്നായിരുന്നു. എം.എൽ.എ. മാർക്കുവേണ്ടിയെന്ന് പറയുന്നതുകൊണ്ടാണിത് കേൾക്കുമ്പോൾ പെട്ടെന്നൊരു അസഹിഷ്ണുത തോന്നുന്നത്. നമ്മുടെ വ്യക്തിപരമായ സഹായത്തിനല്ല, ജനങ്ങളുടെ കാര്യങ്ങൾ അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടിയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ സമയബന്ധിതമായി പരിഗണിക്കുന്നതിനായി എം.എൽ.എ.-മാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർധിപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു. എല്ലാതരത്തിലും ഈ ധനകാര്യ ബില്ലിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട്, ഇവിടെ പറഞ്ഞ വലിയൊരു മോട്ടീവ് നമ്മൾ എന്ത് ഉദ്ദേശിച്ചുകൊണ്ടാണോ ബജറ്റ് അവതരിപ്പിച്ചത്, എങ്ങനെയാണോ ജനങ്ങളുമായി സമീപിക്കേണ്ടത് അവരുടെ ആവശ്യങ്ങൾ ഏതുതരത്തിലെല്ലാമാണ് പരിഹരിച്ച് കൊടുക്കേണ്ടതെന്ന് പറയുന്ന സ്ഥലത്തേക്ക് എത്തിച്ചേരാൻ അവരെ നമ്മളോടൊപ്പം, അവർക്ക് വേണ്ട എല്ലാ പരിഗണനയും കൊടുക്കാൻ, പ്രത്യേകിച്ച് പാലക്കാടൊക്കെ ഈ

തരംഗം അത്രയ്ക്ക് ഉണ്ടായിട്ടുള്ള നിയോജകമണ്ഡലങ്ങളല്ല. സമീപത്തുള്ള മണ്ഡലങ്ങളിൽ നിന്നുപോലും നമ്മുടെ ഗവൺമെന്റിനെ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കാനും ഞങ്ങളെപോലെയുള്ള എം.എൽ.എ.-മാരെ കാണാനുമാണ് പൊതുജനങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. തീർച്ചയായും പാലക്കാടിനും മറ്റു നിയോജകമണ്ഡലങ്ങൾക്കും വേണ്ടി ഇത് പരിഗണിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഒരിക്കൽ കൂടി പൂർണ്ണമായും ഈ ധനകാര്യ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ട് ഒരു പുതിയ കേരളം സമ്മാനിക്കാൻ നമുക്കാകും എന്ന വലിയ പ്രത്യാശയോടുകൂടി നിർത്തുന്നു.

<u>ശ്രീമതി രമ്യ ഹരിദാസ്</u>: സർ, ഒരു സമൂഹത്തിന്റെ നിസ്സഹായ അവസ്ഥയെ എങ്ങനെ ചൂഷണം ചെയ്ത് അധികാരമുറപ്പിക്കാം എന്നതിന്റെ ഏറ്റവും വലിയ തെളിവായിരുന്നു കഴിഞ്ഞ അഞ്ചു വർഷം കേരളം ഭരിച്ച സർക്കാർ. കോവിഡ് കാലത്തെ കിറ്റ് വിതരണം രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിച്ച് അധികാരത്തിലെത്തിയവരാണ് അവർ. കിറ്റിന്റെ പണം സപ്ലൈകോക്ക് ഭരണത്തിൽ നിന്ന് ഇറങ്ങുന്നതുവരെ നൽകിയിട്ടില്ലായെന്നതാണ് ഏറെ വിചിത്രം. ഈ നാട്ടിലെ ജനങ്ങളെ മാത്രമല്ല, പ്രതിസന്ധി ഘട്ടത്തിൽ ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകാൻ മുൻകൈ എടുത്ത സിവിൽ സപ്ലൈസ് കോർപ്പറേഷനെയും പറ്റിച്ചിട്ടുപോയതാണ് കഴിഞ്ഞ സർക്കാർ.

കഴിഞ്ഞ പത്തുവർഷക്കാലം സർക്കാർ വിജയകരമായി നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി കടമെടുപ്പ് പദ്ധതിയാണ്. ഇടതുപക്ഷത്തിന്റെ, കഴിഞ്ഞ സർക്കാരിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, കെ-കടമെടുപ്പ് പദ്ധതിയെന്നത് ജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ പറയാൻ സാധിക്കും. അവർ അതിനായിരുന്നു മുൻതൂക്കം നൽകിയിരുന്നത്.

2016-ൽ ഒന്നരലക്ഷം കോടിയായിരുന്ന കേരളത്തിന്റെ പൊതുകടമെങ്കിൽ, 2026 ആയപ്പോൾ അത് അഞ്ച് ലക്ഷം കോടിയിലധികമായി വർധിപ്പിച്ചിരിക്കുന്നു. പത്ത് വർഷംകൊണ്ട് കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ തകർച്ചയിലാക്കിയ സർക്കാരായിരുന്നു കേരളം ഭരിച്ചത്. ജനം ഏറെ പ്രതീക്ഷയോടെയാണ് ഈ ബജറ്റിനെയും സർക്കാരിനെയും നോക്കികാണുന്നത്.

*01-07-2026*
*Legislative Business (Contn...)*

എത്ര സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നാൽ ഭരണ സംവിധാനത്തിനെ പുതിയ ദിശാബോധത്തിലേക്ക് മാറ്റാൻ കഴിയുമെന്ന ജനങ്ങളുടെ വിശ്വാസമാണ് ഇത്രയധികം സീറ്റുകളിൽ യു.ഡി.എഫ്. സർക്കാരിനെ അധികാരത്തിലേക്ക് എത്തിച്ചത്.

1947 വരെ ബ്രിട്ടീഷുകാർ ചൂഷണം ചെയ്ത് കരിമ്പിൻ ചണ്ടിപ്പോലെ ഉപേക്ഷിച്ചുപോയ ഇന്ത്യാരാജ്യത്തെ ഇന്നു കാണുന്ന രീതിയിൽ ലോകത്തിന്റെ നെറുകയിൽ എത്തിച്ചത്, അതിനു നേതൃത്വം കൊടുത്തത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ദീർഘവീക്ഷണത്തോടുകൂടിയിട്ടുള്ള കാഴ്ചപ്പാടായിരുന്നുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. ജവഹർലാൽ നെഹ്റുവിന്റെ ചിന്തയിൽ, 1960-ഓടെതന്നെ ഇന്ത്യാരാജ്യം ലോകത്തിന് മുമ്പിൽ അഭിപ്രായം പറയാൻ ശക്തിയുള്ള രാജ്യമായിത്തീർന്നിരുന്നു. ലോകശക്തികളായ അമേരിക്കയും റഷ്യയും ബഹിരാകാശത്തെയും ചന്ദ്രനെയും സ്വപ്നം കാണുന്നകാലത്ത്, അതേ സ്വപ്നത്തിനുവേണ്ടി ഐ.എസ്.ആർ.ഒ. രൂപീകരിച്ചത് നെഹ്റുവിന്റെ കാഴ്ചപ്പാടിന്റെ ഫലമായിരുന്നു.

അതേസമയംത്തന്നെ കാർഷിക മേഖലയ്ക്ക് ഊന്നൽനൽകിക്കൊണ്ട് നദികളിൽ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് നേതൃത്വംകൊടുത്തതും നെഹ്റുവിന്റെ വലിയ കാഴ്ചപ്പാടായിരുന്നു. ഈ രാജ്യത്തെ ഭരണസിരാകേന്ദ്രങ്ങളിൽ ഇന്ത്യയുടെ പ്രധാനമന്ത്രിമാരായിരുന്ന രാജീവ് ഗാന്ധി, ഇന്ദിരാ ഗാന്ധി എന്നിവരൊക്കെ ദീർഘവീക്ഷണത്തോടുകൂടി സ്വീകരിച്ചിരുന്ന നിലപാടുകളാണ് ഇന്ന് കാണുന്ന നിലയിലേക്കെത്താൻ രാജ്യത്തിന് പിന്തുണയായത് എന്നത് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്.

ലോകം മുഴുവൻ സാമ്പത്തിക പ്രതിസന്ധിയിൽ ആയിരുന്നപ്പോൾ, ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ ഇന്ത്യാരാജ്യം പിടിച്ചുനിന്നത് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാവുന്നതാണ്. അതുകൊണ്ടുതന്നെയാണ് കേരളത്തിനെ സാമ്പത്തികമായി തകർന്ന സ്ഥിതിയിൽനിന്നും ഉയർത്തികൊണ്ടുവരാൻ യു.ഡി.എഫ്.

*01-07-2026*
*Legislative Business (Contn...)*

സർക്കാരിന് കഴിയുമെന്ന ആത്മവിശ്വാസത്തോടെ ജനം അത്യധികം പിന്തുണച്ചത് എന്നുള്ളതിന് സൂചനകളാണ് ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ആദ്യ ബജറ്റ്.

കഴിഞ്ഞ പത്തുവർഷകാലം ഒരു സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സ് കേവലം മദ്യവും ലോട്ടറിയും കടമെടുപ്പും മാത്രമാക്കി മാറ്റിയവരാണ് ഇടതുപക്ഷ സർക്കാരെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്.

ഇപ്പോൾ ഈ ബില്ലിനെതിരെ പ്രതിഷേധിച്ച് ഇറങ്ങിപ്പോയ ഇതേ സർക്കാർ, കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവിക്കുന്ന പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്തിൽ, ഗ്രാമപഞ്ചായത്ത് ഭരണസമിതിപോലും അറിയാതെ, ഒരു മദ്യമാഫിയ കമ്പനിക്ക് അനുകൂലമായി പഞ്ചായത്ത് രാജ് അവകാശങ്ങൽ ഒറ്റയടിക്ക് അട്ടിമറിക്കപ്പെടുന്ന രീതിയിൽ ഒത്താശ ചെയ്തവരാണ് കഴിഞ്ഞ സർക്കാർ. അവരാണ് ഇന്ന് ഈ ബില്ലിനെതിരെ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയത്.

സർക്കാർ അധികാരത്തിൽ നിന്ന് മാറുമ്പോൾ ഖജനാവിൽ 5,000/- കോടി രൂപ ബാക്കിയുണ്ടെന്ന് പ്രഖ്യാപിച്ച ധനമന്ത്രി ബാധ്യതകളെക്കുറിച്ചൊന്നും മിണ്ടിയില്ല. സർക്കാർ ജീവനക്കാർക്ക് 20,000/- കോടി രൂപ കുടിശ്ശികയുണ്ട്. നെൽകർഷകർക്കും സിവിൽ സപ്ലൈസ് കോർപറേഷനും കെ.എസ്.ആർ.ടി.സി.-ക്കും കോടികളുടെ തുക കൊടുക്കാനുണ്ട്.

ആരോഗ്യരംഗത്തെ മരുന്നുവിതരണക്കാർക്കും സാധാരണക്കാർക്ക് ഏറെ സഹായകരമായിരുന്ന ഇൻഷ്വറൻസ് കമ്പനികൾക്കുപോലും കുടിശ്ശികവരുത്തിയതുകാരണം സാധാരണക്കാർക്ക് ഉപകാരപ്രദമല്ലാത്ത രീതിയിലേക്ക് മാറി. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുമെന്ന് പറഞ്ഞ് അധികാരത്തിലേറിയവർ, അതിനായി പ്രത്യേക സെസ് ഏർപ്പെടുത്തിയിട്ടും ക്ഷേമ പെൻഷൻ കൊടുക്കാതെ മുന്നോട്ടുപോകുകയും ചെയ്തു.

സാധാരണ ജനങ്ങളിലേക്ക് വികസനം എത്തിക്കുന്നത് പ്രാദേശിക സർക്കാരുകളായ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലൂടെയാണ്. ഇവിടെയിരിക്കുന്ന ഭൂരിഭാഗം എം.എൽ.എ.-മാരും ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും നഗരസഭയിലും ജില്ലാപഞ്ചായത്തിലുമൊക്കെ ജനപ്രതിനിധികളായി പ്രവർത്തിച്ചവരാണ്. കഴിഞ്ഞ പത്തുവർഷക്കാലമായി പഞ്ചായത്ത് രാജ് അധികാരങ്ങൾ അട്ടിമറിച്ച് കവർന്നെടുത്തവരാണ്

*01-07-2026*
*Legislative Business (Contn...)*

ഈ കഴിഞ്ഞ സർക്കാർ. ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭയിൽ എടുത്തിരുന്ന തീരുമാനങ്ങൾ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കുന്ന രീതിയായിരുന്നു മുമ്പ് ഉണ്ടായിരുന്നത്.

ഒരു ഉദാഹരണം പറയുകയാണെങ്കിൽ, 2025-2026 വാർഷിക പദ്ധതികളുമായി ഗ്രാമപഞ്ചായത്ത് മുന്നോട്ടുപോകുമ്പോൾ, ആ പഞ്ചായത്തിലെ ഏതെങ്കിലും പദ്ധതികൾ മഴകാരണമോ, കരാറുകാരന്റെ അനാസ്ഥമൂലമോ, സാങ്കേതിക തകരാറുമൂലമോ അടുത്ത വാർഷിക പദ്ധതികളിലേക്ക് സ്പിൽഓവർ പദ്ധതികളായി വരികയാണെങ്കിൽ, ഈ ഇടതുപക്ഷ സർക്കാർ ആ പദ്ധതികളെ മുഴുവൻ അടുത്ത സാമ്പത്തികവർഷ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് വളരെ ഫോഴ്സ് ചെയ്തുകൊണ്ടു പ്രവർത്തിച്ചിരുന്നു. ഒരു കാര്യം എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ്. ഇനി ഏതെങ്കിലും പഞ്ചായത്തുകളിൽ ബില്ല് പൂർണമായി മാറുന്നതിനുവേണ്ടി പദ്ധതി പൂർത്തീകരിച്ച് ട്രഷറിയിലേക്ക് എത്തിച്ചുക്കഴിഞ്ഞാൽ, ഈ സർക്കാർ കഴിഞ്ഞ കാലഘട്ടങ്ങളിൽ പഞ്ചായത്തുകളോട് ചെയ്തിരുന്നത് ട്രഷറിയിൽ അവിടെ ബേൺ ചെയ്യുക എന്ന രീതിയായിരുന്നു. കാരണം അതു ചെയ്തുകഴിഞ്ഞാൽ ആ പദ്ധതിയിൽ ബില്ല് മാറാൻ കഴിയാതെ വരുമ്പോൾ വീണ്ടും ആ പദ്ധതിക്ക് തുക കരാറുകാരന് കൊടുക്കണമെങ്കിൽ അടുത്ത സാമ്പത്തികവർഷ പദ്ധതിയിൽ പുതിയ പദ്ധതിയായി ഉൾപ്പെടുത്തണം. അപ്പോൾ ആ ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്ന് പുതിയ പദ്ധതികളായി വരുമ്പോൾ അടുത്ത വർഷത്തേക്കുള്ള പദ്ധതി പുതുതായി രൂപീകരിക്കാൻ കഴിയാതെപ്പോയി, ഇഞ്ച്ഞായി പ്രാദേശിക സർക്കാരുകളെ കൊലപ്പെടുത്തുകയായിരുന്നു കഴിഞ്ഞ പത്തുവർഷക്കാലത്തിൽ ഈ സർക്കാർ.

ഒരു ഉദാഹരണംകൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. സാധാരണ ഭവനങ്ങൾക്ക് വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരും ജനറൽ പദ്ധതികളിൽ ഉൾപ്പെടുന്ന ആളുകളുടെയും ലിസ്റ്റ് ഗ്രാമസഭകളിൽ നിന്നാണ് തയ്യാറാക്കിയിരുന്നത്. ലൈഫ് ഭവനപദ്ധതി എന്ന പദ്ധതി വന്നപ്പോൾ ഈ പദ്ധതികളെല്ലാം ഒരുമിച്ചാക്കി. എങ്കിൽ ലിസ്റ്റ് ഗ്രാമസഭയിൽ നിന്ന് എടുത്തിരുന്നുവെങ്കിൽ അർഹരായവർക്ക് അത് കിട്ടുന്നുണ്ടോ

എന്നുള്ളതെങ്കിലും പരിശോധിക്കാമായിരുന്നു. പക്ഷേ കഴിഞ്ഞ സർക്കാർ ലൈഫ് എന്ന ഭവനപദ്ധതിയുടെ പേരിൽ പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾ ഉൾപ്പെടെ അട്ടിമറിച്ചുകൊണ്ട് എവിടെനിന്നോ വന്ന ഉദ്യോഗസ്ഥ സുഹൃത്തുക്കളെ ഉപയോഗിച്ച് ലിസ്റ്റുണ്ടാക്കി അർഹരായവർക്കുപോലും ഭവനം ലഭിക്കാത്തരീതിയിലേക്ക് ഈ പദ്ധതിയെ അട്ടിമറിച്ചവരാണ് കഴിഞ്ഞ സർക്കാർ. അതിനുശേഷം അവസാനം പറഞ്ഞത്, 'അതിദരിദ്രരില്ലാത്ത നാടാണ് കേരളം' എന്നാണ്. ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഏകദേശം ഒരു മാസം മുമ്പ് ഒരു കുട്ടി കിടന്നുറങ്ങുന്നതിനിടെ പാമ്പുകടിയേറ്റ് മരണപ്പെട്ടു. ആശുപത്രിയിലേക്ക് കൊണ്ടുപോയപ്പോൾ ആന്റിവെനം കൊടുക്കാതെയും ഉദ്യോഗസ്ഥർ വേണ്ടത്രരീതിയിൽ ഗൗനിക്കാതെയും ജീവനക്കാരുടെ വീഴ്ചകൊണ്ട് ആ കുഞ്ഞിന്റെ ജീവൻ നഷ്ടപ്പെട്ടു. അതിദരിദ്രരില്ലാത്ത നാടെന്ന് പ്രഖ്യാപിച്ച ഈ സർക്കാരിന്റെ ഭരണസിരാകേന്ദ്രത്തിനോട് തൊട്ടുചേർന്ന സ്ഥലത്തായിരുന്നു ഈ വേദനയോടുകൂടിയിട്ടുള്ള സംഭവം ഉണ്ടായത് എന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ സർക്കാരിന് ഏറ്റവും കൂടുതൽ പണം കായ്ക്കുന്ന ഒരു മരമായിരുന്നു കിഫ്ബി. സ്വർണ്ണം കായ്ക്കുന്ന മരംപോലെയാണ് കിഫ്ബിയെ കഴിഞ്ഞ സർക്കാർ കണ്ടത്. ഈ നാട്ടിലെ ജനങ്ങളോടും ഭാവി തലമുറയോടും യാതൊരു പ്രതിബദ്ധതയുമില്ലാത്തതുകൊണ്ടല്ലേ ഈ കാഴ്ചപ്പാടില്ലാത്ത രീതിയിൽ കോടിക്കണക്കിന് രൂപ കടമെടുത്തു വാങ്ങിക്കൂട്ടിയത്. ഈ കിഫ്ബി കണക്കുകൾ ഈ സർക്കാർ കൃത്യമായി ഓഡിറ്റ് ചെയ്ത് പൊതുജനത്തിനു മുന്നിൽ അവതരിപ്പിക്കണം. കാരണം കെടുകാര്യസ്ഥതയോടുകൂടി കൈകാര്യം ചെയ്ത കിഫ്ബി ഫണ്ടുകൾ കേരളത്തെ വരിഞ്ഞുമുറുക്കുന്ന നീരാളിയായി നാളെകളിൽ മാറും. ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്ന ജനകീയ ബജറ്റ്, കോവളത്ത് ഒരാഴ്ച ആരെയും കാണാതെ മാറിയിരുന്ന് ആലോചിച്ചുണ്ടാക്കുന്നതാണ് ബജറ്റെന്ന ഒരു ക്ലീഷേ കുറച്ചുകാലമായി കേരളത്തിലുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ സാധാരണക്കാരായ ജനങ്ങളുടെ മുഖം മനസ്സിലുണ്ടെങ്കിൽ കോവളത്തെ കാറ്റ് കൊണ്ടില്ലെങ്കിലും മികച്ച ബജറ്റ് തയ്യാറാക്കാൻ കഴിയുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ധനകാര്യമന്ത്രികൂടിയായ മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ബജറ്റ്. ഏറെ സന്തോഷത്തോടുകൂടി ഒരിക്കൽക്കൂടി ഈ ബജറ്റിന് നന്ദികൂടിപറയുവാൻ ഈ അവസരത്തിൽ

അഗ്രഹിക്കുകയാണ്. വനിതകൾക്ക്, സ്ത്രീകൾക്ക് ഏറ്റവും വലിയ കരുത്തു പകർന്ന പദ്ധതിയാണ് പ്രിയദർശിനി സൗജന്യയാത്ര. ലോകം കണ്ട കരുത്തുറ്റ ഭരണാധികാരികളിൽ ഏറ്റവും കരുത്തുറ്റ ഭരണാധികാരിയാണ് ഇന്ദിരാ ഗാന്ധി. ഇന്ത്യ-പാക് യുദ്ധം നടക്കുമ്പോൾ അമേരിക്കൻ കപ്പൽപ്പട അയൽരാജ്യത്തിനെ സഹായിക്കാൻ വരുമ്പോൾ ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രി കസേരയിലിരിക്കുമ്പോൾ അമേരിക്കൻ കപ്പൽപ്പടയോടു പറഞ്ഞ വാചകം ഇങ്ങനെയാണ്, "നിങ്ങളവരെ സഹായിക്കാൻ വരുന്നതൊക്കെ കൊള്ളാം, പക്ഷേ ഇന്ത്യയുടെ സമുദ്രാതിർത്തി ലംഘിച്ചാൽ തിരിച്ചുപോകാൻ കപ്പലുമുണ്ടാകില്ല, കപ്പിത്താനുമുണ്ടാവില്ലാ" എന്ന് ആർജ്ജവത്തോടുകൂടിപ്പറഞ്ഞ ഭരണാധികാരിയുടെ പേര് ഇന്ദിരാ ഗാന്ധി എന്നാണ്. ആ പേരിൽ പ്രിയദർശിനി സൗജന്യയാത്ര കൂടി ഈ നാടിന് സമർപ്പിച്ച് സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെന്ന് യുവാക്കൾക്കും വിദേശരാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവർക്കുംകൂടി ഈ കൊച്ചുകേരളത്തിൽ തൊഴിൽ കൊടുക്കാമെന്ന് പ്രഖ്യാപിക്കുന്ന ഈ ബജറ്റിനെ പിന്തുണക്കുന്നു. ഇന്നിവിടെ അവതരിപ്പിച്ച ബില്ലിനെ എല്ലാ അർത്ഥത്തിലും പൂർണമായിട്ട് പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. സി. കെ. കാസിം</u>: സർ, ഈ പുതിയ ജനകീയ ബജറ്റിന്റെ ധനകാര്യ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ധനാഭ്യർത്ഥന വെറും വരവ്-ചെലവ് കണക്കുകൾ മാത്രമല്ല. സംസ്ഥാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനം കൂടിയാണ് ഈ ബജറ്റ്.

സാമ്പത്തിക വെല്ലുവിളികൾക്കിടയിലും സാമൂഹികനീതി ഉറപ്പുവരുത്തിക്കൊണ്ട് വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള വ്യക്തമായ കാഴ്ചപ്പാടാണ് ഈ ധനകാര്യ ബില്ലിലൂടെ നമുക്ക് കാണാൻ സാധിക്കുക. വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, സാമൂഹ്യസുരക്ഷ, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ അതോടൊപ്പംതന്നെ സർവ മേഖലയ്ക്കും പ്രാധാന്യം നൽകുന്ന ഈ ബജറ്റും അതിനോടനുബന്ധിച്ചുള്ള ഈ ധനകാര്യ ബില്ലും തീർത്തും അഭിനന്ദനാർഹമാണ്. സ്ത്രീകൾക്കും യുവജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കുമുൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാവശ്യമായ ധനവിനിയോഗം

ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക സാഹചര്യങ്ങൾ കണക്കിലെടുത്ത് ലഭ്യമായ വിഭവങ്ങൾ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കാനുള്ള ശ്രമമാണ് ഈ ധനാഭ്യർഥനയിലുള്ളത്. കേരളത്തിന്റെ സമഗ്ര വികസനം, ജനങ്ങളുടെ ജീവിത നിലവാരമുയർത്തൽ, ക്ഷേമ പദ്ധതികളുടെ തുടർച്ച എന്നിവ ലക്ഷ്യമിടുന്നതാണ് ഈ ധനകാര്യ ബിൽ.

എന്നെ സംബന്ധിച്ചിടത്തോളം എന്റെ നിയോജകമണ്ഡലത്തിലെ വയനാട് ചുരം ഗേറ്റ് മുതൽ മലപ്പുറം ജില്ലയിലെ ചാലിയാർ മണൽപ്പരപ്പ് വരെ നീണ്ടുകിടക്കുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പദ്ധതി എന്നത് ഇക്കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച തിരുവമ്പാടി  ടൂറിസം കോറിഡോർ തന്നെയാണ്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ അതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു.

2026 ജൂലൈ 30, 31, ആഗസ്റ്റ് 1, 2 തീയതികളിൽ നാല് ദിവസം നീണ്ടുനിൽക്കുന്ന ഇന്റർനാഷണൽ കയാക്കേഴ്സ് ഉൾപ്പെടെ പങ്കെടുക്കുന്ന മലബാർ റിവർ ഫെസ്റ്റിവെൽ നടക്കുകയാണ്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വലിയ മുന്നൊരുക്ക പരിപാടികളോടുകൂടിയാണ് ആ പദ്ധതി നമ്മൾ നടപ്പാക്കുന്നത്. അത് നമ്മുടെ നിയോജകമണ്ഡലത്തിലെ ചുരം വ്യൂ പോയിന്റ് മുതൽ അടിവാരത്ത് വിഭാവന ചെയ്യുന്ന എന്റർടെയിൻമെന്റ് സിറ്റി, വെള്ളരിമല, തുഷാരഗിരി, പതങ്കയം, അരിപ്പാറ, കക്കാടാംപൊയിൽ, ചാലിയാർ പുഴയോരം തുടങ്ങിയ ഒട്ടനവധി ടൂറിസം ഡെസ്റ്റിനേഷനുകളെ ഒരു കോറിഡോറായി പ്രഖ്യാപിക്കുമ്പോൾ, ആ ഒരു കോറിഡോറിനെ ലോക സഞ്ചാരികളുടെ മുന്നിലേക്ക് കാണിക്കാൻ ഞങ്ങൾക്കുള്ള ഒരു ടൂളാണ് ഈ മലബാർ റിവർ ഫെസ്റ്റിവെൽ. അതുകൊണ്ടുതന്നെ ഈ വർഷത്തെ ഫെസ്റ്റിവെല്ലിലേക്ക് എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകരെയും സഹഅംഗങ്ങളെയും ക്ഷണിക്കുകയാണ്.

നമ്മെ സംബന്ധിച്ചിടത്തോളം ടൂറിസം ഒരു വലിയ സാധ്യതയാണ്. പ്രത്യേകിച്ച് തിരുവമ്പാടി പോലുള്ള നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ തകർച്ച നമുക്കെല്ലാവർക്കുമറിയാം. അതിനൊരു പ്രതിവിധി എന്നുള്ള നിലയ്ക്ക് മറ്റൊരു ആൾട്ടെർനേറ്റീവ് പദ്ധതി വയ്ക്കാൻ കഴിയുക അല്ലെങ്കിൽ കാർഷിക മേഖലയെക്കൂടി

ഉൾപ്പെടുത്തിക്കൊണ്ട് അവരെക്കൂടി തദ്ദേശീയമായി പങ്കാളികളാക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതികൾക്ക് ഇത്തരത്തിലുള്ള കോറിഡോർമൂലം സാധ്യമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് ഈ സാമ്പത്തിക വർഷംതന്നെ ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എല്ലാ അർഥത്തിലുമുള്ള പിന്തുണയും ഈ ഗവൺമെന്റിൽനിന്ന് ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

നമുക്കറിയാം, ഈ ബജറ്റിന്റെ ഗുണങ്ങൾ സമൂഹത്തിന്റെ എല്ലാ മേഖലകളിലും ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചത് മൂന്ന് മാസംകൊണ്ട് ഇതിന്റെ ഡെലിവറി നമുക്ക് കാണാൻ കഴിയുമെന്നാണ്. പക്ഷെ ഞാൻ പറയുന്നു, ഇവിടെ നമ്മുടെ ചുറ്റുപാടുകൾ കണ്ണോടിക്കുകയാണെങ്കിൽ തീർച്ചയായും നമുക്ക് അതിന്റെ ഗുണഫലങ്ങൾ ഇപ്പോൾ കാണാൻ സാധിക്കും.

നേരത്തെ സൂചിപ്പിച്ച രൂപത്തിൽ ഓട്ടോറിക്ഷാ തൊഴിലാളികൾ തിരുവനന്തപുരത്തും കോഴിക്കോട്ടും വരുമ്പോൾ പറയുന്നത് 'വലിയ പ്രതീക്ഷയാണ്' എന്നാണ്. അതോടൊപ്പംതന്നെ റസ്റ്റോറന്റുകളിൽ വലിയ തിരക്കാണ്. ചെറിയ കച്ചവട സ്ഥാപനങ്ങൾപോലും ഇപ്പോൾ 'ഈ നിലയ്ക്കാണെങ്കിൽ പിടിച്ചുനിൽക്കാം' എന്നുപറയുന്നു. എന്തിനേറെ പറയുന്നു, നമ്മുടെ നിയമസഭാ സമുച്ചയത്തിലുള്ള കോഫീ ഹൗസിലെ സപ്ലൈയർമാരോട് സംസാരിച്ചപ്പോൾ അവർ പറഞ്ഞത് മൂന്നിരട്ടിയാണ് കച്ചവടം വർധിച്ചിരിക്കുന്നത് എന്നാണ്. ഇതൊരു പ്രതീക്ഷയാണ്. ഈ പ്രതീക്ഷ നൽകാൻ കഴിയുക എന്നുള്ളതാണ് ഒരു ഭരണകൂടത്തിന്റെ ഏറ്റവും വലിയ നേട്ടം. സാധാരണ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു മാറ്റമാണിത്. ജനങ്ങളിൽനിന്ന് അകന്നുനിൽക്കുന്ന ഒരു ഗവൺമെന്റിനെ പത്ത് വർഷക്കാലം സഹിച്ച് ആ ഗവൺമെന്റിൽ നിന്ന് ഒരു മോചനമാണ് ഇതിലൂടെ അവർ പ്രതീക്ഷിച്ചത്. ആ പ്രതീക്ഷയ്ക്ക് ഏറ്റവും വലിയ വില നൽകിക്കൊണ്ടുള്ള ഒരു ബജറ്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത് എന്നുപറയുന്നതിൽ അതിയായ സന്തോഷമുണ്ട്. കാരണം എല്ലാ മേഖലയിലെ ആളുകൾക്കും വലിയ പ്രതീക്ഷ നൽകി. നേരത്തെ പറഞ്ഞല്ലോ, കെ.എസ്.ആർ.ടി.സി.യുടെ പ്രിയദർശിനി പദ്ധതി. ആ പദ്ധതി വരുന്നതിനുമുമ്പ് കെ.എസ്.ആർ.ടി.സി. കാലിയടിച്ചുപോയിട്ട് കണ്ടക്ടറും ഡ്രൈവറുമൊക്കെ

ഒറ്റയ്ക്ക് പോകുന്ന പ്രയാസത്തിലായിരുന്നു. എന്നാൽ ഇന്ന് എന്താണ് സാഹചര്യം. ഇന്ന് സീറോ എമൗണ്ട് ആണെങ്കിൽക്കൂടി ടിക്കറ്റ് കൊടുത്ത് ഞങ്ങൾ തളരുകയാണ് എന്നാണ് അവർ പറയുന്നത്. അത്രയധികം സ്ത്രീകളാണ് കെ.എസ്.ആർ.ടി.സി.-ൽ കയറുന്നത്. അത്രയും മാതൃകാപരമായ പദ്ധതിയാണത്. ഒന്ന് ആലോചിച്ചുനോക്കൂ, പ്രകടനപത്രികയിൽ ഈ പദ്ധതിയെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങനെ നടപ്പാകുമോ എന്ന് പരിഹസിച്ച് ചോദിച്ചവർ ഇന്ന് ഇതൊന്നും കേൾക്കാൻ കഴിയാതെ ഒരു കാരണം പറഞ്ഞ് ഇപ്പോൾ ഇവിടെനിന്നും ഒളിച്ചോടുകയല്ലേ. സ്വാഭാവികമായും ഇത്തരമൊരു ജനകീയ പദ്ധതി നടപ്പാക്കിയപ്പോൾ അതിനോട് ചേർന്നുനിൽക്കുന്നതിന് പകരം അവിടെ സൂപ്പർ ഫാസ്റ്റ് ഉൾപ്പെടുത്തിയില്ല അല്ലെങ്കിൽ വേറെ ബസ്സുകൾ ഉൾപ്പെടുത്തിയില്ല എന്നുപറഞ്ഞ് ജനങ്ങളിൽ നിന്ന് അവർ അകന്നുപോകുകയാണ്. ഇവർ ചുറ്റുപാടുകളിലേക്ക് കണ്ണോടിക്കുന്നില്ല. ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ ദിവസം ഇവിടെ ബില്ലിന്റെയും ധനാഭ്യർഥനയുടെയുമൊക്കെ ചർച്ചയിൽ മന്ത്രിമാർ മറുപടി പറഞ്ഞല്ലോ. പി.എം.ശ്രീ. പദ്ധതിയെക്കുറിച്ചും അതോടൊപ്പംതന്നെ വീര്യം കുറഞ്ഞ മദ്യത്തിന്റെ ടാക്സ് കുറച്ചു എന്നൊക്കെ പറഞ്ഞ് ബഹളമുണ്ടാക്കുന്നവർ ചെയ്യുന്നത് എന്താണ്. ശരിക്കും പറഞ്ഞാൽ ഉത്സവപറമ്പിലെ പോക്കറ്റടിക്കാരന്റെ പണിയല്ലേ അവർ ചെയ്യുന്നത്. അവരല്ലേ ഈ പണി മുഴുവൻ ചെയ്തത്. എന്നാൽ അവർ മുന്നിൽ ഇറങ്ങിനിന്നുകൊണ്ട് വിളിച്ചുപറയുകയല്ലേ 'കള്ളൻ കള്ളൻ' എന്ന്. ഇത്രയധികം തരംതാഴ്ന്ന രാഷ്ട്രീയത്തിലേക്ക് ഇവിടെയുള്ള പ്രതിപക്ഷം മാറിയത് എത്ര പെട്ടെന്നാണ്. അവർക്ക് ചുറ്റുപാടുകളെക്കുറിച്ചുള്ള ഒരു ധാരണയില്ല. അതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്താൻ ഇനിയും അവർ മുന്നോട്ടുവരും. പ്രതിപക്ഷം എന്നുപറഞ്ഞാൽ തീർച്ചയായും വിമർശിക്കണം. ക്രിയാത്മകമായ വിമർശനങ്ങളെ ഉൾക്കൊള്ളാൻ ഗവൺമെന്റും അതോടൊപ്പംതന്നെ ജനപ്രതിനിധികളും തയ്യാറാകണം. പക്ഷെ വിമർശിക്കുന്നതോടൊപ്പംതന്നെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന, സഹായകരമാകുന്ന പദ്ധതികളും പരിപാടികളും നിർദേശിക്കണം. അല്ലാതെ വെറുതെ എന്തെങ്കിലും പറഞ്ഞുകൊണ്ട് ഗവൺമെന്റിന്റെ എല്ലാ പദ്ധതികളെയും വിമർശിക്കുക എന്നുപറയുന്നത് എത്രത്തോളം നടക്കും. ഇവിടെ കഴിഞ്ഞ ദിവസം കണ്ടില്ലേ ടൂറിസം മന്ത്രി എത്ര വിധേയനായിട്ടാണ് എല്ലാവർക്കും ചർച്ചയ്ക്ക് അവസരം കൊടുത്തത്. പൊതുമരാമത്ത്

*01-07-2026*
*Legislative Business (Contn...)*

വകുപ്പുമന്ത്രി എത്ര സരസമായിട്ടാണ് കേരളത്തിന്റെ പൊതുമരാമത്ത് പശ്ചാത്തലമേഖലയിലെ കാര്യങ്ങൾ പറഞ്ഞത്. ജംഗ്ഷനുകളിലെ ട്രാഫിക്ക് ബ്ലോക്ക് എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ളതല്ലേ. ആ ട്രാഫിക്ക് കുരുക്കിന് പരിഹാരം കാണുന്നതിന് ഉന്നതതല ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ വിംഗിനെ ചുമതലപ്പെടുത്തി പഠനത്തിനുശേഷം ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പറയുന്നത് ജനങ്ങളോടുള്ള കമിറ്റ്മെന്റാണ് കാണിക്കുന്നത്. ഇത്തരത്തിൽ ജനങ്ങളോടൊപ്പം നിൽക്കുന്ന ഒരു ഗവൺമെന്റാണിത്. ഇവിടെ കഴിഞ്ഞ ദിവസം പറഞ്ഞല്ലോ, സ്വകാര്യ മേഖലയിൽ ഖനനം അനുവദിക്കില്ലെന്ന്. ഇല്ലാത്ത ആരോപണം ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞില്ലേ ഒരു കാരണവശാലും സ്വകാര്യ മേഖലയിൽ ഖനനം അനുവദിക്കില്ല എന്ന്. അതുപോലെ ചങ്ക് വിരിച്ച് പറയാൻ ആരെക്കൊണ്ട് കഴിയും. അദ്ദേഹം പറഞ്ഞില്ലേ ആലപ്പുഴയിൽ ഇനി അങ്ങനെയൊരു ഖനനമുണ്ടാകില്ല എന്ന്. അങ്ങനെ ആർജ്ജവത്തോടുകൂടി പറയാൻ കഴിയുന്ന മന്ത്രിമാരാണ് ഇന്ന് യു.ഡി.എഫ്.-ന്റെ വലിയ കരുത്ത്. ജനങ്ങളോടൊപ്പം ചേർന്നുനിൽക്കുന്ന ഗവൺമെന്റ് ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്.

നമുക്കറിയാം, ബഹുമാനപ്പെട്ട കൽപ്പറ്റ അംഗമായ മന്ത്രി ഇവിടെയില്ല. മുണ്ടക്കൈ-ചൂരൽമലയിൽ ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടുപോയ പാവപ്പെട്ട ആളുകൾക്ക് ഒരു ഷെൽട്ടർ എന്ന രൂപത്തിലാണ് നമ്മളെല്ലാവരും കൈകോർത്തുകൊണ്ട് അവിടെയൊരു ടൗൺഷിപ്പ് രൂപീകരിച്ചത്. അതിന്റെ ഉദ്ഘാടനത്തിന്റെ സാഹചര്യത്തിൽപോലും എന്താണ് ചെയ്തത്. തീർത്തും രാഷ്ട്രീയപ്രേരിതമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് അവിടത്തെ അന്നത്തെ എം.എൽ.എ.യും ഇന്നത്തെ മന്ത്രിയുമായ അദ്ദേഹത്തെ അവിടെവച്ച് ചില ആളുകൾ കൂകിവിളിക്കുകയാണ് ചെയ്തത്. അങ്ങനെ ചെയ്തപ്പോൾ ജനങ്ങൾ എന്താണ് ചെയ്തത്. അങ്ങനെ അവിടെയുള്ള ചില ആളുകൾ പരസ്പരവിരുദ്ധമായ കാര്യങ്ങൾ ചെയ്തുകൊണ്ട് കൂവിയിട്ടും ആ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വലിയ ഭൂരിപക്ഷത്തിന് വീണ്ടും അദ്ദേഹത്തെ തിരഞ്ഞെടുത്തു എന്നുമാത്രമല്ല ആ ടൗൺഷിപ്പിന്റെ നോട്ടക്കാരനായി, അതിന്റെ നിർമ്മാണ പൂർത്തീകരണത്തിനുവേണ്ടി അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു

*01-07-2026*
*Legislative Business (Contn...)*

എന്നതാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സൗന്ദര്യം. അത്യധികം ജനങ്ങൾ ഈയൊരു ഗവൺമെന്റിനെ വലിയ പ്രതീക്ഷയോടെയാണ് അധികാരത്തിലേറ്റിയിരിക്കുന്നത്. തീർച്ചയായും നമുക്ക് ഒരുപാട് പദ്ധതികളും പരിപാടികളും നിയോജകമണ്ഡലങ്ങളിലും സംസ്ഥാന തലത്തിലൊക്കെ ആവിഷ്കരിക്കാൻ ഈ പദ്ധതി ഗുണം ചെയ്യുന്നതാണ്. പുതിയ ബജറ്റിന്റെ ഭാഗമായുള്ള ധനവിനിയോഗ ബിൽ തീർത്തും പ്രതീക്ഷ നൽകുന്നതാണ്. എല്ലാ വകുപ്പുകൾക്കും കൂടുതൽ പദ്ധതികൾ ലഭിക്കുന്നതാണ്.

ഞാൻ ഒറ്റ കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപാധിരഹിത പ്ലാൻ ഫണ്ട് നൽകും എന്നൊരു പ്രസ്താവന നമുക്കുണ്ടായിരുന്നു. അത് ഒന്ന് പരിശോധിച്ച് നടപ്പാക്കിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില പദ്ധതികൾ കൃത്യമായി നടപ്പാക്കാൻ കഴിയും. അതോടൊപ്പംതന്നെ കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തുപോലും ഉയർന്നുവന്നിട്ടുള്ള ഒരു പരിപാടിയാണ് ജനസമ്പർക്ക പരിപാടി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഒരു മാർഗനിർദേശത്തിന്റെ ഭാഗമായാണ് പദ്ധതി ആസൂത്രണത്തിന് നൽകുന്നത്. പക്ഷെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യങ്ങൾ വ്യത്യസ്തമാണ്. എന്റെ തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ ആവശ്യമല്ല ഇവിടെ തിരുവനന്തപുരത്തുള്ള ഒരു നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. അതുകൊണ്ട് തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഗ്രാമസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അത്തരത്തിൽ തദ്ദേശീയ ആവശ്യമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകി മുന്നോട്ടുകൊണ്ടുപോകാനുള്ള അവസരംകൂടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗമായി ഉണ്ടാകണം എന്ന് ഈ അവസരത്തിൽ അഭ്യർഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എല്ലാ അർഥത്തിലും പിന്തുണച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: സർ, ഞാൻ ഈ ധനകാര്യ ബില്ലിനെ സർവാത്മനാ പിന്തുണയ്ക്കുന്നു. ഈ ധനകാര്യ ബില്ലും ബജറ്റുമൊക്കെ സാമ്പത്തികമായും വലിയ ദുരന്ത മുഖത്ത് നിൽക്കുന്ന കേരളത്തിന് ഒരു മൃതസഞ്ജീവനിയായിട്ടാണ് ഈ ബജറ്റിനെ നിഷ്പക്ഷമായി സമീപിക്കുന്ന ആളുകൾക്ക് ബോധ്യപ്പെട്ടിട്ടുള്ളതെന്ന് പറയാൻ ഞാൻ

*01-07-2026*
*Legislative Business (Contn...)*

ആഗ്രഹിക്കുന്നു. സാമ്പത്തികമായും സമ്പൂർണ്ണമായും തകർന്നൊരു സംസ്ഥാനമെന്നതിന് ഒട്ടും അതിശയോക്തിയില്ല. കാരണം ആർ.ബി.ഐ.-യുടെ കണക്കുകൾ പ്രകാരം അഞ്ച് ലക്ഷം കോടി രൂപയാണ് കേരളത്തിന്റെ പൊതു കടം. റവന്യൂ വരുമാനത്തിന്റെ 77 ശതമാനവും കമ്മിറ്റഡ് എക്സ്പെൻഡിച്ചറിനുവേണ്ടി ഉപയോഗിക്കുന്നൊരു സംസ്ഥാനമാണ് നമ്മുടേത്. അതിൽത്തന്നെ 21 ശതമാനം പലിശകളുടെ അടവിനുവേണ്ടി മാത്രമായാണ് വിനിയോഗിക്കുന്നത്. ജി.എസ്.ഡി.പി.-യുടെ 1.3 ശതമാനമാണ് മൂലധന ചെലവുകൾക്കായി കേരളം വിനിയോഗിക്കുന്നത്. അത് ഈ രാജ്യത്തുതന്നെ ഏറ്റവും ദയനീയമായ കണക്കാണ്. അത്തരം സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള നൂതന പദ്ധതികളും പുതിയ വഴിത്താരകളുമായി ധനകാര്യ ബില്ലും ബജറ്റ് നിർദേശങ്ങളും നമ്മുടെ മുന്നിലെത്തുന്നത്. കേരള ജനത വളരെ ആവേശത്തോടുകൂടിയാണ് ഈ ബജറ്റിനെയും സംസ്ഥാന ഗവൺമെന്റിന്റെ ആദ്യ ചുവടുകളെയുമൊക്കെ നോക്കിക്കാണുന്നത്.

ഈ ബജറ്റുമായി ബന്ധപ്പെട്ട് ഏറ്റവും ശ്രദ്ധേയമായ കാര്യം, നികുതി വരുമാന വർധനവിനുവേണ്ടിയുള്ള ഈ ബജറ്റിന്റെയും ധനകാര്യ ബില്ലിന്റെയും പ്രതിജ്ഞാബദ്ധതയാണ്. 2015-2016 കാലത്തെ ജി.എസ്.ഡി.പി.-യുടെ 6.94 ശതമാനമായിരുന്നു നമ്മുടെ നികുതി വരുമാനം. പിണറായി സർക്കാർ ആദ്യമായി അധികാരത്തിലേറിയ വർഷത്തിൽ 6.94 ശതമാനമാണ് ജി.എസ്.ഡി.പി.-യുടെ നികുതി വരുമാന തോത്. അന്ന് ദേശീയ ശരാശരി 6.35 ശതമാനമായിരുന്നു. എന്നാൽ പത്ത് വർഷത്തിനുശേഷം അവർ അധികാരത്തിൽ നിന്നൊഴിയുമ്പോൾ ജി.എസ്.ഡി.പി.-യുടെ 6.41 ശതമാനമാണ് നമ്മുടെ ഇന്നത്തെ നികുതി വരുമാന തോത്. അപ്പോഴേക്കും ദേശീയ ശരാശരി 7 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇത്തരത്തിലാണ് കഴിഞ്ഞ രണ്ടു ടേമിലെയും സർക്കാരിന്റെ നികുതി വരുമാന വർധനവിലെ തോതും അവരുടെ പ്രകടനവുമെന്നത് നമ്മൾ പ്രത്യേകമായി വിലയിരുത്തേണ്ടതുണ്ട്.

അതുപോലെത്തന്നെ ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം, കിഫ്ബിയിലെ നിലവിലുള്ള പലിശയേക്കാൾ ഉയർന്ന നിരക്കിൽ വായ്പ എടുത്തുകൊണ്ട് എക്സ്ചെക്കറിനെ പ്രതിസന്ധിയിലാക്കിയ സർകാരുകൂടിയാണ് പത്ത് വർഷത്തെ അവരുടെ പ്രകടനം കഴിഞ്ഞ്

തിരിച്ചുപോയതെന്ന് നമ്മൾ മനസിലാക്കണം. ജി.എസ്.ടി. വരുമാനത്തിലെ വർധനവിലും വലിയ തോതിലുള്ള കുറവുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. 2024-25-ലെ ജി.എസ്.ടി. വരുമാനത്തിൽ തൊട്ടുമുമ്പത്തെ വർഷത്തേക്കാളുമുള്ള വരുമാന വർധനവ് 5.36 ശതമാനം മാത്രമാണ്. എന്നാൽ ഈ പുതിയ ബജറ്റ് അടുത്ത വർഷത്തെ നികുതി വരുമാന വർധനവായി 18.43 ശതമാനമാണ് കണക്കാക്കിയിട്ടുള്ളത്. നികുതി വരുമാനത്തിൽ വർധനവ് സംഭവിക്കുകയെന്നതാണ് ഖജനാവ് നിറക്കാനുള്ള ഏറ്റവും എളുപ്പത്തിലെ അല്ലെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പോംവഴി. അക്കാര്യത്തിൽ പ്രതിജ്ഞാബദ്ധത പുലർത്തികൊണ്ട് മുന്നോട്ടുപോകുന്ന ബിൽ നിർദേശങ്ങളും ബജറ്റുമാണ് നമ്മുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്.

ബജറ്റിലെ ഏറ്റവും സുപ്രധാനമായ ഒരു കാര്യം ദുർബല വിഭാഗങ്ങളെ ചേർത്തുപിടിക്കുന്നതാണ്. കൂടാതെ, ശാസ്ത്ര സാങ്കേതിക രംഗത്ത് നിർണ്ണായകമായ ചുവടുവയ്പുകൾ ഈ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു ഭരണഘടനയുടെ ഭാഗമാക്കുകയും പിന്നീട് ഇന്ദിരാ ഗാന്ധി മൗലിക കടമയുടെ ഭാഗമാകുകയും ചെയ്ത സയന്റിഫിക് ടെമ്പർ യഥാവിധി ഉൾക്കൊണ്ടുകൊണ്ട് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ഈ ബജറ്റ് പുരോഗമനപരമായി ചിന്തിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഏറെ പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒന്നാണ്. ശാസ്ത്ര സേവനത്തിനും ഗവേഷണത്തിനുമായി 205.18 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പറിനുവേണ്ടി 25 കോടിയും സയന്റിഫിക് സിറ്റിക്കുവേണ്ടി 10 കോടി രൂപയും വകയിരുത്തിയ സർക്കാരാണിത്.

നമ്മുടെ മുമ്പാകെ ഇന്ന് വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയായ ശ്രീ. സണ്ണി ജോസഫ് നടത്തിയ പ്രസ്താവനയുടെ പകർപ്പ് എല്ലാ അംഗങ്ങളുടെയും മേശപ്പുറത്തുണ്ട്. ആ പകർപ്പിൽ പറഞ്ഞിരിക്കുന്ന നമ്മളെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യം കേരളത്തിൽ ഉപഭോഗം നടക്കുന്ന വൈദ്യുതിയുടെ 80 ശതമാനത്തിൽ അധികവും അന്യസംസ്ഥാനത്തുനിന്ന് കടമെടുക്കുകയാണെന്നാണ്. 18-19 ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപാദിക്കപ്പെടുന്നതെന്നാണ് പറയുന്നത്. തീർച്ചയായും ഊർജ പ്രതിസന്ധി

*01-07-2026*
*Legislative Business (Contn...)*

എത്രമാത്രം രൂക്ഷമാണെന്നതിന് മറ്റൊരു തെളിവ് ആവശ്യമില്ല. അവിടെയാണ് പുനരുപയോഗ ഊർജ സ്രോതസുകളെ ഫലപ്രദമായി ഗ്രീൻ അമോണിയയും ഗ്രീൻ മെഥനോളും ഗ്രീൻ ഹൈഡ്രജനുമൊക്കെയാക്കി മാറ്റി ഗ്രീൻ ഹൈഡ്രജൻ ഹബായി കേരളത്തെ മാറ്റുക എന്ന വിപ്ലവകരമായ ഒരു പ്രഖ്യാപനമുള്ളത്. തീർച്ചയായും ഇത് നമ്മുടെ മുന്നോട്ടുള്ള വലിയ ചുവടുവയ്പിലേക്കുള്ള വാതായനങ്ങളാണ് തുറക്കുന്നതെന്ന കാര്യത്തിൽ തർക്കമില്ല. അതുപോലെതന്നെ സംയോജിത പ്രാദേശിക വികസന ക്ലസ്റ്ററുകളിലൂടെയാണ് ആധുനിക കാലത്ത് പല സ്ഥലങ്ങളിലും വികസനം ഉണ്ടായിട്ടുള്ളതെന്നത് നമ്മളിവിടെ പകർത്തിവച്ചിട്ടുണ്ട്. സതേൺ കേരള ഇക്കണോമിക് കോറിഡോറും കൊച്ചി-തൃശ്ശൂർ ആഭരണ ഇടനാഴിയുമുൾപ്പെടെ എല്ലാ പ്രാദേശിക സന്തുലിതത്വവും പാലിച്ചുകൊണ്ട് വളരെ ദീർഘദർശനത്തോടുകൂടിയുള്ള നിർദേശങ്ങൾ ഈ ബജറ്റിലുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷക്ക് വകനൽകുന്ന ഒന്നാണ്.

മാനുഷിക വിഭവശേഷി പ്രത്യേകിച്ചും യുവാക്കളുടെ കർമ്മശേഷി നഷ്ടപ്പെടാതെ അവരെ കേരളത്തിൽത്തന്നെ നിലനിർത്തുന്നതിനാവശ്യമായ വിധത്തിൽ വിദ്യാഭ്യാസത്തിലും തൊഴിലിലുമൊക്കെ പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് വികസന പങ്കാളിത്തത്തിലവർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. Gen-z കൾക്കുവേണ്ടി റോബോട്ടിക്സും എ.ഐ.-യും ഇന്റർനെറ്റ് ഓഫ് സർവീസും ഡാറ്റ അനലറ്റിക്സുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേക ഫണ്ട് നീക്കിവച്ചത് തീർച്ചയായും ഭാവിയിലേക്കുള്ള വലിയ കരുതലിനെ സൂചിപ്പിക്കുന്ന ഒന്നാണെന്ന് പറയാൻ ആഗ്രഹിക്കുന്നു.

കേരള മോഡലിന്റെ അടിസ്ഥാന തത്വങ്ങളോടും നയങ്ങളോടും അതിന്റെ അന്തഃസത്തയോടും നീതി പുലർത്തുന്നൊരു ബജറ്റാണിത്. കാരണം രാഷ്ട്രീയ ഭേദമെന്യേ നമ്മളെല്ലാവരും ഒരുമിച്ച് പ്രതിനിധീകരിക്കുകയും നമുക്ക് നിരവധി നേട്ടങ്ങൾ നൽകുകയും ചെയ്തത് കേരള മോഡലാണ്. അധികാര വികേന്ദ്രീകരണം എന്ന ആശയം കേരള മോഡലിന്റെ ഭാഗമാണ്. അവിടെയാണ് കഴിഞ്ഞ പത്ത് വർഷമായി പ്രാദേശിക ഭരണകൂടങ്ങളോട് അവഗണന കാണിച്ച സർക്കാരിന്റെ സമീപനത്തിൽനിന്നും വ്യത്യസ്തമായി സംസ്ഥാന ധനകാര്യ കമ്മീഷന്റെ പുതുക്കിയ പദ്ധതി വിഹിതത്തിന്റെ 28.5 ശതമാനമായ

8,655.45 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് നീക്കിവച്ചുകൊണ്ട് ഈ ബജറ്റിൽ/ഈ ബില്ലിൽ നിർദേശങ്ങളുള്ളത്. തീർച്ചയായും അധികാര വികേന്ദ്രീകരണത്തോടുള്ള വലിയ പ്രതിബദ്ധതകൂടി ഈ ബജറ്റും ബില്ലും ഉയർത്തിപ്പിടിക്കുന്നുവെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇൻവെസ്റ്റ്മെന്റ് കേരള സെൽ രൂപീകരിക്കുകയും ലോജിസ്റ്റിക്സും സാങ്കേതികവിദ്യയും ഉൽപാദനവും ഗവേഷണവും പ്രകൃതി വിഭവങ്ങളുമൊക്കെ ചേർന്ന ഏവിയേഷൻ ഹബ് എന്ന ആശയം മുന്നോട്ടുവയ്ക്കുന്നു. എയ്റോ പാർക്കും എയ്റോസിറ്റിയുമുണ്ട്. വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖല എന്നൊരു ആശയം മുന്നോട്ടുവയ്ക്കുന്നു. കൂടാതെ, മിഷൻ സമുദ്ര എന്നത് ഗൃഹാതുരത്വത്തിന്റെ തിരിച്ചുവരവ് കൂടിയാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. സമുദ്രങ്ങൾ, പുഴകൾ, ഉൾനാടൻ ജലപാതകൾ എന്നിവയായിരുന്നു പഴയ കാലത്ത് കേരളത്തിന്റെ തീരദേശങ്ങളിലെ അല്ലെങ്കിൽ ഇടനാടുവരെയുള്ള പ്രദേശങ്ങളിലെ പ്രധാനപ്പെട്ട വിനിമയ മാർഗങ്ങൾ. അത് ഇവിടെ തിരിച്ചുവരികയും റോഡിനെയും റെയിൽവേയെയും ചേർത്തുകൊണ്ട് സമ്പൂർണ്ണമാക്കുകയും ചെയ്യുന്നു. ഗ്രീൻഫീൽഡ് സിറ്റിയും മാരിടൈം ഇക്കോണമിയും ഉൾപ്പെടെയുള്ള സംവിധാനങ്ങളോടുകൂടി അത് പുനരവതരിക്കുമ്പോൾ തീർച്ചയായും കേരളത്തിന് പുതിയ വഴിത്താരകൾ വെട്ടിത്തുറക്കുകയാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

സുഗന്ധ വ്യഞ്ജനങ്ങളെയും സമുദ്ര ഉൽപന്നങ്ങളെയും കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത ഉൽപന്നങ്ങളെയും പരിപോഷിപ്പിച്ചുകൊണ്ട് മുന്നോട്ടുവയ്ക്കുന്ന ബ്രാൻഡ് കേരള നമ്മുടെ ഗൃഹാതുരത്ത്വത്തെ തൊട്ടുണർത്തുന്നുവെന്നാണ് ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' എന്ന കവി വാക്യത്തെ അടയാളപ്പെടുത്തുകയാണ്, പട്ടികജാതി മേഖലയ്ക്ക് 527.68 കോടി രൂപയും പട്ടികവർഗ്ഗ മേഖലയ്ക്ക് 152.52 കോടി രൂപയും മത്സ്യബന്ധന മേഖലയ്ക്ക് 50 കോടി രൂപയുമൊക്കെ നീക്കിവച്ചുകൊണ്ടുള്ളതാണ് നമ്മുടെ ബജറ്റും ബിൽ നിർദേശങ്ങളുമെന്ന് പറയാതിരിക്കാൻ കഴിയില്ല. തീർച്ചയായും ഇവിടെ ഒരുപാട് ജനോപകാരപ്രദമായതും പാവപ്പെട്ടവരുടെ

*01-07-2026*
*Legislative Business (Contn...)*

കണ്ണീരൊപ്പിയതുമായ പദ്ധതികൾ തിരിച്ചുവരികയാണ്. കാരുണ്യ ബെനവലന്റ് ഫണ്ട്, ശ്രുതിതരംഗവും സ്നേഹപൂർവവും സ്നേഹസ്പർശവും സ്നേഹസാന്ത്വനവും ആശ്വാസകിരണവും വയോമിത്രവും സുഹൃദവും താലോലവും കാൻസർ സുരക്ഷകളുമൊക്കെ വീണ്ടും തിരിച്ചുവരുന്നൊരു അന്തരീക്ഷം ഈ ബജറ്റിലും നിർദേശങ്ങളിലുമൊക്കെ സംജാതമായിരിക്കുകയാണ്. ഇവിടെ പ്രഖ്യാപിതമായ കേരള മോഡലിന്റെ അന്തഃസത്തയോട് പൂർണ്ണമായും നീതിപുലർത്തിക്കൊണ്ടും പുതിയ കാലഘട്ടങ്ങളിലെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടും കേരളത്തിന്റെ അടിസ്ഥാന വിഭവങ്ങളെ പരമാവധി നാളകളിലേക്കുള്ള മുന്നേറ്റത്തിന് ഉപയുക്തമാക്കുന്ന വിധത്തിലുള്ള നീക്കങ്ങൾ ഈ ബജറ്റിൽ കാണാൻ സാധിക്കും.

പരസ്യ വാചകത്തിൽ പറയുംപോലെ, ' വീട്ടിൽ സ്വർണ്ണം വച്ചിട്ട് എന്തിന് നാട്ടിൽ തേടി നടപ്പൂ' എന്ന മട്ടിലാണ് കേരളത്തിന്റെ പോക്ക്. നമ്മെ സംബന്ധിച്ചിടത്തോളം വലിയ തോതിലുള്ള വികസന മുന്നേറ്റങ്ങൾക്കാവശ്യമായ ധാതുലഭ്യത നമ്മുടെ സംസ്ഥാനത്തുതന്നെ സുലഭമാണെന്നിരിക്കെ, വറുതിയുടെ വഴികളിലൂടെ ബോധപൂർവം സഞ്ചരിക്കുകയാണ്. അത്തരത്തിലുള്ള മുൻവിധികളെയൊക്കെ തകർത്തുകൊണ്ട് പുതിയ വഴികളും ലഭ്യതയും കൃത്യമായി ഉപയോഗിച്ച് നിലവിലുള്ള സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ഭാവിയിലേക്ക് കൃത്യമായ പാത വെട്ടിതീർക്കുന്നതിനുള്ള ചിന്തകളാണ് ബജറ്റിലും ബില്ലിലുമുള്ളത്. അത്തരത്തിലാണ് ഇത് കേരളത്തിനൊരു മൃതസഞ്ജീവനയാകുന്നത്.

അതേസമയംതന്നെ അവശരായവരെ ചേർത്തുപിടിക്കാനും പരിസ്ഥിതിയെ നോവിക്കാതെ ഇതിനെ ഏകോപിപ്പിക്കാനുമുള്ള വലിയ ശ്രദ്ധ നമ്മുടെ ബജറ്റിൽ കാണിച്ചിട്ടുണ്ട്. ഊർജ പ്രതിസന്ധി നേരിടുന്ന പ്രശ്നങ്ങൾക്കൊക്കെയുള്ള കൃത്യമായ പരിഹാര മാർഗങ്ങളും ബജറ്റിലുണ്ട്. പ്രവാസികളെയും വയോജനങ്ങളെയും ചേർത്തുപിടിച്ചിട്ടുണ്ട്. യുവാക്കളെയും ജെൻസികളെയും പ്രത്യേകമായി ഈ ബജറ്റിൽ നിരീക്ഷിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അവരെ കൂട്ടിച്ചേർത്ത് മുന്നോട്ടുപോകുന്നതിനുള്ള നയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടെന്നത് വലിയൊരു നേട്ടമാണ്. അതുകൊണ്ടുതന്നെ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കേണ്ടതും അംഗീകരിക്കേണ്ടതും ബജറ്റിനെ പ്രോത്സാഹിപ്പിക്കേണ്ടതും

*01-07-2026*
*Legislative Business (Contn...)*

അതിനോടൊപ്പം നിൽക്കേണ്ടതും കേരളത്തിന്റെ മുഴുവൻ ബാധ്യതയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരിക്കൽക്കൂടി ഈ ധനകാര്യ ബില്ലിനെ സമ്പൂർണ്ണമായും പിന്തുണയ്ക്കുന്നു. നന്ദി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ബജറ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത രൂക്ഷമായ ധനപ്രതിസന്ധിയിൽ ഉഴലുമ്പോഴും കഴിഞ്ഞ സർക്കാർ വരുത്തിവച്ച ബാധ്യതകളുടെ വലിയ കടംപേറുമ്പോഴും ജനങ്ങളെ പ്രയാസപ്പെടുത്താതെ ജനങ്ങളുടെ തലയിൽ നികുതിഭാരം കെട്ടിവയ്ക്കാതെ ഈ ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നതാണ്. അതിശക്തമായ ടാക്സ് ഡ്രൈവ് നടത്തിയും നല്ല രീതിയിലുള്ള ഫിനാൻസ് മാനേജ്മെന്റ് നടപ്പാക്കിയും ഖജനാവിലെ ചോർച്ച തടഞ്ഞും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ചും പണമുണ്ടാക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസത്തിലാണ് സർക്കാർ. ജനങ്ങളുടെ തലയിൽ നികുതി കെട്ടിവച്ചിട്ടല്ലാതെ പണമുണ്ടാക്കി വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കും. വളരെ പരിമിതമായ നിർദേശങ്ങളാണ് പ്രസ്തുത ഫിനാൻസ് ബില്ലിൽ പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നൊരു വാക്കൗട്ട് പ്രസംഗം നടത്തി. ഫിനാൻസ് ബില്ലിലെ വീര്യം കുറഞ്ഞ മദ്യത്തിന്റെ കാര്യം ഒളിച്ചാണ് കടത്തിയതെന്നും അതുകൊണ്ട് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിലിരുന്നപ്പോൾ അദ്ദേഹത്തിന് മനസ്സിലായില്ലെന്നും ഇങ്ങനെയൊരു ഫിനാൻസ് ബിൽ വരുമെന്നും അതിനകത്ത് ഇതുണ്ടാകുമെന്നും അറിഞ്ഞില്ലെന്നുമാണ് അദ്ദേഹം വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞത്. എന്നാണ് ബജറ്റ് അവതരിപ്പിച്ചത്? 19-06-2026-ലാണ് ബജറ്റ് അവതരിപ്പിച്ചത്. ആ ബജറ്റിലാണ് പ്രസ്തുത നികുതി നിർദേശം വരുന്നത്. എന്നാണ് ബി.എ.സി. കൂടുന്നത്? 23-06-2026-ലാണ് ബി.എ.സി. കൂടുന്നത്. ബി.എ.സി. കൂടി ഫിനാൻസ് ബില്ലിന്റെ കാര്യം അവതരിപ്പിക്കുമ്പോൾ, ഈ ഫിനാൻസ് ബില്ലിൽ ബജറ്റിലെ നികുതി നിർദേശം വരുമെന്ന് അറിയാത്ത ആളാണോ പത്തുവർഷം മുഖ്യമന്ത്രിയായിരുന്ന പ്രതിപക്ഷ നേതാവ്; ബജറ്റിൽ വരുന്ന നികുതിയിളവുകളും നികുതി നിർദേശങ്ങളും ഫിനാൻസ് ബില്ലിൽ വരുമെന്ന് അറിയാത്ത ഒരാളാണോ പത്തുവർഷം കേരളം ഭരിച്ചത്? എനിക്ക് അത്ഭുതം തോന്നുന്നു. എന്നിട്ട്, ഫിനാൻസ് ബില്ലിൽ ഈ വിഷയം

ഒളിച്ചുകടത്തിയെന്നാണ് അദ്ദേഹം പറയുന്നത്. ഫിനാൻസ് ബില്ലിൽ ഈ വിഷയം ഒളിച്ചുകടത്തിയതല്ല. ടാക്സ് നിർദേശം ബജറ്റിൽ അവതരിപ്പിച്ചതാണ്. അതിന്റെ സാഹചര്യങ്ങളെക്കുറിച്ച് ബജറ്റിന്റെ സമാപന പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു. ഞാനത് ഒന്നുകൂടി പറയുമെന്ന് അദ്ദേഹത്തിനറിയാം. അത് കേൾക്കാതിരിക്കാൻവേണ്ടിയാണ് വാക്കൗട്ട് നടത്തിയതെന്ന് എനിക്കറിയാം. എന്നാലും റെക്കോർഡിൽ കിടക്കട്ടെ, അദ്ദേഹം പറഞ്ഞിട്ട് പോയതല്ലേ;

പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ആരംഭിക്കുന്നത് 16-11-2021-ലാണ്. അതുസംബന്ധിച്ച് എൽ.ഡി.എഫ്. സർക്കാരിന്റെ സെക്രട്ടറിയുടെ ഒരു കുറിപ്പുണ്ട്; "വീര്യം കുറഞ്ഞ മദ്യത്തിന്റെ ലഭ്യത പ്രോത്സാഹിപ്പിക്കണമെന്ന് ഇക്കാര്യത്തിൽ നിയോഗിച്ചിട്ടുള്ള

എ.പി. ഉദയഭാനു കമ്മീഷനും ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയും ശിപാർശ ചെയ്തിട്ടുള്ളതാണ്. വില്പന നടത്തുന്നത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ മുഖേനയായതിനാൽ നിശ്ചിത പ്രായപരിധിക്ക് മുകളിലുള്ളവർക്കുമാത്രമെ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്താവുന്നതാണ്." ഈ സർക്കാരിന്റെ കാലഘട്ടത്തിലുള്ളതല്ല. 2021-ലെ സർക്കാരിന്റെ കാലഘട്ടത്തിലുള്ളതാണ്. "ആയതിനാൽ ഇത്തരം മദ്യം ജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ വ്യാപകമാകുമോയെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലാത്തതാണ്. വീര്യമുള്ള മദ്യത്തെപ്പോലെ ആരോഗ്യത്തെ കൂടുതൽ ഹാനികരമായി ബാധിക്കുമെന്നും കാണുന്നില്ല. ടൂറിസം-ഐ.റ്റി. മേഖലകളിൽ ഉണർവുണ്ടാക്കുന്നതിനും സഹായകരമാണ്." നോട്ട് (4)-ലെ ഖണ്ഡിക (4)-ൽ പറയുന്നത്; "ബക്കാർഡി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്.ഡി.എഫ് ഇൻഡസ്ട്രീസ് എന്നീ കമ്പനികൾ നൽകിയ അപേക്ഷകളും സമാനമായ മറ്റ് അപേക്ഷകളും ഒരുമിപ്പിച്ച് ഖണ്ഡികയിൽ പറയുംപ്രകാരം വീര്യം കുറഞ്ഞ മദ്യത്തിന് വ്യക്തമായ നിർവചനം നൽകി, വിശദമായ റിപ്പോർട്ട് അടിയന്തരമായി അവതരിപ്പിക്കുകയാണ്." നോട്ട് (47): അന്നത്തെ മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ ചട്ടഭേദഗതിയുടെ കരട് അംഗീകരിച്ചു. 25-07-2022-ൽ നോട്ട് (63) & നോട്ട് (70): കരട് ചട്ട ഭേദഗതി സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് നൽകാനുള്ള അംഗീകാരം. ശ്രീ. എം.

വി. ഗോവിന്ദൻ, മന്ത്രിയായിരിക്കുമ്പോൾ നൽകി. ചട്ടം രൂപീകരിക്കേണ്ട സാഹചര്യം വിശദീകരിക്കുന്ന, സബ്ജക്ട് കമ്മിറ്റിക്ക് അയച്ച കുറിപ്പ് ഞാൻ വായിക്കാം. ഞാൻ ഈ വിഷയം ധനകാര്യ ബില്ലിൽ കൊണ്ടുവന്നപ്പോൾ മദ്യ വ്യാപനമുണ്ടാകുമെന്ന് പറഞ്ഞ ആളുകളാണ്; സബ്ജക്ട് കമ്മിറ്റിയുടെ നോട്ടിൽ ഇങ്ങനെ എഴുതിയിരിക്കുന്നത്. "സമൂഹത്തിൽ വർധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് മദ്യവർജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിവരുന്നത്. മദ്യനിരോധനം പ്രായോഗികമായും വിജയകരമായി നടപ്പാക്കാൻ കഴിയില്ലെന്ന് അനുഭവങ്ങളിലൂടെ ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് മദ്യവർജനമെന്ന ആശയം കൈക്കൊണ്ടത്. സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കുന്നതുസംബന്ധിച്ച പഠനം നടത്തിയ ഉദയഭാനു കമ്മീഷൻ വീര്യം കൂടിയ മദ്യം ഘട്ടംഘട്ടമായി കുറച്ചുകൊണ്ട് വീര്യം കുറഞ്ഞ മദ്യ ഉപയോഗത്തിലേക്ക് ജനങ്ങളെ കൊണ്ടുവരണമെന്ന് ശിപാർശ ചെയ്തിരുന്നു. സംസ്ഥാനത്ത് നിലവിൽ വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വീര്യം 42.86 ശതമാനമാണ്. ഇതോടൊപ്പംതന്നെ 20 ശതമാനംവരെ വീര്യമുള്ള മദ്യം ലഭ്യമാക്കിയാൽ വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നു. 2022-23-ലെ പഴയ സർക്കാരിന്റെ മദ്യനയത്തിൽ 20 ശതമാനം വരെയുള്ള വീര്യം കുറഞ്ഞ മദ്യം വിപണനം നടത്തുന്നതിന് അനുമതി നൽകുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. അതിന്റെ ഭാഗമായി 0.5 ശതമാനം മുതൽ 20 ശതമാനം വരെ വീര്യമുള്ള മദ്യ വില്പന നടത്തുന്നതിന് അനുമതി നൽകുന്നതിനായി വിദേശ മദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടം തയ്യാറാക്കിയിരുന്നു. പ്രസ്തുത കരട് ചട്ടം നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നു." ഇതുപ്രകാരം വിദേശ മദ്യത്തിന്റെ റൂൾസിൽ ഭേദഗതി നടത്തിക്കഴിഞ്ഞാൽ ഓരോ വിഭാഗമായി പരിഗണിക്കും. ബിയർ, വൈൻ തുടങ്ങിയ 400 രൂപയിൽ കൂടുതലുള്ള മദ്യവും അതിനുതാഴെ വിലയുള്ള മദ്യവും ഓരോ വിഭാഗമായി തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിനും നികുതി ഏർപ്പെടുത്തിയിട്ടുമുണ്ട്. നികുതി വകുപ്പിൽ ഇങ്ങനെ നിശ്ചയിച്ചിരിക്കുന്ന ഒരോ വിഭാഗത്തിനും നികുതി നൽകണം. ആ നികുതി നിരക്കാണ് ഈ ബജറ്റിലൂടെ സർക്കാർ നിശ്ചയിച്ചത്. മുമ്പത്തെ ഫയലുകളിൽ അവരെല്ലാം ആവശ്യപ്പെട്ടിരുന്നത് ബിയറിനും വൈനിനും ഇടയ്ക്കുള്ള നികുതി വേണമെന്നാണ്.

*01-07-2026*
*Legislative Business (Contn...)*

എന്നാൽ നമ്മൾ അത് ചെയ്തില്ല. സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യത്തിന്റെ വിപണനം അനുവദിക്കുന്നതിനായി 2022-23-ലെ സർക്കാരിന്റെ കാലയളവിൽ വിദേശ മദ്യ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനാലാണ് 0.5 ശതമാനം v/v മുതൽ 10 ശതമാനം v/v വരെ വീര്യമുള്ളവയ്ക്ക് ബിയർ, വൈൻ എന്നിവയേക്കാൾ ഉയർന്ന 120 ശതമാനം വില്പന നികുതി നിരക്കും 10 ശതമാനം v/v-നുമുകളിൽ 20 ശതമാനം v/v വരെ വീര്യമുള്ളവ (ആൽക്കഹോളിക് കണ്ടന്റ്)-യ്ക്ക് 175 ശതമാനം വില്പന നികുതി നിരക്കും നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തി. ഞങ്ങളത് പരിശോധിച്ചപ്പോൾ സൗത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും വീര്യം കുറഞ്ഞ മദ്യത്തിന്റെ ഏറ്റവും ഉയർന്ന നിരക്കാണ് കേരളത്തിലുള്ളത്. കർണ്ണാടകയിൽ വളരെ ഡീറ്റെയിൽഡായിട്ടുള്ള സ്റ്റഡി നടത്തുകയും സിദ്ധരാമയ്യ സർക്കാർ അത് നടപ്പാക്കുകയും ചെയ്തു. ആ ഉത്തരവിൽ അവർ വേൾഡ് ഹെൽത്ത് ഓർഗനൈസേഷനെ (WHO) ക്വാട്ട് ചെയ്തിട്ടുണ്ട്. ഹാർഡ് ലിക്വർ ഉപയോഗിച്ചതുകൊണ്ടുണ്ടാകുന്ന ലിവർ ഡിസീസസ്, കാർഡിയോ വാസ്കുലാർ ഡിസീസ് തുടങ്ങിയ ധാരാളം അസുഖങ്ങളെപ്പറ്റി WHO-യുടെ ഡോക്യുമെന്റിൽ പരാമർശിച്ചിട്ടുണ്ട്. എല്ലാ മദ്യനിർമ്മാണ കമ്പനികളോടും ഹാർഡ് ലിക്വറിന്റെ പ്രൊഡക്ഷൻ കുറയ്ക്കുകയും ആൽക്കഹോളിക് കണ്ടന്റ് കുറവായ മദ്യത്തിന്റെ പ്രൊഡക്ഷനിലേക്ക് പോകണമെന്നും അല്ലെങ്കിൽ ലോകം മുഴുവനും രോഗാതുരമാകുമെന്നും അപകടമാണെന്നുമാണ് WHO പറയുന്നത്. WHO-ന്റെ ഗ്ലോബൽ സ്ട്രാറ്റജി റിപ്പോർട്ട് ക്വാട്ട് ചെയ്തുകൊണ്ടാണ് കർണ്ണാടകയിലെ സിദ്ധരാമയ്യ സർക്കാർ ഉത്തരവ് ഇറക്കിയത്. അതിനുശേഷം മൂന്നുമാസം മുമ്പ് അവർ മൊത്തം നികുതി നിരക്കിലും മാറ്റം വരുത്തി. ആൽക്കഹോളിക് കണ്ടന്റ് കുറഞ്ഞതും വീര്യം കുറഞ്ഞതുമായ മദ്യത്തിന് കുറഞ്ഞ നികുതി ഏർപ്പെടുത്തി. ബിയർ, വൈൻ തുടങ്ങിയ വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി നിരക്ക് കുറയ്ക്കുകയും ഹാർഡ് ലിക്വറിന്റെ നികുതി നിരക്ക് കൂട്ടുകയും ചെയ്തു. ഇക്കാര്യം ഞാൻ വളരെ കൃത്യമായി പറഞ്ഞു. നികുതി വകുപ്പിന്റെ മുമ്പിൽ ഈ വിഭാഗത്തിനും ഞങ്ങൾ നികുതി ഏർപ്പെടുത്തി. വീര്യം കുറഞ്ഞ മദ്യം കേരളത്തിൽ വിൽക്കണമോയെന്നകാര്യം യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി തീരുമാനിക്കും. അങ്ങനെ വരുമ്പോൾ വീര്യം കുറഞ്ഞ മദ്യം

*01-07-2026*
*Legislative Business (Contn...)*

വേണ്ടെന്ന് തീരുമാനിച്ചാൽ അത് വിൽക്കില്ല. ഇനി വിൽക്കാമെന്ന് തീരുമാനിച്ചാൽ അത് പ്രോത്സാഹിപ്പിക്കാം. ഈ പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളവുംകൂടി ഇക്കാര്യം ചർച്ച ചെയ്യട്ടെ; എന്തിനാണ് യു.ഡി.എഫ്. മാത്രമായി ചർച്ച ചെയ്യുന്നത്? കേരളവുംകൂടി ചർച്ച ചെയ്ത് നികുതി വേണമെന്ന് തീരുമാനിച്ചാൽ നികുതി വകുപ്പ് ഈടാക്കുന്ന നികുതി ഇതായിരിക്കും. നോട്ടിഫിക്കേഷൻ വന്നാൽ അപ്പോൾത്തന്നെ വില്പന തുടങ്ങുമെന്ന് പറയുന്നതിൽ എന്ത് തെറ്റാണുള്ളത്? അദ്ദേഹം 5 വർഷക്കാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നയാളാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിനാണ് ഇതിന്റെ വില്പന. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനാണ് അതിന്റെ ഹോൾ സെയിൽ monopoly. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനല്ലാതെ കേരളത്തിൽ ഒരു ഏജൻസിക്കും ഇത് വിൽക്കാൻ സാധിക്കില്ല. അതായത് ബിവറേജസിന്റെ റീട്ടെയിൽ ഔട്ട്ലെറ്റിലേക്ക് പോകുന്ന ലിക്വറും സ്വകാര്യ ബാറുകളിലേക്ക് പോകുന്ന ലിക്വറും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽനിന്നുമാണ് പർച്ചേസ് ചെയ്യുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തിന്റെ ഭാഗമായി വീര്യം കുറഞ്ഞ മദ്യം വിൽക്കേണ്ടെന്ന് തീരുമാനിച്ചാൽ കെ.എസ്.ബി.സി. ഈ സാധനം കൊടുക്കില്ല. ഇത്രയേയുള്ളൂ; അല്ലാതെ നിയമപരമായി ബാധ്യത വരുമെന്നും മറ്റും പറയുന്നത്, ശരിയല്ല. നാളെ കെ.എസ്.ബി.സി. തീരുമാനിക്കുകയാണ് കേരളത്തിൽ ബിയർ അല്ലെങ്കിൽ വൈൻ വിൽക്കേണ്ടെന്ന്, അങ്ങനെ തീരുമാനിച്ചാൽ വിൽക്കില്ല. അങ്ങനെ വരുമ്പോൾ ആളുകൾ വീട്ടിലായിരിക്കും വൈനുണ്ടാക്കി വിൽക്കുന്നത് അത്രയുമേയുള്ളൂ. അല്ലാതെ മറ്റൊന്നും ചെയ്യില്ല. വളരെ ലളിതമായൊരു വിഷയമാണിത്. ഇതിനെ ഊതിപ്പെരുപ്പിച്ച് വലുതാക്കുകയാണിവിടെ. ഇതുമുഴുവൻ ചെയ്ത ആളുകൾ ഈ ഗവൺമെന്റിന്റെയും ബജറ്റിന്റെയും ഗ്രേസ് കളയാൻവേണ്ടി ചെയ്യുന്നതാണ് ഇതൊക്കെ. പിന്നെ കുറെ ആളുകൾക്കൂടെ അതിന്റെ കൂടെക്കൂടിയെന്ന് മാത്രമേയുള്ളൂ. അത് സാരമില്ല, കൂടിക്കോട്ടെ, അതെപ്പോഴും അങ്ങനെയുണ്ടാകും. അതിലൊന്നും വഴങ്ങുന്ന സർക്കാരല്ലിത്. ഈ സർക്കാരിന് കൃത്യമായ പരിപാടിയും പദ്ധതിയും പ്ലാനുമുണ്ട്. കൂടിയാലോചനകൾക്ക് ശേഷമുള്ള തീരുമാനമാണത്. ബജറ്റിലെ നികുതി നിർദേശം ആരുമായും കൂടിയാലോചിക്കാൻ സാധ്യമല്ല. അക്കാര്യത്തിൽ അതുമായി

*01-07-2026*
*Legislative Business (Contn...)*

ബന്ധപ്പെട്ടവരുമായി മാത്രമേ കൂടിയാലോചനകൾ നടത്തുകയുള്ളൂ. അക്കാര്യത്തിലുള്ളത് ഉറച്ച തീരുമാനമാണ്. പ്രസ്തുത തീരുമാനത്തിന്റെ ഭാഗമായാണ് ഈ ടാക്സ് ഇപ്പോൾ ഏർപ്പെടുത്തുന്നത്.

ഈ ബജറ്റിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10 ലക്ഷം രൂപ വരെ വില വരുന്ന ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത് സാധാരണക്കാരായ ആളുകളാണ്. അത്തരം വാഹനങ്ങളുടെ റോഡ് നികുതി നിലവിലുള്ള 5 ശതമാനത്തിൽനിന്ന് 3 ശതമാനമായി കുറയ്ക്കുകയും 15 മുതൽ 20 ലക്ഷം രൂപ വരെ വില വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി 8 ശതമാനത്തിൽനിന്ന് 5 ശതമാനമായി കുറയ്ക്കുകയും ചെയ്തു. എന്നാൽ ഇതോടൊപ്പം 40 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ലക്ഷ്വറി ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ടാക്സ് 10 ശതമാനത്തിൽ നിന്ന് 15 ശതമാനമായി വർധിപ്പിക്കുകയും ചെയ്തു. നല്ല വരുമാനമുള്ളവരാണ് 40 ലക്ഷത്തിന് മുകളിലുള്ള വാഹനങ്ങൾ വാങ്ങുന്നത്. അതിനാൽ അവർക്ക് ആ ടാക്സ് നൽകാൻ സാധിക്കും. അതിന്റെ ഇളവ് സാധാരണക്കാർക്ക് ലഭിക്കുന്ന രീതിയിലാണിത് ക്രമീകരിച്ചിരിക്കുന്നത്.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, സത്യത്തിലിവിടെ ഫെയർ വാല്യൂ വർധിപ്പിക്കാം. 2010-ൽ ഫെയർ വാല്യൂ ഏർപ്പെടുത്താൻ തുടങ്ങിയ സമയത്ത് എല്ലാ വർഷവും 10 ശതമാനം വർധിപ്പിക്കണമെന്നായിരുന്നു വ്യവസ്ഥ. കഴിഞ്ഞ 3 വർഷങ്ങളായി ഫെയർ വാല്യൂ വർധിപ്പിച്ചിട്ടില്ല. എന്തുകൊണ്ടാണ് ഫെയർ വാല്യൂ കൂട്ടാതിരുന്നതെന്നാൽ ഫെയർ വാല്യൂ കൂട്ടിയാൽ സർക്കാരിന് വരുമാനം കൂടും. പക്ഷെ അതിനെപ്പറ്റി പഠിച്ചപ്പോൾ അക്കാര്യത്തിൽ നാട്ടിൽ അനേകം പരാതികളുണ്ടെന്നും അണ്ടർ വാല്യുവേഷനുണ്ടെന്നും മനസ്സിലായി. ചില സ്ഥലങ്ങളിൽ വസ്തുവിന്റെ യഥാർഥ വില രേഖപ്പെടുത്തിയിട്ടില്ല. മാർക്കറ്റ് വിലയേക്കാൾ വളരെ താഴ്ന്ന വിലയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റനേകം സ്ഥലങ്ങളിൽ ഓവർ വാല്യുവേഷനാണ്. അതായത് സെന്റിന് 2 ലക്ഷം രൂപ മാർക്കറ്റ് വിലയുള്ള സ്ഥലത്തിന് 3 ലക്ഷം രൂപ ഫെയർ വാല്യുവായി രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ വ്യാപകമായ പരാതികളുണ്ട്. റവന്യൂ വകുപ്പുമായി സംസാരിച്ച് പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കും. ഇത് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. 2 ലക്ഷം രൂപ

വിലയുള്ള വസ്തുവിന് 3 ലക്ഷം രൂപ ഫെയർ വാല്യൂ കാണിച്ചാൽ അവരുടെ സ്ഥലം വിൽക്കാൻ സാധിക്കില്ല. ഇക്കാര്യമൊന്നും കഴിഞ്ഞ സർക്കാർ പരിഹരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് പരിശോധിച്ച് രണ്ടുമൂന്ന് മാസം കൊണ്ടിതിന് പരിഹാരമുണ്ടാക്കി ഫെയർ വാല്യൂ കണക്കാക്കിയതിനുശേഷം രജിസ്ട്രേഷൻ ഫീസിന്റെ കാര്യം ആലോചിക്കാം. അങ്ങനെ വരുമ്പോൾ സർക്കാരിന്റെ വരുമാനം വർധിക്കുകയും റിയൽ എസ്റ്റേറ്റ്, ഭൂമി ഇടപാടുകൾ നടക്കുകയും അത് സ്റ്റേറ്റിന്റെ എക്കണോമിക് ആക്ടിവിറ്റി വർധിപ്പിക്കുകയും ചെയ്യും.

സ്വകാര്യ ബസ് മേഖല സംബന്ധിച്ച് ഞാൻ മുമ്പ് പറഞ്ഞിട്ടുള്ളതുകൊണ്ട് അത് ആവർത്തിക്കുന്നില്ല. അവർ വലിയ പ്രതിസന്ധി നേരിടുകയാണ്. കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര നൽകിയതുകൊണ്ടല്ല പ്രതിസന്ധിയുണ്ടായിട്ടുള്ളത്. കോവിഡ് കാലഘട്ടം കഴിഞ്ഞപ്പോൾത്തന്നെ കെ.എസ്.ആർ.ടി.സി. തകർന്നു. 32000 പ്രൈവറ്റ് ബസ്സുകളുണ്ടായിരുന്നിടത്ത് 10000-ൽ താഴെ പ്രൈവറ്റ് ബസ്സുകളായി. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിൽ പ്രൈവറ്റ് ട്രാൻസ്പോർട്ടായിട്ടല്ല അവരെ കാണുന്നത്. ട്രാൻസ്പോർട്ട് ബസ് ഓടാത്ത സ്ഥലത്തുപോലും അവർ ആളുകളെ കൊണ്ടുപോകുന്നുണ്ട്. ഒരു പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായാണ് പ്രൈവറ്റ് ട്രാൻസ്പോർട്ടുകാരെ കാണുന്നത്. അവർ തകർന്നുപോകാതിരിക്കാനും അവരെ താങ്ങി നിർത്താനുമുള്ള എല്ലാ സഹായവും ചെയ്യും. അതിന്റെ ഭാഗമായാണ് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കലും നൽകാത്ത തരത്തിൽ 50 ശതമാനം ടാക്സ് റിഡക്ഷൻ നൽകിയത്. ഒരു ഇൻഡസ്ട്രി തകർന്നുപോകരുതെന്ന് കരുതിയാണങ്ങനെ ചെയ്തത്. അങ്ങനെ സംഭവിച്ചാൽ അനേകം പേർക്ക് റിക്കവറി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാകും. കെ.എസ്.ആർ.ടി.സി. കേരളത്തിൽ എല്ലായിടത്തും സർവീസ് നടത്തുന്നില്ല. കെ.എസ്.ആർ.ടി.സി. സർവീസ് നടത്താത്ത സ്ഥലങ്ങളിൽക്കൂടി സർവീസ് നടത്തേണ്ടത് പ്രൈവറ്റ് ട്രാൻസ്പോർട്ടാണ്. അതിനെ ഒരു ഇൻഡസ്ട്രിയായാണ് ഗവൺമെന്റ് കാണുന്നത്. ആ ഇൻഡസ്ട്രിയെ ഇനിയും സാധിക്കുന്നത്ര സഹായങ്ങൾ നൽകി അത് തകർന്നുപോകാതിരിക്കാനായി സംരക്ഷിക്കും. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു ഇൻഡസ്ട്രിയും ട്രേഡും കൊമേഴ്സും നടത്തുന്ന ആളുകളെയൊന്നും ഈ ഗവൺമെന്റ് ശത്രുക്കളായി കാണുന്നില്ല. അവരുടെ മേൽ അമിതമായ നികുതി ഭാരം

*01-07-2026*
*Legislative Business (Contn...)*

ഏല്പിക്കുന്നില്ല. നമ്മുടെ നോട്ടം ടാക്സ് വെട്ടിപ്പുകാരുടെ മുഖത്തേക്ക് മാത്രമേയുള്ളൂ. അതിനുള്ള കർശനമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. രമേഷ് പിഷാരടി, എം.എൽ.എ.-മാരെ സംബന്ധിക്കുന്നൊരു കാര്യമുന്നയിച്ചിരുന്നു. അതുസംബന്ധിച്ച കമ്മീഷൻ റിപ്പോർട്ടും മറ്റ് കാര്യങ്ങളും ആലോചിച്ചശേഷം അക്കാര്യത്തിലൊരു തീരുമാനമെടുക്കാം.

<u>മി. സ്പീക്കർ</u>: 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

**രണ്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**നാലാം വകുപ്പ്**

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു

85. In sub-clause (2) of clause 4 of the Bill:-
(i) the opening part shall be substituted as follows, namely:-
(i) "(2) in Annexure I,-
(i) for serial numbers 7B to 7F and the entries against it in column (2) and (3), the following serial numbers and entries shall respectively be substituted, namely:-",

(ii) in items 7B, 7C, 7D, 7E after the words "electric motor cabs" the symbol and the words ",electric tourist motor cabs" shall be inserted;

(iii) the symbol "." at the end of item 7E shall be changed to ";"

(iv) after the item so numbered the following item shall be added namely:-

"(ii) the item 12B and the entries against it shall be omitted."

മി. സ്പീക്കർ: ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

*01-07-2026*
*Legislative Business (Contn...)*

**അഞ്ചാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ആറാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏഴാം വകുപ്പ്**

(ഭേദഗതിയില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഏട്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒൻപതാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്താം വകുപ്പ്**

(ഭേദഗതിയില്ല)

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനൊന്നാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പന്ത്രണ്ടാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിമൂന്നാം വകുപ്പ്**

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനാലാം വകുപ്പ്**

(ഭേദഗതിയില്ല.)

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനഞ്ചാം വകുപ്പ്**

(ഭേദഗതിയില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനാറാം വകുപ്പ്**

(ഭേദഗതിയില്ല)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനേഴാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനെട്ടാം വകുപ്പ്**

(ഭേദഗതിയില്ല)

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്തൊമ്പതാം വകുപ്പ്**

(ഭേദഗതിയില്ല)

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപതാം വകുപ്പ്**

(ഭേദഗതി അവതരിപ്പിച്ചില്ല)

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിയൊന്നാം വകുപ്പ്**

(ഭേദഗതിയില്ല)

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഇരുപത്തിരണ്ടാം വകുപ്പ്**

(ഭേദഗതിയില്ല)

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒന്നാം വകുപ്പും പീഠികയും പേരും**

(ഭേദഗതി അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**മൂന്നാം വായന**

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനകാര്യ (3-ാം നമ്പർ ബിൽ) പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

2026-ലെ കേരള ധനകാര്യ (3-ാം നമ്പർ ബിൽ) പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ചർച്ച കഴിഞ്ഞതിനുശേഷം മറുപടി പറയാം.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, ഈ ധനവിനയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, കേരളം വലിയ ധനപ്രതിസന്ധിയിൽ നിൽക്കുന്ന സമയത്താണ് അദ്ദേഹം ഈ ബജറ്റ് അവതരിപ്പിച്ചത്. 5.07 ലക്ഷം കോടി രൂപയുടെ കടം. അതിൽത്തന്നെ 77 ശതമാനം കമ്മിറ്റഡ് എക്സ്പെൻഡിച്ചറിനുവേണ്ടിയും 20.9 ശതമാനം ഇന്ററസ്റ്റ് റീ-പേയ്മെന്റിനുവേണ്ടിയും വകയിരുത്തുന്നു. ആഭ്യന്തര ഉൽപാദനത്തിന്റെ 1.3 ശതമാനം മാത്രമാണ് മൂലധനച്ചെലവ്. 6.41 ശതമാനമാണ് ജി.എസ്.ഡി.പി.-യുടെ തനത് വരുമാനം. അത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. 20,500 കോടി രൂപയുടെ ഷോർട്ട്ഫാൾ ആണ് കഴിഞ്ഞ ബജറ്റിൽനിന്നും ഉണ്ടായത്. കാരണം അത്രയും തുക കേന്ദ്രം തരുമെന്ന്

പ്രതീക്ഷിച്ചിരുന്നെങ്കിലും അത് കിട്ടിയില്ലെന്ന് പറയുമ്പോൾ 35,750 കോടി രൂപയുടെ പദ്ധതി അടങ്കൽ പ്രഖ്യാപിച്ച സർക്കാർ നോക്കുകുത്തിയായി നിൽക്കേണ്ട അവസ്ഥയാണുണ്ടായത്. 87,102 കോടി രൂപയുടെ വിവിധ കടങ്ങൾ കൊടുത്ത് തീർക്കേണ്ടതുണ്ടായിരുന്നു. അതിനുപുറമെയാണ് കൊട്ടിഘോഷിക്കപ്പെട്ട നമ്മുടെ മൊത്ത വായ്പയുടെ പരിധിയിൽ വരില്ലെന്നുപറഞ്ഞ കിഫ്ബിയുടെ 35,000 കോടി രൂപയുടെ ഫണ്ട് കണ്ടെത്തേണ്ട സാഹചര്യമുണ്ടായത്. എന്നുപറഞ്ഞാൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതാണ്ട് 50,000 കോടി രൂപ അധികമായി കണ്ടെത്തേണ്ട സാഹചര്യത്തിലായിരുന്നു സർക്കാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഖജനാവിൽ പൂച്ച പെറ്റ് കിടക്കുക മാത്രമല്ല, പൂച്ചയ്ക്ക് കൂട് പണിതതിന്റെ തുക പോലും കടം വരുത്തിയിട്ടാണ് കഴിഞ്ഞ സർക്കാർ പോയതെന്നുള്ള നിലയ്ക്കാണ് ഈ സർക്കാർ ബജറ്റ് അവതരിപ്പിച്ച് തുടങ്ങിയത്. ബജറ്റ് അവതരിപ്പിച്ച് തുടങ്ങുമ്പോൾത്തന്നെ എൽ.ഡി.എഫ്. പ്രസംഗിച്ചതല്ല, യു.ഡി.എഫ്. ഇവിടെ പ്രവർത്തിച്ചതെന്ന് നമുക്ക് മനസ്സിലാകും. 'പ്രിയദർശിനി' പദ്ധതിയിൽ സൗജന്യ യാത്ര പ്രഖ്യാപിച്ചതും വയോജന വകുപ്പ് പ്രഖ്യാപിച്ചതും ഒന്നാം മാസംതന്നെ നടപ്പാക്കി. അങ്കണവാടി വർക്കർമാരുടെ സമരത്തിൽ പങ്കെടുക്കുക മാത്രമല്ല അന്ന് പ്രഖ്യാപിച്ച 1000 രൂപയുടെ വർധനവും നടപ്പാക്കി. ആശാ പ്രവർത്തകർ 100 ദിവസത്തിലധികം സെക്രട്ടേറിയറ്റിന്റെ നടയിൽ സമരമിരുന്നെങ്കിലും ആ സമരത്തോട് ചേർന്നുനിൽക്കാത്ത അന്നത്തെ ഭരണപക്ഷമല്ല, മറിച്ച് അന്ന് പ്രതിപക്ഷം സമരത്തോട് ചേർന്നുനിന്ന് മൂവായിരം രൂപ വർധിപ്പിക്കുമെന്ന് പറഞ്ഞത് ഇപ്പോൾ വർധിപ്പിച്ചു. നമ്മളെല്ലാവരും സിദ്ധാർഥന്റെ വീട്ടിൽ പോയപ്പോൾ "എന്റെ മകനെ അവർ ഇടിച്ചു, തൊഴിച്ചു. പക്ഷേ എന്റെ മകൻ അവസാനം മരണപ്പെടുന്നതിനുമുമ്പ് ഒരു തുള്ളി വെള്ളം ചോദിച്ചപ്പോൾ അതുപോലും ആ എസ്.എഫ്.ഐ.-ക്കാർ കൊടുത്തില്ല" എന്നുപറഞ്ഞ സിദ്ധാർഥന്റെ അമ്മയുടെ രോദനം ഇന്നും കേരളത്തിന്റെ മുമ്പിലുണ്ട്. അതുകൊണ്ടുതന്നെ സിദ്ധാർഥന്റെ പേരിൽ "സിദ്ധാർഥൻ ആന്റി റാഗിങ് ആൻഡ് സ്റ്റുഡന്റ് വെൽഫയർ ആക്റ്റ്" നടപ്പാക്കി. അതുമാത്രമല്ല, മിഷൻ സമുദ്ര, ഓപ്പറേഷൻ തൂഫാൻ, മയങ്ങില്ല കേരളം എന്നിങ്ങനെ ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചു. കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെയും ചരിത്രത്തിലാദ്യമായി ഒരു വകുപ്പ് 'ഓൺലൈൻ

*01-07-2026*
*Legislative Business (Contn...)*

പോർട്ടൽ' ആരംഭിക്കുകയും അവർക്ക് വിവരങ്ങൾ നൽകാനുള്ളൊരു സജ്ജീകരണം ഇവിടെ ക്രമീകരിച്ചിരിക്കുകയുമാണ്. അതുമാത്രമല്ല, ഏവിയേഷൻ പ്രോജക്റ്റ്, ഇൻവെസ്റ്റ്മെന്റ് കേരള, ലാൻഡ് റിഫോംസ്, എക്കണോമിക് കോറിഡോർ, നോളജ് സിറ്റി, ഗ്ലോബൽ വാച്ച് ടവർ എന്നിവ ആരംഭിക്കുമെന്നും ഈ ബജറ്റിലുണ്ട്. ഇതൊരു ചരിത്രം തിരുത്തിക്കുറിക്കുന്ന ഒരു ടേൺ എറൗണ്ട് ബജറ്റ്/ഒരു ട്രാൻസ്ഫർമേഷൻ ബജറ്റ് തന്നെയാണെന്നുള്ളതിൽ ഒരു സംശയവുമില്ല. എൽ.ഡി.എഫ്.-ന് തോൽവി സമ്മതിക്കാറായിട്ടില്ല. കാരണം അതിന്റെ ഹാങ് ഓവർ ഇതുവരെ മാറിയിട്ടില്ല. ഇന്നലെ ജർമ്മനി തോറ്റ് കഴിഞ്ഞപ്പോൾ ഒരു സഖാവ് 'മടങ്ങി വന്നിടാത്ത യാത്രയിതല്ലെൻ സഖാക്കളെ' എന്ന് പ്രസംഗിച്ചുകൊണ്ടാണ് പോയത്. അവർ പറഞ്ഞത് സത്യത്തിൽ നമ്മളല്ല തോറ്റത് ഫുട്ബാൾ ആണ് തോറ്റതെന്നാണ്. തോൽവിയുടെ ഹാങ് ഓവറിൽനിന്ന് അവർ ഇതുവരെ പുറത്തുവന്നിട്ടില്ലെന്ന് അറിയാം. കമ്മ്യൂണിസത്തിന്റെ ആകെയുള്ളൊരു ആശയധാര മാത്രമാണ് അവർ സ്വീകരിച്ചത്. ഉള്ളവന്റെ കയ്യിൽനിന്ന് ഇല്ലാത്ത സഖാക്കൾക്ക് കൊടുക്കുകയെന്നുള്ളത്. കേരളത്തിൽ ആകെ ഏറ്റവും കൂടുതൽ പണവും സ്വർണ്ണവും ഉണ്ടായിരുന്നത് ശബരിമലയിലാണ്. ആ ശബരിമലയെ കൊള്ളയടിച്ച് ഇല്ലാത്ത സഖാക്കൾക്ക് സമ്പത്തുണ്ടാക്കിക്കൊടുത്തു എന്നതുമാത്രമാണ് കഴിഞ്ഞ കമ്മ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ നടപ്പാക്കിയത്.

പി.എസ്.സി. വഴിയുള്ള ക്രമക്കേട് നമുക്കറിയാം. ഏറ്റവും ഒടുവിലായി പല ചോദ്യങ്ങളുടെയും മൂല്യനിർണ്ണയം നടത്താതെയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പി.എസ്.സി.-യുടെ ക്രമക്കേട് നീറ്റ് ക്രമക്കേട് പോലെത്തന്നെയാണ്. അതുകൊണ്ട് ആ ക്രമക്കേടും അന്വേഷിക്കേണ്ടതാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പദം ഉപയോഗിച്ചു 'റിവേഴ്സ് റെമിറ്റൻസ്.' അങ്ങയുടെയും എന്റെയുമൊക്കെ ജില്ലയിൽ മധ്യകേരളത്തിൽ ഇന്നുള്ള ഏറ്റവും വലിയ പ്രതിഭാസമായ റിവേഴ്സ് റെമിറ്റൻസിന്റെ ഒരു പ്രധാന പ്രശ്നമുണ്ട്. അത് കേവലം പുറത്തുനിന്നുള്ള തൊഴിലാളികൾമാത്രം കൊടുക്കുന്ന തുകയല്ല. നമ്മുടെ നാട്ടിൽ വിദേശത്ത് പഠിക്കാൻ പോയവരും ജോലി ചെയ്യുന്നവരും അവിടൊരു വീട് വാങ്ങിക്കഴിഞ്ഞാൽ എന്താണ് സംഭവിക്കുന്നത്? പഠിക്കാൻ പോകുമ്പോൾ മുതൽ മൈഗ്രേഷൻ

*01-07-2026*
*Legislative Business (Contn...)*

ആരംഭിക്കുകയാണ്. പഠിക്കാൻ പോകുന്ന അതിനുശേഷം രണ്ടുവർഷത്തെ സ്റ്റേബാക്ക് ലഭിക്കുന്നു. ആ സ്റ്റേ ബാക്കിനുള്ളിൽ അവിടൊരു ജോലി സമ്പാദിക്കുന്നു, അതിനുശേഷം ഒരു കല്യാണം കഴിക്കുന്നു. കല്യാണം കഴിഞ്ഞ് അവരെയും കുഞ്ഞുണ്ടായിക്കഴിഞ്ഞാൽ മാതാപിതാക്കളെയും കൊണ്ടുപോകുന്നു. മാതാപിതാക്കൾ ചെന്നുകഴിഞ്ഞാൽ ഏറ്റവും വലിയ കാര്യം ഒരു വീട് വാങ്ങുക എന്നതാണ്. വിദേശത്തൊരാൾ വീട് വാങ്ങിയാൽ 35 വർഷത്തെ mortgage ആണ്. ആ mortgage അടച്ചുതീർക്കുക എന്നുള്ളതാണ് അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന വിഷയം. അതിനുവേണ്ടി അവർ ചെയ്യുന്നത് ഇവിടെനിന്ന് അവരുടെ വസ്തുവകകൾ വിറ്റ് ഈ തുക മുഴുവൻ വിദേശത്തേക്ക് കൊണ്ടുപോകുകയാണ്. അതൊരു റിവേഴ്സ് റെമിറ്റൻസാണ്. ഇതിൽ രണ്ട് പ്രശ്നങ്ങളുണ്ട്; ഒന്ന് ഇവിടെ വിനിയോഗിക്കേണ്ട തുക ഇവിടെ വിനിയോഗിക്കുന്നില്ലെന്നുമാത്രമല്ല, അടുത്ത തലമുറയ്ക്ക് ഇനി മേലാൽ കേരളവുമായി ഒരു ബന്ധമുണ്ടാകില്ലെന്ന് സ്ഥാപിക്കപ്പെടുകകൂടി ചെയ്യുകയാണ്. അതുകൊണ്ടുതന്നെ മൈഗ്രേഷന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ റിവേഴ്സ് റെമിറ്റൻസിനെ നമുക്കിവിടെ അഡ്രസ്സ് ചെയ്യേണ്ടതുണ്ട്. മൈഗ്രേഷൻ സംഭവിക്കുന്നത് എന്തുകൊണ്ടാണ്; ചെറുപ്പക്കാർക്ക് കേരളത്തിൽ പഠിക്കാനും തൊഴിൽ ചെയ്യാനുമുള്ള സാഹചര്യമോ സംതൃപ്തിയോ ഇല്ലാത്ത ഇടങ്ങളിലാണ് അവർ മൈഗ്രേഷൻ നടത്തുന്നത്. മൈഗ്രേഷൻ ഏറ്റവും കൂടുതലായി നടക്കുന്നത് പത്തനംതിട്ട ജില്ലയിലാണ്. അവിടെ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് ആറന്മുള കണ്ണാടി എക്സ്ക്ലൂസിവ് എക്സിബിഷൻ സെന്റർ ആൻഡ് ട്രെയിനിങ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ബജറ്റിൽ പ്രഖ്യാപിച്ചു. പ്രിൽഗ്രിം ടൂറിസത്തിന് ഏറ്റവുമധികം സാധ്യതയുള്ള മണ്ണാണ് ആറന്മുള. ആറന്മുള-പാർഥസാരഥി ക്ഷേത്രം, വള്ളംകളി, വള്ളസദ്യ, പടയണി, പള്ളിയോടം, കുമ്പനാട് കൺവെൻഷൻ, മാരാമൺ കൺവെൻഷൻ, ചെറുകോൽപ്പുഴ കൺവെൻഷൻ എന്നിങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത സ്പിരിച്വൽ ടൂറിസം ഹബ്ബായി മാറേണ്ട ഒരു സ്ഥലമാണ് ആറന്മുള. ആറന്മുള പോലുള്ള ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കേണ്ട സ്ഥലങ്ങൾ കൂടുതൽ ഉപയോഗപ്രദമാക്കണമെന്നും ഇതുപോലുള്ള മണ്ഡലങ്ങളിൽ കൂടുതൽ ടൂറിസം പാക്കേജുകൾ അനുവദിച്ച് ആളുകൾ വരാനുള്ള സാഹചര്യമൊരുക്കണമെന്നും അഭ്യർഥിക്കുകയാണ്.

അതുമാത്രമല്ല, പത്തനംതിട്ട ജില്ലയ്ക്കുള്ള ഏറ്റവും വലിയ പ്രത്യേകതയെന്താണ്? ഒരു പ്രദേശത്ത് വികസനം നടത്തണമെങ്കിൽ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ആവശ്യമാണ്. ഒന്ന്, ആ പ്രദേശത്ത് സ്ഥലം ആവശ്യമാണ്. രണ്ട്, ആ പ്രദേശത്ത് പുറത്തുനിന്ന് സഞ്ചാരികൾ വരണം. മൂന്ന്, ആ പ്രദേശത്തേക്ക് ഇൻവെസ്റ്റ്മെന്റ് വരണം. ഈ മൂന്നുകാര്യങ്ങളും ഒത്തുകൂടിയ സ്ഥലമാണ് പത്തനംതിട്ട. ഒരു സിറ്റി സെന്ററിൽ ഇത്രയധികം സ്ഥലമുള്ള മറ്റൊരു ജില്ലയില്ല. ശബരിമലയിൽ മാത്രമായി 55 ലക്ഷം ആളുകളാണ് സന്ദർശനത്തിനെത്തുന്നത്. അതിന്റെ പത്ത് ശതമാനം ആളുകൾ മാത്രം ഒരുദിവസം പത്തനംതിട്ട ചെലവഴിക്കാൻ തീരുമാനിച്ചാൽ ആ ജില്ലയിൽത്തന്നെ വലിയ ഡെവലപ്മെന്റാണ് നടക്കുക. ഈ രാജ്യത്ത് ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റ് നടത്താൻ കഴിയുന്ന ആളുകളുള്ള ജില്ലയാണ് പത്തനംതിട്ട. അതുകൊണ്ട് Greater Cochin Development Authority (GCDA) മാതൃകയിൽ പത്തനംതിട്ട ഡെവലപ്മെന്റ് അതോറിറ്റിപോലുള്ള ഒരു അതോറിറ്റി രൂപീകരിക്കണമെന്നും അവിടെ റൂറൽ ഡെവലപ്മെന്റിന് എങ്ങനെ പി.പി.പി. മോഡൽ നിർവഹിക്കാമെന്നതിനെ പറ്റി സർക്കാർ പരിഗണിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനം നടത്തുമ്പോൾ ബസ് റൂട്ടിൽ വലിയ പ്രയാസമാണ്. കോവിഡ് സാഹചര്യത്തിനുമുമ്പ് 47 ബസ്സുകൾ സർവീസുണ്ടായിരുന്നത് ഇപ്പോൾ ഏഴ് ബസ്സായി കുറഞ്ഞിരിക്കുകയാണ്. അന്നുണ്ടായിരുന്ന ബസ്സ് സർവീസ് പുനരാരംഭിച്ചിട്ടില്ല. ഓരോ ടൂറിസം കേന്ദ്രങ്ങളിലേക്കും ബസ്സ് സർവീസും പബ്ലിക് ട്രാൻസ്പോർട്ടും ആവശ്യമാണ്. അത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഹകരണമേഖലയിൽ ധാരാളം പ്രസ്ഥാനങ്ങളുണ്ടായിരുന്നു. കള്ളക്കളി നടത്തി പല പ്രസ്ഥാനങ്ങളും പൂട്ടലിന്റെ വക്കിലാണ്. അതിനെക്കുറിച്ച് സമഗ്രമായ പഠനം ആവശ്യമാണ്. ഐ.ടി. മേഖലയിലെ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം സ്റ്റാർട്ടപ്പുമായി ബന്ധപ്പെട്ട് എന്റെ രണ്ട് സുഹൃത്തുക്കൾ എന്നെ കാണാൻ വരികയും വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രിയെ സന്ദർശിക്കുകയും അന്ന് രാത്രിതന്നെ ആ സ്റ്റാർട്ടപ്പ് ഓൺ ആക്കാനുള്ള പ്രൊജക്ടിലേക്ക് പോയിരിക്കുകയുമാണ്. ഒരു സർക്കാർ ഇത്രവേഗത്തിൽ എങ്ങനെയാണ് ഇടപെടുന്നതെന്ന് അവർതന്നെ എന്നോട്

ചോദിക്കുകയാണ്. ഐ.ടി. ഡിപ്പാർട്ടുമെന്റ് അത്യുവേഗത്തിലാണ് പ്രവർത്തിക്കുന്നത്. ചെറുകിട കോൺട്രാക്ടിങ് മേഖലയെയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ പരാമർശിച്ചു. ചെറുകിട കോൺട്രാക്ടിങ് മേഖല ആകെ തകർന്നിരിക്കുകയാണ്. ഒരുകോടി രൂപ മുതൽ അഞ്ഞൂറ് കോടി രൂപ വരെയുള്ള പ്രവൃത്തികളുടെ ഭൂരിഭാഗവും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഏറ്റെടുക്കുകയാണ്. ഒരു വ്യവസായ മേഖല ആകെ തകർന്ന് തരിപ്പണമായിരിക്കുകയാണ്. സാധാരണക്കാരന്റെ, ചെറുകിട കോൺട്രാക്ട് നടത്തി ജീവിക്കുന്നവന്റെ ജീവിതം തുലാസിലാണ്. അതുകൊണ്ടുതന്നെ ഇതുപോലുള്ള കോർപ്പറേറ്റ്വൽക്കരണമെന്ന് നമ്മൾ ഓമനപ്പേരിട്ട് വിളിക്കുമ്പോൾ കോ-ഓപ്പറേറ്റീവ് കോർപ്പറേറ്റ്വൽക്കരണത്തിനും എതിരായി നമ്മൾ സംസാരിക്കണം. കാരണം, ചെറുകിട വ്യവസായത്തെ സംരക്ഷിച്ച് നിർത്തേണ്ട ചുമതലകൂടി നമുക്കുണ്ട്. ഇൻഫ്രാസ്ട്രക്ചർ മേഖലയിലും മറ്റെല്ലാ മേഖലകളിലും ഗവൺമെന്റ് നടത്തിയ പരിഷ്കാരങ്ങളോടും ധനവിനിയോഗ ബില്ലിനും സ്വാഗതം പറഞ്ഞുകൊണ്ടും ഇവിടെ സംസാരിക്കാൻ അവസരം നൽകിയതിന് നന്ദി പറഞ്ഞുകൊണ്ടും നിർത്തുന്നു.

<u>ശ്രീമതി ഫാത്തിമ തഹിലിയ:</u> സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ അവസരത്തിൽ 1947 നവംബർ 26-ന് ഇന്ത്യയുടെ പാർലമെന്റിൽ അവതരിപ്പിച്ച സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ഇടക്കാല ബജറ്റ് ഈ സഭയെ ഓർമിപ്പിക്കേണ്ടതുണ്ടെന്ന് ഞാൻ കരുതുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ബജറ്റ് അവതരിപ്പിക്കപ്പെട്ട പശ്ചാത്തലം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത് വളരെ അസാധാരണവും നാടകീയവുമായ ഒരു രാഷ്ട്രീയ നിർമ്മാണദൗത്യമായിരുന്നു. 1947 നവംബർ 26-ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ആർ. കെ. ഷൺമുഖം ചെട്ടി ഇടക്കാല ബജറ്റ് അവതരിപ്പിക്കുമ്പോൾ രാജ്യം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളായിരുന്നു തരണം ചെയ്യിരുന്നത്. രണ്ട് നൂറ്റാണ്ട് വൈദേശിക ഭരണത്തിനുകീഴിൽ നിരക്ഷരരും നിരാലംബരും സ്വാതന്ത്ര്യം ഇല്ലാത്തവരുമായ ഒരു ജനതയെ അഭിസംബോധനചെയ്ത് അദ്ദേഹം പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്; " നമ്മുടെ നാടിന്റെ ചട്ടക്കൂട് സുദൃഢമായ

*01-07-2026*
*Legislative Business (Contn...)*

അടിയത്തറയിലല്ല നിർമ്മിക്കപ്പെട്ടിട്ടുള്ളതെങ്കിൽ ഉന്നതമായ ഭൗതിക ധാർമ്മിക മൂല്യങ്ങളുള്ള ഒരു നല്ല ജീവിതം ജനങ്ങൾക്ക് സമ്മാനിക്കാൻ നാം നടത്തുന്ന ശ്രമങ്ങളെല്ലാം നിഷ്ഫലമായിപ്പോകും." കഴിഞ്ഞ 10 വർഷം യാതൊരു സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഇല്ലാതെയാണ് കേരളത്തിലെ ധനകാര്യ വകുപ്പ് കടന്നുപോയത്. അതിനുമുകളിൽ സത്യസന്ധതയെന്ന അടിത്തറയിൽനിന്ന് ഈ ഇടക്കാല ബജറ്റ് വഹിച്ച പങ്ക് വളരെ വലുതാണ്. അതുപോലെ, ഇതേ സഭയിൽ 1977 മാർച്ച് 28-ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഒരു ജനകീയ സർക്കാരിന്റെ സാമ്പത്തിക അച്ചടക്കം എങ്ങനെയാകണമെന്ന് വിശദീകരിക്കുന്നുണ്ട്. 'സാമ്പത്തിക അച്ചടക്കം പാലിക്കുക എന്നതിന് അർത്ഥം, വികസന പ്രവർത്തനങ്ങൾ പൂർണ്ണമായി സ്തംഭിപ്പിച്ച് നിർത്തുക എന്നുള്ളതല്ല; ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് ചെലവഴിക്കുമ്പോഴും അത് സംസ്ഥാനത്തിന്റെ ഖജനാവിന് താങ്ങാൻ കഴിയുന്ന വരുമാന മാർഗങ്ങൾകൂടി കണ്ടെത്തി നടപ്പിലാക്കുക എന്നതാണ് ഒരു ജനകീയ സർക്കാരിന്റെ ലക്ഷ്യം' എന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. വൈറ്റ് പേപ്പർ നമ്മുടെ മേശപ്പുറത്ത് വയ്ക്കുമ്പോൾ, ഏത് രൂപത്തിലുള്ള ഭരണ നിർവഹണമാണ് കഴിഞ്ഞ 10 വർഷം നടന്നതെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. സാധാരണക്കാരായ ജനങ്ങളുള്ള എന്റെ നിയോജകമണ്ഡലമായ പേരാമ്പ്രയിൽ അടിസ്ഥാനപരമായ കാര്യങ്ങൾപോലും പരിഗണിക്കപ്പെടാതെയാണ് കഴിഞ്ഞ 10 വർഷം കടന്നുപോയത്. വ്യാമോഹത്തിന്റെ വിത്തുകൾ പേരാമ്പ്രയിൽ പാകിയപ്പോൾ അതെല്ലാം ഉണങ്ങിപ്പോയിരിക്കുകയാണ്. അവിടെയാണ് ഒരു പ്രതീക്ഷയായി ബജറ്റ് വന്നിരിക്കുന്നത്. ഈ ബജറ്റിൽ ഞങ്ങൾക്ക് അനുവദിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം ഒരു താലൂക്ക് എന്ന വർഷങ്ങളുടെ പഴക്കമുള്ള ഞങ്ങളുടെ വലിയ സ്വപ്നമാണ്. ഒരു വലിയ ചുവടുവയ്പ്പ് ഈ ബജറ്റിലൂടെ സാധ്യമായെന്നുള്ളതിൽ അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ഏറെ സന്തോഷിക്കുകയും ഈ സർക്കാരിന് നന്ദി പറയുകയും ചെയ്യുന്നു. പേരാമ്പ്ര മണ്ഡലത്തിന്റെ അടിസ്ഥാനപരമായ സാമ്പത്തിക അടിത്തറ കൃഷിയാണ്. പ്രത്യേകിച്ച് മലയോര മേഖലയിലെ റബ്ബർ, തെങ്ങ്, അടയ്ക്ക കർഷകർ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. അവരെയെല്ലാം ചേർത്തുനിർത്തുന്ന ഒരു ബജറ്റാണ് ഇവിടെ

അവതരിക്കപ്പെട്ടിട്ടുള്ളത്. മാത്രമല്ല ഞങ്ങളെ സംബന്ധിച്ച് പ്രാധാന്യമുള്ള ധാരാളം കാര്യങ്ങൾ അതിലുണ്ട്. കോഴിക്കോട് ജില്ലയിൽ എം.ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്ക് സ്ഥാപിക്കുമെന്ന് ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരു കലാകാരന്റെ സന്ദേശമെന്താണ്; അതൊരു കാലഘട്ടത്തിന്റെ സന്ദേശമാണെന്ന് ഈ സർക്കാർ ഉറക്കെ പ്രഖ്യാപിക്കുകയാണ്. നമുക്ക് ഒരു കൾച്ചറൽ അജണ്ടയുടെ ആവശ്യമുണ്ട്. പുതിയ കാലത്തെ നവമാധ്യമങ്ങളുടെ ഇടപെടലുകളിലൂടെ നമ്മുടെ ഓരോരുത്തരുടെയും സാംസ്കാരിക നിലവാരം ഏത് രൂപത്തിലാണ് പോകുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. നിയമസഭാ സാമാജികയായ ഞാൻ ഈ അവസരത്തിൽ ഒരുകാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സോഷ്യൽ മീഡിയ നിയന്ത്രണങ്ങളില്ലാത്ത രീതിയിലേക്ക് മാറികൊണ്ടിരിക്കുകയാണ്. ആർക്കും എന്തും പറയാമെന്ന രൂപത്തിലേക്ക് സോഷ്യൽ മീഡിയ മാറിക്കഴിഞ്ഞു. വഴിയിലൂടെ നടന്നുപോകുന്ന ഒരു വ്യക്തി നിയമവിരുദ്ധമായി എന്തെങ്കിലും പറഞ്ഞാൽ, ആ സമയം അവരെ പിടിച്ചുനിർത്തി പൊലീസിലോ കോടതിയിലോ ഹാജരാക്കാൻ സാധിക്കും. ഇന്ന് സോഷ്യൽ മീഡിയയിൽ മുഖമില്ലാത്ത എത്രയോ മനുഷ്യരാണ് ആളുകളെ ചീത്ത വിളിക്കുന്നത്, മാന്യമല്ലാത്ത രീതിയിൽ സംസാരിക്കുന്നത്, ഒരു സ്ത്രീ എന്ന നിലയിൽ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇത് ആദ്യത്തേയോ അവസാനത്തേയോ വിഷയമല്ല. സോഷ്യൽ മീഡിയയുടെ അതിപ്രസരം മുതൽ നമ്മൾ ഓരോരുത്തരും അനുഭവിക്കുന്ന കാര്യമാണിത്. കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്താണ് ഈ സഭയിലെ ഒരംഗം അവർക്കുണ്ടായ വളരെ മോശമായ അനുഭവം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ആ സമയത്ത് സംസ്ഥാന സർക്കാർ അവർക്ക് പ്രൊട്ടക്ഷൻ നൽകുന്ന രീതിയിലുള്ള നിലപാടാണ് സ്വീകരിച്ചത്. പക്ഷേ മറ്റുള്ള സ്ഥാനാർഥികൾ കേരള നിയമസഭയിലേയ്ക്ക് മത്സരിക്കുന്നുണ്ട് എന്നുള്ളത് അവർ മറന്നുപോയെന്ന് ഞാൻ അങ്ങയെ അറിയിക്കാൻ അഗ്രഹിക്കുകയാണ്.

അങ്ങയുടെ ശ്രദ്ധയിലേക്ക് ഒരു പോസ്റ്റർ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇത് എ.ഐ. കാലഘട്ടമാണ്. ഏത് രൂപത്തിലുള്ള പോസ്റ്ററും ആർക്കും എവിടെയും തയ്യാറാക്കാൻ സാധിക്കും. വിശ്വസനീയമായ രൂപത്തിൽ ഒരു പോസ്റ്റർ തയ്യാറാക്കി എന്റെ

വ്യക്തിത്വത്തെ, ഞാൻ എന്റെ എന്ന് പറയുമ്പോൾ ഒരു വ്യക്തിയെന്നതിന് അപ്പുറത്തേക്ക് ഞാൻ പ്രതിനിധീകരിക്കുന്ന ഒരു സമൂഹത്തെക്കൂടി അങ്ങയുടെ മുമ്പിൽവയ്ക്കുകയാണ് (പോസ്റ്റർ ഉയർത്തിക്കാട്ടി). ഞങ്ങളുടെ മാന്യതയെയും സ്ത്രീത്വത്തെയും അപമാനിക്കുന്ന രീതിയിൽ ആർക്കും എന്തും പറയാമെന്നുള്ള രൂപത്തിൽ സോഷ്യൽമീഡിയ മാറിക്കഴിഞ്ഞു.

<u>മി. സ്പീക്കർ</u>: അങ്ങ് ദയവായി ആ പോസ്റ്റർ മേശപ്പുറത്തുവയ്ക്കു. അത് നിയമസഭാ ഉദ്യോഗസ്ഥർ വന്ന് വാങ്ങും. ഇവിടെനിന്ന് സൈബർ പൊലീസിന് അത് കൈമാറുകയും ചെയ്യാം.

<u>ശ്രീമതി ഫാത്തിമ തഹിലിയ:</u> സർ, ഈ വിഷയം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അത് അന്വേഷിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു എന്നത് സന്തോഷപൂർവം അറിയിക്കുകയാണ്. ഇത് എന്റെ മാത്രം വിഷയമല്ല. സഭയിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവർക്കും തുല്യനീതി നടപ്പാക്കണം. കഴിഞ്ഞ കാലഘട്ടങ്ങളിൽ സംഭവിച്ചതുപോലെ ആകരുത്. എല്ലാ സ്ത്രീകൾക്കും മാന്യമായി, പൊതുമേഖലയിലും ഡിജിറ്റൽ മേഖലയിലും ഇടപെടാനും പ്രവൃത്തിക്കാനും സംസാരിക്കാനുമുള്ള ഇടമുണ്ടാകണം. ജനപ്രതിനിധി എന്ന നിലയിൽ ഞങ്ങളുടെ ഓരോരുത്തരുടേയും സമയം അനാവശ്യമായി ഇത്തരത്തിലുള്ള സൈബർ കേസുകളുടെ പിന്നാലെ ചെലവഴിക്കാതിരിക്കാൻ ആവശ്യമായ പരിഹാര നടപടിക്ക് ശ്രമിക്കണമെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ബജറ്റിൽ ഏറ്റവും സുപ്രധാനമായി തോന്നുന്നത് കൈത്തറി വ്യവസായമേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു പ്രഖ്യാപനമുണ്ടായി എന്നുള്ളതാണ്. അവസാനത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന കൈത്തറി മേഖലയിലെ ആളുകളെ ചേർത്തുപിടിച്ചുകൊണ്ട് ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനമുണ്ടായതിൽ വളരെ സന്തോഷമുണ്ട്. നാം ആഗ്രഹിക്കുന്ന മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ നാട്ടിലെ മൺപാത്ര തൊഴിലാളികളുടെ ആവശ്യങ്ങളൊന്നും ആരും കാണാറില്ല. എന്റെ നിയോജകമണ്ഡലമായ പേരാമ്പ്രയിൽ ധാരാളം ആളുകൾ തിരഞ്ഞെടുപ്പ് സമയത്തും അത് കഴിഞ്ഞപ്പോഴും ആവശ്യപ്പെടുന്ന അവരുടേതായ ആനുകൂല്യങ്ങൾ, സാലറി, അലവൻസ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾ ഈ ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്നുവെന്നത് ഏറെ

സന്തോഷത്തോടെ അങ്ങയോട് പങ്കുവയ്ക്കുകയാണ്. വിഖ്യാത കവി മിർസാ ഗാലിബ്-ന്റെ പ്രശസ്തമായ ഒരു വരിയുണ്ട്, അതിൽ പറയുന്നത് ഇപ്രകാരമാണ്.

'എന്റെ മേൽ മിന്നൽ പതിച്ചുവെന്ന് കരുതി ഞാൻ എന്തിന് പരിഭവിക്കണം, ഓരോ പുൽനാമ്പുകളും ചേർത്തുവച്ച് ഞാൻ എന്റെ കൂടാരം വീണ്ടും പണിതുയർത്തും.'

ഓരോ വിഹിതവും ഓരോ പുൽനാമ്പും ചേർത്തുവച്ച് ഈ നാടിനെ വീണ്ടും പടുത്തുയർത്താനുള്ള ഞങ്ങളുടെ രാഷ്ട്രീയ പ്രതിബദ്ധതയുടെ പ്രഖ്യാപനമായാണ് ഈ ധനവിനിയോഗ ബില്ലിനെ കാണുന്നത്. പ്രതിപക്ഷത്തുനിന്നും ഇപ്പോൾ സഭയിൽ ആരുമില്ല. പ്രതിപക്ഷത്തിന്റെ ഈ രാഷ്ട്രീയപാപ്പരത്തത്തെ തള്ളിക്കൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ഒരിക്കൽക്കൂടി പിന്തുണച്ചതായി അറിയിക്കുന്നു.

<u>ശ്രീ. അപു ജോൺ ജോസഫ്</u>: സർ, സംസ്ഥാനത്തെ ബജറ്റിങ് രീതികളെക്കുറിച്ച് പലപ്പോഴും വിമർശനങ്ങൾ ഉയർന്നിട്ടുണ്ട്. മുൻവർഷത്തേക്കാൾ അഞ്ചോപത്തോ ശതമാനം ഓരോ വകുപ്പുകൾക്കും അനുവദിച്ച ഒരു പരമ്പരാഗത രീതി സി.&എ.ജി.-യുടെ റിപ്പോർട്ടിൽ പലപ്പോഴും Poor Budgeting എന്ന പരാമർശമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ, ഈ ബജറ്റ് ആധുനിക പൊതുനയ മാനേജ്മെന്റിന്റെ (Public Policy Management) അടിസ്ഥാന തത്വങ്ങളായ ഡോഗ്മാറ്റിക് സമീപനം (Dogmatic Approach), ഫ്രെയ്സ് വിഷൻ (Phrase Vision), SWOT വിശകലനം (SWOT Analysis), മിഷൻ സ്റ്റേറ്റ്മെന്റ് (Mission Statement) എന്നിവയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലൂടെയും ആദ്യ കാബിനറ്റിലെ സർവതല സ്പർശിയായ തീരുമാനങ്ങളുടെ ക്ഷേമവും സഹാനുഭൂതിയും നിറഞ്ഞ നെഹ്റുവിയൻ സോഷ്യലിസമാണ് ഈ സർക്കാരിന്റെ സൈദ്ധാന്തിക അടിത്തറയെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഈ ബജറ്റിനെ ഞാൻ സർവാത്മനാ പിന്തുണക്കുകയാണ്.

ഈ ബജറ്റിനെ പിന്തുണക്കുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. എന്റെ പിതാവ് ശ്രീ. പി. ജെ. ജോസഫ് ഏറെനാൾ ഈ സഭയിൽ അംഗമായിരുന്നു. പലപ്പോഴും ബജറ്റ് പ്രസംഗം കയ്യിൽക്കിട്ടുമ്പോൾ സാധാരണക്കാരനെയും പാവപ്പെട്ടവനെയും നേരിട്ട് ബാധിക്കുന്ന നികുതി

നിർദേശങ്ങളടങ്ങിയ അധികവിഭവ സമാഹരണത്തിന്റെ പേജ് അദ്ദേഹം വായിച്ചുനോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഈ ബജറ്റിൽ പാവപ്പെട്ടവർക്കോ അധ്വാനവർഗ്ഗത്തിൽപ്പെട്ടവർക്കോ എന്നുവേണ്ട ഒരാൾക്കുപോലും ഒരു രൂപ പോലും 2026-27 വർഷത്തിൽ അധികനികുതി നൽകേണ്ടിവരില്ലെന്ന് മാത്രമല്ല; നിലവിലുള്ള സാമ്പത്തിക പരാധീനതകൾക്കുള്ളിൽ നിന്നുകൊണ്ട് ഭിന്നശേഷിക്കാർക്ക് വാഹന നികുതിയിളവിന്റെ പരിധി ഉയർത്തിയും ഹരിതാഭം നിറഞ്ഞ നാളേക്കായി ഇലക്ട്രിക് വാഹനങ്ങളുടെ നികുതി കുറച്ചും തകർച്ച നേരിടുന്ന പൊതുഗതാഗത മേഖലയുടെ സംരക്ഷണത്തിനായി സ്റ്റേറ്റ് ഗാരേജ് ടൂറിസ്റ്റ് ബസുകളുടെ നികുതിയിൽ 50 ശതമാനത്തിലധികം ഇളവ് നൽകിയും ജി.എസ്.ടി.-യിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചും ക്ഷേമവും സഹാനുഭൂതിയും പ്രകടമാക്കിയ ബജറ്റിന്റെ ശില്പികളെ ഞാൻ അനുമോദിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്; പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയില്ല. പാലക്കാട് അംഗം ശ്രീ. രമേശ് പിഷാരടി പറഞ്ഞതുപോലെ, ഒരു ദിവസം 40 നിവേദനങ്ങളാണ് ഒരു എം.എൽ.എ.-ക്ക് ലഭിക്കുന്നതെങ്കിൽ എനിക്ക് കിട്ടുന്ന 40 നിവേദനങ്ങളിൽ 15 എണ്ണവും പി.എസ്.സി.-യിൽ പേര് രജിസ്റ്റർ ചെയ്തശേഷം പ്രൈമറി സ്കൂളുകളിൽ നിയമനം ലഭിക്കാതെ വരുന്ന ഉദ്യോഗാർഥികളുടേതാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയേക്കാൾ, നാം എപ്പോഴും ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് സംസാരിക്കുകയാണ് ചെയ്യുന്നത്. നാട്ടിലെ പൗരബോധം, രാഷ്ട്രബോധം, എതിക്സ്, സിവിൽ സെൻസ്, സാമൂഹികബോധം, ആരോഗ്യം, കാര്യപ്രാപ്തി, സഹിഷ്ണുത, ക്ഷമ, സഹാനുഭൂതി എന്നിവയുള്ള ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കാൻ നമ്മുടെ പ്രീ-പ്രൈമറി വിദ്യാഭ്യാസമേഖലയെ ഉടച്ചുവാർത്തേ മതിയാകൂ. അതിനായി ധാരാളം മുതൽമുടക്ക് ഇവിടെ ആവശ്യമാണ്.

8 വർഷം മുമ്പ് കേവലം 35 വിദ്യാർഥികളുമായി അടച്ചുപൂട്ടലിന്റെ ഭീഷണി നേരിട്ടിരുന്ന തൊടുപുഴ വെങ്ങല്ലൂരിലെ ഒരു എൽ.പി. സ്കൂളിൽ അവിടെയുള്ള എം.എൽ.എ. ഫണ്ട്, സി.എസ്.ആർ. ഫണ്ട് എന്നിവയുപയോഗിച്ചും പ്രസ്തുത സ്കൂളിലെ അധ്യാപകരും പ്രധാനാധ്യാപകരും കൗൺസിലറും കൂടിച്ചേർന്നും പ്രവർത്തിച്ചതിന്റെ ഫലമായി ഇന്ന് 350-

*01-07-2026*
*Legislative Business (Contn...)*

ലധികം വിദ്യാർഥികൾ ആ സ്കൂളിലുണ്ട്. അവരുടെ ആക്ടിവിറ്റി റൂം പരിശോധിച്ചാൽ, ലക്ഷക്കണക്കിന് രൂപ ഫീസ് കൊടുത്ത് പഠിപ്പിക്കുന്ന പ്രൈവറ്റ് വിദ്യാലയങ്ങളെ വെല്ലുന്ന രീതിയിലുള്ള ആക്ടിവിറ്റി റൂമുകളും മറ്റ് പഠനേതര മെത്തേഡുകളുമാണ് ആ സ്കൂളിലുള്ളത്. അതേ മോഡലിൽ നമ്മുടെ പ്രൈമറി സ്കൂളുകളെയും ഉടച്ചുവാർക്കണം. അതുവഴി സാധാരണക്കാർക്ക് സൗജന്യമായി പഠിക്കാനും ധാരാളം യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നമ്മുടെ പ്രീ-പ്രൈമറി വിദ്യാഭ്യാസമേഖലയെ ഉടച്ചുവാർക്കേണ്ടിയിരിക്കുന്നുവെന്നുമാത്രം പറഞ്ഞുകൊണ്ടും ക്ഷേമവും സഹാനുഭൂതിയും പ്രകടമാക്കിയ ഈ ബജറ്റിന്റെ ശില്പികളെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊണ്ടും ഈ പുതുക്കിയ ബജറ്റ് അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ ബില്ലിനെ ഞാൻ സർവാത്മനാ പിന്തുണക്കുന്നു.

<u>ശ്രീ. ബി. ബി. ഗോപകുമാർ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഈ നിയമസഭയിൽ ഇന്ന് നമ്മൾ കണ്ടതും മദ്യനയത്തിലെ സാമ്പത്തിക ഇടപാടിലും ആർക്കാണ് കൂടുതൽ ലഭിച്ചത് എന്നതിനെ സംബന്ധിച്ച തർക്കമാണ്. എൽ.ഡി.എഫ്. ഇറങ്ങിപ്പോയി. ഒരു കാര്യം ഭരണകക്ഷി വ്യക്തമാക്കേണ്ടത് ഈ ഇടപാടിൽ എത്രയാണ് സാമ്പത്തിക നേട്ടമുണ്ടായത് എന്നതാണ്. ഇപ്പുറത്ത് എൽ.ഡി.എഫ്.-ന് വല്ല കുറവും സംഭവിച്ചിട്ടുണ്ടെങ്കിൽ ആ കുറവ് പരിഹരിച്ചുകൊടുക്കണം. കാരണം നിങ്ങൾ രണ്ടുപേരും ദേശീയാടിസ്ഥാനത്തിൽ ഒരേ മുന്നണിയുടെ ഘടകകക്ഷികളാണ്. ഒരു സഖ്യകക്ഷിക്ക് അത്തരം കാര്യത്തിൽ എന്തെങ്കിലും കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ അടിയന്തരമായി ആ കുറവ് പരിഹരിക്കണം. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തെ രൂപയുടെ മൂല്യം കണക്കാക്കി അവർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നാണ് ഞങ്ങൾക്ക് ഇവിടെ പറയാനുള്ളത്.

മറ്റൊന്ന്, രാജ്യസുരക്ഷയ്ക്കുവേണ്ടി ലോക്സഭ പാസാക്കിയ ഒരു നിയമത്തിനെതിരെ ഇവിടെ പ്രമേയം അവതരിപ്പിക്കുകയാണ്. സർ, ഒരു കാര്യം ഓർമപ്പെടുത്തുന്നു, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് നടത്തിയ സമരം, ആ സമരത്തിന് വിദേശ ഫണ്ടിങ്ങുണ്ടെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ സംസ്ഥാന ആഭ്യന്തര വകുപ്പ്

തന്നെ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അപ്പോൾ നമ്മുടെ സംസ്ഥാനത്തും ഇത്തരത്തിൽ വിദേശലോബികൾ വിദേശഫണ്ടിങ് നടത്തി സംസ്ഥാനത്തെ അസ്ഥിരപ്പെടുത്തുന്ന സമരങ്ങൾ നടത്തിയിട്ടുണ്ട് എന്ന് സംസ്ഥാന ആഭ്യന്തര വകുപ്പാണ് റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. മാറാട് കലാപവുമായി ബന്ധപ്പെട്ടുകൊണ്ട് അന്ന് കൊടുത്ത പോലീസ് റിപ്പോർട്ടിലും ആ കലാപത്തിന് പിന്നിൽ വിദേശ ഫണ്ടിങ് നടത്തിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ രാജ്യസുരക്ഷയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ ഒരു ബിൽ കൊണ്ടുവരുമ്പോൾ അതിനെ എതിർക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇവിടെ നമ്മൾ ഓർക്കേണ്ടതുണ്ട്, XXXXXX+ മദനിയെ അനുകൂലിച്ചുകൊണ്ട് പ്രമേയം പാസാക്കിയ നിയമസഭയാണ് രാജ്യസുരക്ഷയ്ക്കുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലിനെതിരെ ഇവിടെ പ്രസംഗിക്കുന്നത്. അതുകൊണ്ടുതന്നെ ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. എം. ആർ. ബൈജു</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഞാൻ ജില്ലാ പഞ്ചായത്ത് അംഗമായിരുന്ന കാലഘട്ടത്തിൽ വിളപ്പിൽശാലയിൽ ഒരു ബഡ്സ് സ്കൂളിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പോയിരുന്ന സമയത്താണ് 51 വയസ്സുള്ള മകളെയും കൂട്ടി 78 വയസുള്ള വൃദ്ധനായ ഒരു പിതാവ് എത്തിച്ചേരുന്നത്. അന്ന് ഉദ്ഘാടന സമ്മേളനത്തിനുശേഷം കടന്നുപോകുമ്പോൾ ആ പിതാവ് എന്നോട്, അദ്ദേഹത്തിന്റെ കണ്ണിൽനിന്നും കണ്ണീർ വീണില്ലെന്നേയുള്ളൂ; അത്രത്തോളം വിഷമത്തിൽ അദ്ദേഹം പറഞ്ഞ ഒരു കാര്യം, 'എന്റെ കാലശേഷം മകളെ ആര് നോക്കുമെന്നുള്ളതാണ്.' ആ കുട്ടിയുടെ അമ്മ മരിച്ചുപോയിട്ട് വർഷങ്ങളായി. തന്റെ അവസാന കാലഘട്ടം അടുക്കാറായതിനാൽ ഇനി ആരാണ് തന്റെ മകളെ നോക്കുകയെന്നുള്ളതാണ് ആ പിതാവിന്റെ ചിന്ത. അതൊരു ഒറ്റപ്പെട്ട പിതാവിന്റെ ചിന്തയല്ലെന്ന് നമുക്കറിയാം.

ഭിന്നശേഷിക്കാരായ ആയിരക്കണക്കിന് കുട്ടികൾ നമ്മുടെ ചുറ്റുവട്ടത്തുള്ളതിനാൽ അവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർക്കാർ മുന്നോട്ടുപോകുമ്പോൾ അതിനെ എങ്ങനെ അനുകൂലിക്കാതെ മുന്നോട്ടുപോകാൻ സാധിക്കും. ഈ വിഷയം സൂചിപ്പിച്ചുകൊണ്ട് ബജറ്റിന് മുന്നോടിയായി

---

+ ബഹു. സഭാധ്യക്ഷന്റെ 03-07-2026-ലെ ഉത്തരവിൻപ്രകാരം (കെ.എൽ.എസ്./3786/2026/എഡിറ്റിങ്) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

അദ്ദേഹത്തെ ഞാൻ സന്ദർശിച്ചിരുന്നു. എന്റെ മണ്ഡലമായ കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴിൽ ഒരു റസിഡൻഷ്യൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള താൽപര്യം പ്രകടിപ്പിച്ചപ്പോൾ, വളരെ അനുകൂലമായി അനുവദിക്കാമെന്ന് അദ്ദേഹം പറഞ്ഞതിൽ അദ്ദേഹത്തോട്, കേരളത്തിലാകമാനം വരുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച, ഭിന്നശേഷിക്കാരായിട്ടുള്ള ആയിരക്കണക്കിന് കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും വേണ്ടി നന്ദി പറയുകയാണ്. റെസിഡൻഷ്യൽ ബഡ്സ് സ്കൂൾ എന്ന ആശയത്തെപ്പറ്റി പറയുമ്പോൾ, അവരുടെ പഠനകാലഘട്ടത്തിൽ അവരെ പഠിപ്പിക്കുക മാത്രമല്ല; അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ ചെയ്യുന്നതിനും ആ കാലഘട്ടത്തിനുശേഷം അവരുടെ ജീവിതകാലം മുഴുവൻ അവരെ സംരക്ഷിക്കുന്നതിനും ചേർത്തുപിടിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ച താൽപര്യത്തെ ഞാൻ ഹൃദയപൂർവം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലം ആരോഗ്യ രംഗം വെന്റിലേറ്ററിൽ ആയിരുന്നു. ആ കാലഘട്ടത്തെ സർക്കാരിന്റെ പിടുപ്പുകേടുകൊണ്ട് എന്റെ നിയോജകമണ്ഡലമായ കാട്ടാക്കടയിൽ ബിസ്മീർ എന്ന ചെറുപ്പക്കാരൻ മരണമടഞ്ഞു. വിളപ്പിൽശാല ആരോഗ്യകേന്ദ്രത്തിൽ എത്തിയ ഈ ചെറുപ്പക്കാരൻ ശ്വാസം കിട്ടാതെ പിടഞ്ഞുവീണ് മരിച്ചതിനെക്കുറിച്ച് വളരെയധികം ചർച്ച നടന്ന കാര്യമാണ്. അദ്ദേഹത്തിന്റെ രണ്ട് മക്കളും വൃദ്ധരായ മാതാപിതാക്കളുമടങ്ങിയ കുടുംബം ഇന്ന് അനാഥമാണ്. ഇത് കാട്ടാക്കടയിലെ വിളപ്പിൽശാലയിലെ ഒരു ആശുപത്രിയിൽ മാത്രമുണ്ടായ സംഭവമല്ല. ഇത് ആ നിയോജകമണ്ഡലത്തിൽ വരുന്ന താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട മലയിൻകീഴ് അടക്കമുള്ള ആശുപത്രികളുടെ ശോചനീയാവസ്ഥയാണ്. താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഒരു ആശുപത്രി ഉയർത്തപ്പെട്ടെന്ന് പറയുമ്പോൾ കെട്ടിടങ്ങളുടെ നിർമ്മാണം മാത്രമേ അവിടെയുള്ളൂ. ഡോക്ടർമാരുടെ കാര്യത്തിലുൾപ്പെടെയുള്ള അടിസ്ഥാന കാര്യങ്ങളിൽ ഇന്നും പിന്നാക്കാവസ്ഥയിലാണ് ഈ ആശുപത്രി നിലനിൽക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ സുമയ്യ എന്ന പെൺകുട്ടി തൈറോയ്ഡിന്റെ അസുഖവുമായി ബന്ധപ്പെട്ടാണ് ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്ക് പോയത്. ആ കുട്ടിയുടെ ശസ്ത്രക്രിയയ്ക്കുശേഷം മരുന്നും രക്തവും നൽകാൻവേണ്ടി ഞരമ്പിലൂടെ ഒരു ഗൈഡ് വയർ

*01-07-2026*
*Legislative Business (Contn...)*

കടത്തിവിട്ടിരുന്നു. അന്ന് മുഖ്യമന്ത്രിയോട് ഇക്കാര്യം പറയാൻ സാധിച്ചില്ല. പക്ഷെ ആരോഗ്യ വകുപ്പുമന്ത്രി, ഉദ്യോഗസ്ഥർ എന്നിവരോട് പരാതി പറഞ്ഞിട്ടും പരിഹാരമുണ്ടാകാതെ ആ കുട്ടി ഇന്നും ഗൈഡ് വയറുമായി നടക്കുകയാണ്. ഇപ്പോൾ ആ കുട്ടിയുടെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. എന്നാൽ ഇപ്പോൾ ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകാതെ ശ്രദ്ധിക്കുന്ന ആരോഗ്യ വകുപ്പിനെ ഹൃദയപൂർവം അഭിനന്ദിക്കാതെ കടന്നുപോകാൻ സാധിക്കില്ല.

കാട്ടാക്കട നിയോജകമണ്ഡലത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന രണ്ട് പ്രധാനപ്പെട്ട റോഡുകളിൽ ഒന്നിന്റെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി രാവിലെ സൂചിപ്പിച്ചതുപോലെ വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുമ്പോൾ അതിന്റെ സമീപ പ്രദേശങ്ങളാകമാനം വികസന കാര്യത്തിൽ മുന്നോട്ടുപോകുന്നൊരു സാഹചര്യമുണ്ട്. വിഴിഞ്ഞം-നാവായിക്കുളം ഇടറോഡിന്റെ നിർമ്മാണം, ഔട്ടർ റിങ് റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്ന അവസരത്തിൽ കാട്ടാക്കടയിൽ വലിയ വികസന സാധ്യതകളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ആ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ നടപടികൾ വേഗത്തിലാക്കാത്തതുകൊണ്ട് ഏഴുപേരുടെ ജീവൻ പൊലിഞ്ഞ സാഹചര്യമുണ്ടായി. റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഭൂഉടമകളുടെ കയ്യിൽനിന്നും പ്രമാണങ്ങളും മറ്റ് രേഖകളും വാങ്ങിവയ്ക്കുമ്പോൾ, അവരുടെ കുട്ടികളുടെ പഠനത്തിനുവേണ്ടി, വീട്ടിൽ ഒരു അത്യാഹിതം സംഭവിച്ചാൽ അതിന് പണയപ്പെടുത്തുന്നതിനുവേണ്ടിയും, കുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്കുവേണ്ടിയും മറ്റും ഈ വസ്തു പണയം വയ്ക്കാൻ പറ്റാത്തൊരു സാഹചര്യമുണ്ടാകുമ്പാൾ സ്വാഭാവികമായും ഈ പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കാതെ വരുമ്പോൾ അവർ ആത്മഹത്യയിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമെടുത്ത നടപടികളിൽ ഒന്ന് ഭൂഉടമകൾക്ക് തുക നൽകുകയെന്നതായിരുന്നു. കൂടാതെ ആ റോഡിന്റെ നിർമ്മാണത്തിനുവേണ്ടി ബജറ്റിൽ 100 കോടി രൂപ അനുവദിച്ചുവെന്നുകൂടി കേൾക്കുമ്പോൾ വളരെയധികം ആഭിമാനവും സന്തോഷവുമുണ്ട്. അവിടത്തെ ജനങ്ങൾക്കുവേണ്ടി സംസാരിക്കാൻ കഴിഞ്ഞതിൽ എനിക്ക്

വളരെയധികം അഭിമാനമുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ തിരുവനന്തപുരം നഗരത്തിന്റെ ചവർ സംസ്കരണശാലയായിരുന്ന വിളപ്പിൽശാല. എന്നാൽ ഇന്ന് അത് മാറിയിരിക്കുകയാണ്. കെ.ടി.യു. അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നുവരവിന് ഇത് കാരണമായിരിക്കുകയാണ്. ഇപ്പോൾ നിരവധി സ്വകാര്യ വിദ്യാലയങ്ങൾ ആ മേഖലയിൽ വന്നിട്ടുണ്ട്. വിളപ്പിൽശാലയിൽ ഒരു പ്രാഥമിക വിദ്യാലയമുണ്ട്. ഞാൻ ജില്ലാ പഞ്ചായത്ത് അംഗമായിരുന്ന അവസരത്തിൽ ഇരുന്നൂറിന് താഴെ കുട്ടികൾ പഠിച്ചിരുന്ന വിദ്യാലയമായിരുന്നു അത്. പല ഫണ്ടുകളിലൂടെയും ആ വിദ്യാഭ്യാസ സ്ഥാപനത്തെ പടിപടിയായി ഉയർത്തി ഇപ്പോൾ തൊള്ളായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഒരു വിദ്യാലയമായി മാറിയെങ്കിലും ഇന്നും അത് യു.പി. സ്കൂളായി തുടരുകയാണ്. ആ പഞ്ചായത്തിൽ അടിയന്തരമായി ഒരു ഹയർ സെക്കൻഡറി സ്കൂൾ അനുവദിച്ചാൽ അവിടെ വിദ്യാഭ്യാസ പുരോഗതി സാധ്യമാകുമെന്ന കാര്യത്തിൽ തർക്കമില്ല. ആ നിയോജകമണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പഞ്ചമി എന്ന വിദ്യാർഥിനിക്ക് പഠനം നിഷേധിച്ച ഊരൂട്ടമ്പലത്തും ഇതുപോലൊരു യു.പി. സ്കൂളുണ്ട്. ഇപ്പോൾ ആ സ്കൂളിന്റെ ഭൗതിക സാഹചര്യമെല്ലാം മെച്ചപ്പെടുത്തി വരികയാണ്. ടി സ്കൂൾ ഉൾപ്പെടെ ഹൈസ്കൂളായി ഉയർത്തിയാൽ ആ പ്രദേശത്തെ പഠന നിലവാരം മെച്ചപ്പെടുന്നതിന് കാരണമായി മാറും. ധനാഭ്യർഥനകളെ സംബന്ധിച്ച ഈ ബില്ലിനെ ഞാൻ ഹൃദയപൂർവം പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. കെ. പ്രവീൺ കുമാർ</u>: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. തകർന്ന കേരളത്തെ മോചിപ്പിക്കാനുള്ള ശരിയായ വഴിയാണ് ഈ ബജറ്റും അതിന്റെ അനന്തര നടപടികളും. സർക്കാർ സ്വീകരിക്കുന്ന ഓരോ നടപടിയും തളർന്ന കേരളത്തെ വളർച്ചയുടെ പാതയിലേയ്ക്ക് നയിക്കുന്ന തുള്ളിമരുന്നുകളാണ്. നല്ലവഴിക്ക് സർക്കാരും നാടും നീങ്ങുന്നുവെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുകയാണ്. കഴിഞ്ഞ പത്തുവർഷത്തെ ഇടതുപക്ഷ ഭരണം കൊണ്ട് എല്ലാ മേഖലകളും തകർന്നു. അതിൽ ഏറ്റവും കൂടുതൽ തകർന്ന ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല. കേരളത്തിലെ വിദ്യാലയങ്ങളിൽ ഒരുകാലത്ത് വിദ്യാർഥികൾ പഠിച്ചിരുന്നില്ല. അതിന് അവർക്ക് അവസരവുമുണ്ടായിരുന്നില്ല. എന്നാൽ

*01-07-2026*
*Legislative Business (Contn...)*

2001-ൽ ശ്രീ. എ. കെ. ആന്റണി സർക്കാർ കേരളത്തിൽ കൊണ്ടുവന്ന വലിയ പരിഷ്കരണം കൊണ്ട് കേരളത്തിൽനിന്നും ഒഴുകിപ്പോയ വിദ്യാർഥി സമൂഹം കേരളത്തിൽ നിൽക്കുകയും ഇവിടെ പഠിക്കാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതോടെ ആ അവസ്ഥ മാറി. ഇന്ന് കുട്ടികൾക്ക് ഇവിടെ പഠിക്കാൻ താൽപര്യമില്ല. അവർക്ക് ഇവിടെ പഠിക്കാൻ താൽപര്യമില്ലാത്തത് അച്ഛനോടും അമ്മയോടുമുള്ള ഇഷ്ടക്കുറവുകൊണ്ടോ കേരളത്തിന്റെ പ്രകൃതി ഭംഗിക്കുറവുകൊണ്ടോ അല്ല. ഇവിടത്തെ വിദ്യാഭ്യാസത്തിൽ വിദ്യാർഥികൾക്ക് വിശ്വാസം ഉണ്ടായിരുന്നില്ല. ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ ബി.കോം തോറ്റ കുട്ടി എം.കോം ജയിക്കുന്നു. പത്താം ക്ലാസ് തോറ്റ കുട്ടി പി.എച്ച്.ഡി. എടുക്കുന്നു. പിന്നെ എങ്ങനെയാണ് അവർക്ക് ഇവിടെ പഠിക്കാൻ സാധിക്കുന്നത്. 2024-ലെ എസ്.എസ്.എൽ.സി.-യുടെ അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പർ കോഴിക്കോട് ചോർന്നു. അപ്പോൾ പ്രതിപക്ഷ പാർട്ടികൾ ഡി.ഡി.ഒ. ഓഫീസിൽ ഉൾപ്പെടെ സമരം ചെയ്തു. അതിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ പാർട്ടികൾ പറഞ്ഞു. ഇതേ ആവശ്യം ഉന്നയിച്ച് ഞാൻ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ വിളിക്കുകയും ഞാൻ ഡി.സി.സി. പ്രസിഡന്റാണ്, ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ഒരു വിഷയം ഉണ്ടായിട്ടുണ്ടെന്നും അതിന് ജുഡിഷ്യൽ അന്വേഷണം വേണമെന്നും പറഞ്ഞു. ചോദ്യം അല്ലേ ചോർന്നുള്ളൂ ഉത്തരം ചോർന്നില്ലല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഈ സാഹചര്യത്തിൽ കേരളത്തിൽ ഏത് വിദ്യാർഥികളാണ് പഠിക്കാൻ തയ്യാറാകുന്നത്. ഇത്തരത്തിൽ കേരളത്തെ തകർത്ത ഒരു സർക്കാരാണ് കഴിഞ്ഞ പത്ത് വർഷക്കാലം കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. വിദ്യ തേടിയും തൊഴിൽ തേടിയും വിദ്യാർഥികൾ കേരളത്തിൽ വന്നൊരു കാലം ഉണ്ടായിരുന്നു. ഇന്ന് കേരളത്തിലേയ്ക്ക് ഈ ആവശ്യവുമായി ആരും വരുന്നില്ല. ബുദ്ധിയുള്ള കുട്ടികൾ ഇന്ന് കേരളം വിട്ട് പുറത്തേയ്ക്ക് പോകുകയാണ്. പത്തുവർഷത്തെ ഭരണത്തിൽ തകർന്നുപോയ കേരളത്തെ മുഖ്യമന്ത്രിയുടെ വാക്കുകൾ പ്രതീക്ഷയോടെ നോക്കിക്കാണുകയാണ്. കേരളത്തിൽ ഇപ്പോഴുള്ളത് ഔട്ട് ഡേറ്റഡ് കോഴ്സുകളാണെന്നത് സത്യമാണ്. ഉന്നത നിലവാരമുള്ള പല കോളേജുകളിലും ഇന്ന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്.

*01-07-2026*
*Legislative Business (Contn...)*

അവിടെയാണ് ഔട്ട് ഡേറ്റഡ് കോഴ്സുകൾക്ക് പകരം പുതുതലമുറയ്ക്ക് ഇഷ്ടപ്പെടുന്ന കോഴ്സുകൾ കൊണ്ടുവരുമെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ പ്രതീക്ഷയോടെ കേരളം ഉറ്റുനോക്കുന്നത്. കേരളത്തിന്റെ ആരോഗ്യ രംഗത്തെക്കുറിച്ചും ആലോചിക്കേണ്ടതായിട്ടുണ്ട്. ഇടത്തെ കാലിന് ചികിത്സയ്ക്ക് പോയാൽ വലത്തേ കൈയ്ക്ക് ഓപ്പറേഷൻ ചെയ്യുന്നൊരു കാലമുണ്ടായിരുന്നു. മാത്രമല്ല ഓപ്പറേഷൻ കഴിഞ്ഞ് കത്രിക വയറ്റിൽ സൂക്ഷിച്ച കാലമുണ്ടായിരുന്നു. അന്നെല്ലാം പേടിയോടെയാണ് ആളുകൾ ആശുപത്രിയിലേയ്ക്ക് പോയിക്കൊണ്ടിരുന്നത്. ഇപ്പോൾ കേരളത്തിന് കരുത്തനായ ഒരു ആരോഗ്യവകുപ്പുമന്ത്രിവന്നു. ഇപ്പോൾ ഭയമില്ലാതെ ആശുപത്രിയിലേയ്ക്ക് ആളുകളെത്തുന്നു. കഴിഞ്ഞ ഭരണകാലത്ത് കേരളത്തിലെ പോലീസിനെ ഭരിച്ചിരുന്നത് മാർസിസ്റ്റ് പാർട്ടിയായിരുന്നു. പക്ഷെ കരുത്തനായ ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായപ്പോൾ ക്രമസമാധാന ചുമതല പൂർണ്ണമായും ആഭ്യന്തര വകുപ്പിന്റെ കൈകളിലെത്തി. അങ്ങനെ കേരളം മാറുകയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ ലൈഫ് ഇല്ലാതാക്കാൻ സാധിച്ചില്ലേ; പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും വീടുപോലും ലഭിക്കാത്തൊരു അവസ്ഥ ഇവിടെയുണ്ടായി. ഇക്കാര്യത്തിലും പരിഹാരമുണ്ടാക്കുമെന്ന് ബജറ്റിൽ പറയുമ്പോൾ ആ ബജറ്റിനെ അനുകൂലിക്കുകയല്ലാതെ എന്താണ് ചെയ്യേണ്ടത്; എന്ത് കിട്ടി യു.ഡി.എഫ്.-ന് എന്നാണ് ഇവിടെ ബി.ജെ.പി.ക്കാരൻ ചോദിച്ചത്. ഞാൻ 'രാമ രാമ' മന്ത്രം ജപിക്കുന്ന തികഞ്ഞൊരു വിശ്വാസിയാണ്. ഭക്തിയുടെ ഭാഗമായാണ് ഞാൻ ശ്രീരാമ നാമം ജപിക്കുന്നത്; എന്റെ വിശ്വാസത്തിന്റെ ഭാഗമായാണ്. പക്ഷെ ബി.ജെ.പി. ശ്രീരാമനെ ഭജിക്കുന്നത് പണം തട്ടാനാണ്. ശ്രീരാമനെ ഉപയോഗിച്ച് പണം തട്ടുന്നൊരു പാർട്ടിയായി ഈ രാജ്യത്ത് ബി.ജെ.പി. മാറിയിരിക്കുന്നു. എന്നിട്ട് അവർ ഇവിടെ നടത്തുന്ന പ്രസംഗം കാണുമ്പോൾ പരിഹാസവും പുച്ഛവും തോന്നുകയാണ്. നമ്മൾ പറയുന്നത് കേൾക്കാൻ വയ്യാതെ അവർ പോയിരിക്കുകയാണ്. ഞാൻ ഈ നിയമസഭയിലെ ഒരു പുതിയ അംഗമാണ്. ഇവിടെ എനിക്ക് വലിയ പരിചയമൊന്നുമില്ല. ഒരോ കാര്യങ്ങൾ പറഞ്ഞ് ഇറങ്ങിപ്പോകുന്നത് കാണാം. ഇവർ ഇങ്ങനെ ഇറങ്ങിപ്പോകാനുള്ള പ്രധാനപ്പെട്ട കാരണം മുഖ്യമന്ത്രിയുടെ മറുപടിയാണ്. മുഖ്യമന്ത്രിയുടെ ഒന്നൊന്നര മറുപടി കേൾക്കുമ്പോൾ നനഞ്ഞ പടക്കം പോലെ

ഇവർ ഇരിക്കുകയാണ്. റിവേഴ്സ് റെമിറ്റൻസ് എന്ന പദം ഇവരുടെ ചിന്തയിലുണ്ടായിരുന്നോ; ഇവർ ആലോചിച്ചിരുന്നോ; വീരശൂരന്മാർ എന്നുപറയുന്ന ആളുകൾ നയിക്കുന്ന പ്രതിപക്ഷം ഇതെല്ലാം കേൾക്കുമ്പോൾ നനഞ്ഞ പടക്കം പോലെയാണ് ഇരിക്കുന്നത്. സഹികെട്ടാണ് അവർ സഭയിൽ നിന്ന് ഇറങ്ങിപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഷിബു ബേബി ജോണിന്റെ പേരും പറഞ്ഞാണ് ഇന്നലെ പ്രതിപക്ഷം ഇറങ്ങിപോയത്. അദ്ദേഹം എന്തുപിഴച്ചു; അദ്ദേഹം ഒരു കാര്യം പറഞ്ഞതാണ്. അദ്ദേഹം കരുത്തനായൊരു വനം വകുപ്പുമന്ത്രിയാണ്. അവരുടെ ഭരണകാലത്തും വനം വകുപ്പുമന്ത്രിയുണ്ടായിരുന്നു. വയനാട്ടിൽ രാധ എന്ന സഹോദരി കടുവയുടെ ആക്രമണത്താൽ കൊല്ലപ്പെട്ടു. ഇനി ഒരാളെയും കടുവ ആക്രമിക്കാതിരിക്കാൻ വനം വകുപ്പിലെ ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് കടുവയെ പിടികൂടാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുമ്പോൾ, കോഴിക്കോട് കടപ്പുറത്ത് നടന്ന ഒരു ഫാഷൻ ഷോയിൽ ഹിന്ദി പാട്ട് പാടിയ വനം വകുപ്പുമന്ത്രി കേരളത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പാരമ്പര്യമുള്ള മന്ത്രിയല്ല ശ്രീ. ഷിബു ബേബി ജോൺ. ഓരോ കാര്യവും പറഞ്ഞ് ഇങ്ങനെ ഇറങ്ങിപ്പോവുകയാണ്. ഞാൻ വരുന്ന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിരവധി പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ, എന്റെ കന്നി പ്രസംഗത്തിൽ ഞാൻ ആവശ്യപ്പെട്ട തിക്കോടിയിലെ കോടിക്കൽ തീരത്തെ മിനി ഫിഷിംഗ് ഹാർബറിന് തുക അനുവദിച്ചതിന് ഒരുപാട് നന്ദി രേഖപ്പെടുത്തുന്നു. കൊയിലാണ്ടിയിൽ ഇനിയും നിരവധി പദ്ധതികൾ ആവശ്യമുണ്ട്. ഈ അനുവദിച്ച പദ്ധതികൾക്ക് നന്ദി പറഞ്ഞുകൊണ്ടും ഇനിയുള്ള പദ്ധതികൾ വളരെ അനുഭാവപൂർവം പരിഗണിക്കുമെന്ന് പ്രതീക്ഷയോടുംകൂടി ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ആണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഗ്രാന്റുകൾ ഈ സഭ അനുവദിച്ചു. അതിന്റെ ഭാഗമായുള്ള ഒരു കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷനാണ്, പുതിയ അംഗങ്ങൾക്കുകൂടി അറിയാൻ വേണ്ടിയാണ് പറയുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 204

അനുസരിച്ച്  സഭ അനുവദിച്ച തുക ചെലവാക്കാൻ, അതായത് ധനവിനിയോഗം നടത്താൻ ഈ സഭയുടെ അനുവാദംകൂടി ആവശ്യമാണ്. അതിനാണ് ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നത്. ജനങ്ങളുടെ നികുതിപ്പണം ചെലവാക്കാൻ വേണ്ടിയുള്ള അനുവാദം ജനപ്രതിനിധിസഭ നൽകുന്ന ഭരണഘടനയിലെ ആർട്ടിക്കിൾ 204 അനുസരിച്ചാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ പ്ലാനുകളെ സംബന്ധിച്ച് നിരവധി ചർച്ചകൾ നടന്നു. ഞാൻ കുറെ കാര്യങ്ങൾക്ക് മറുപടി പറഞ്ഞു. ലോക്കൽ ബോഡിക്ക് കഴിഞ്ഞപ്രാവശ്യം അനുവദിച്ച പതിനായിരത്തിലധികം കോടി രൂപയിൽ 1500 കോടി രൂപ കുറവുവരുത്തിയെന്നതാണ് രാവിലെയുണ്ടായ ചർച്ചയിലെ ഏറ്റവും പ്രധാനഭാഗം. അതിനുള്ള കാരണവും നമ്മൾ പറഞ്ഞു, അവർ കണക്കുകൂട്ടിയതിൽനിന്നും 20500 കോടി രൂപ പ്ലാനിൽ ഇല്ലാതെപോയി എന്നതാണ്. ബാക്കി 15000 കോടി രൂപയാണുള്ളതെങ്കിലും അതിനുള്ള പ്ലാനല്ല നമ്മൾ നിശ്ചയിച്ചത്. 30000 കോടി രൂപയുടെ പ്ലാനാണ് നിശ്ചയിച്ചത്. തുകയില്ലാത്തതിനാൽ 5000 കോടി രൂപ കുറവുവരുത്തി. ആ 5000 കോടി രൂപ പല വകുപ്പുകൾക്കായി വിഭജിച്ചപ്പോൾ 1500 കോടി രൂപയുടെ കുറവുവന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രാവിലെ അവർ ചെലവാക്കിയ കണക്കിന്റെ കാര്യം പറഞ്ഞു. എല്ലാത്തിനും മറുപടി പറയേണ്ടതില്ല എന്നു  വിചാരിച്ചാണ് അപ്പോൾ മറുപടി പറയാത്തത്. അദ്ദേഹം ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ചെലവാക്കിയ പണവും ഇപ്പോൾ ചെലവാക്കിയ പണത്തെക്കുറിച്ചും പറഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഓരോ സർക്കാരിന്റെ കാലത്തും ഓരോ പ്ലാനാണ്. 2011-12- ലെ പ്ലാൻ  11101 കോടി രൂപയാണ്. എന്നാൽ  2012-13-ലെ പ്ലാൻ 14000 കോടി രൂപ, പിന്നെ 17000 കോടി രൂപ, 20000 കോടി രൂപ, 24000 കോടി രൂപ എന്നിങ്ങനെ വരികയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പഴയ ചരിത്രമെടുത്ത് പരിശോധിച്ചാൽ പ്ലാൻ സൈസ് വർധിച്ചുകൊണ്ടിരിക്കുന്നതായി കാണാം.  സംസ്ഥാനത്തിന്റെ ചരിത്രത്തിൽ പ്ലാനിൽ ഒരു സ്റ്റാഗ്നേഷൻ വന്നത് കഴിഞ്ഞ അഞ്ചുവർഷക്കാലത്താണ്. കാരണം 28000 കോടി രൂപ, 30000 കോടി രൂപ, 30000 കോടി രൂപ, 30000 കോടി രൂപ എന്നിങ്ങനെ ഒരു ശതമാനംപോലും വർധിപ്പിക്കാതെ മൂന്നുപ്രാവശ്യം മുപ്പതിനായിരം കോടി രൂപതന്നെ

നിശ്ചയിച്ചു. എന്നിട്ട് ചെലവാക്കിയ തുകയുടെ ആക്ച്വൽസ് പറയുകയാണ്. ആകെ പ്ലാനിന്റെ എത്രയാണ് ചെലവാക്കിയതെന്ന് പറയുന്നില്ല. ഓരോ കാലത്തെയും പ്ലാൻ സൈസിൽ വ്യത്യാസമുണ്ട്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഉമ്മൻ ചാണ്ടി ഗവൺമെന്റിനേക്കാൾ ചെറിയ പ്ലാനാണ്. അതിനേക്കാൾ ചെറിയ പ്ലാനായിരിക്കും ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത്. ജനങ്ങളെ കബളിപ്പിക്കാൻവേണ്ടിയുള്ള ഒരു കണക്കാണ് അവർ പറഞ്ഞത്. പ്ലാനിൽ നമ്മൾ കുറച്ചുവെന്ന് പറഞ്ഞു. 2024-25-ൽ 30370 കോടി രൂപയാണ് ഇവർ പ്ലാനിൽ വകയിരുത്തിയിരുന്നത്. അത് നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ 31-08-2024-ൽ ഒരു ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവു പ്രകാരം ആദ്യ വാചകം, 2024-25 സാമ്പത്തിക വർഷം പത്തുകോടി രൂപയ്ക്കുമേൽ അടങ്കലുള്ള തുടർ പ്രോജക്റ്റുകൾ/പദ്ധതികൾ ഉൾപ്പെടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട സെക്രട്ടറിമാർ എന്നിവരുടെ സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ, അനിവാര്യത കണക്കിലെടുത്ത് വകുപ്പിന് ഭരണാനുമതി നൽകിയ ആകെത്തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. അതായത് പത്തുകോടി രൂപയ്ക്കുമുകളിലുള്ള എല്ലാ വർക്കുകളുടെയും പ്ലാൻ സൈസ് 50 ശതമാനം വെട്ടിക്കുറച്ചു. പത്തുകോടി രൂപയ്ക്കുതാഴെയുള്ള പ്രോജക്റ്റുകൾ രക്ഷപ്പെട്ടുവെന്ന് നിങ്ങൾ വിചാരിക്കും. അടുത്ത വാചകം, പത്തുകോടി രൂപയ്ക്കുതാഴെയുള്ള തുടർ പ്രോജക്റ്റുകൾ ഭരണാനുമതി നൽകിയ ആകെത്തുകയുടെ 50 ശതമാനമായി നിജപ്പെടുത്തി ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. പത്തുകോടി രൂപയ്ക്കുതാഴെയുള്ളതും, പത്തുകോടി രൂപയ്ക്കുമുകളിലുള്ളതുമായ പ്രോജക്റ്റുകളുടെ 50 ശതമാനം വെട്ടിക്കുറച്ചു. 30370 കോടി രൂപ പ്ലാനിൽ വകയിരുത്തിയിട്ട്, പ്ലാൻ ഇയറിന്റെ അവസാന ക്വാർട്ടർ എത്തുന്നതിനുമുമ്പ്, എട്ടാം മാസത്തിൽത്തന്നെ പ്ലാൻ സൈസ് വെട്ടിക്കുറച്ചു. അപ്രകാരം ചെയ്ത ആളുകളാണ് ഇന്നുവന്ന് 20500 കോടി രൂപ കിട്ടാത്തതിന്റെ പേരിൽ 1500 കോടി രൂപ വെട്ടിക്കുറച്ചുവെന്ന ആക്ഷേപം ഉന്നയിച്ചത്. എല്ലാത്തിനും മറുപടിയുണ്ട്.

ധനവിനിയോഗ ബിൽ ആണ് ഈ സഭ പാസ്സാക്കുന്നത്. ജനങ്ങളുടെ നികുതിപ്പണം സൂക്ഷ്മതയോടും കൃത്യമായും ഭംഗിയായും പൂർണ്ണതയോടുംകൂടി ചെലവഴിക്കുന്നതാണ്.

ജനങ്ങളുടെ നികുതിപ്പണമാണ് ചെലവഴിക്കപ്പെടുന്നതെന്ന് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ബോധ്യമുണ്ടാകണം. ഈ മന്ത്രിസഭയ്ക്കുവേണ്ടി ഞാൻ ഉറപ്പുനൽകുന്നു, ജനങ്ങളുടെ പണമാണ് ചെലവാക്കുന്നതെന്ന ബോധ്യത്തോടെ ആ പദ്ധതികൾ കൃത്യമായ ഉത്തരവാദിത്വത്തോടും ദിശാബോധത്തോടുംകൂടി ഈ മന്ത്രിസഭയുടെ നേതൃത്വത്തിൽ ഈ സർക്കാർ ഭംഗിയായി നടപ്പാക്കും. ഓരോ വകുപ്പിലും സൂക്ഷ്മതയോടുകൂടി, കൂട്ടുത്തരവാദിത്വത്തോടുകൂടി ഈ സഭ പാസ്സാക്കിത്തന്ന ഈ പണം സമയം വൈകിക്കാതെ ശ്രദ്ധയോടുകൂടി ചെലവഴിക്കും.

പത്തുംപതിനഞ്ചും വർഷങ്ങൾ കഴിഞ്ഞ് പ്രോജക്ട് നടപ്പാക്കുമ്പോൾ ജനങ്ങളുടെ നികുതിപ്പണം ഒഴുകിപ്പോകുന്നതിന് കണക്കില്ല. അതിന് മാറ്റമുണ്ടാകണം. മാത്രമല്ല, ഇന്നുമുതൽ ഒരു പ്രത്യേകതയും കൂടിയുണ്ട്. ഈ ഒന്നാം തീയതി മുതൽ അടുത്ത 100 ദിവസക്കാലംകൊണ്ട് 541 പ്രോജക്ടുകൾ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആരംഭിക്കുകയാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും പരിശോധനകഴിഞ്ഞുവന്ന, നടപ്പാക്കാൻ കഴിയുന്ന 541 പദ്ധതികൾക്ക് മന്ത്രിസഭ അംഗീകാരം നൽകിയിരിക്കുകയാണ്. ഇന്നുമുതൽ കൗണ്ട്ഡൗൺ നടത്തി 100 ദിവസംകൊണ്ട് എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഈ പദ്ധതികൾ പൂർത്തിയാക്കും. അതിനുവേണ്ടി ഡിപ്പാർട്ടുമെന്റുകളുടെയും യോഗം വിളിക്കും. 100 ദിവസത്തെ അഞ്ചായി തിരിച്ച് ഓരോ 20 ദിവസം കൂടുമ്പോഴും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ആരായുന്നതിനുള്ള റിവ്യൂ മീറ്റിങ് നടത്തുകയും ചെയ്യും. ഓരോ ഡിപ്പാർട്ടുമെന്റുകളെയും അപ്ഡേറ്റ് ചെയ്ത് ആധുനിക ടെക്നോളജിയുടെ പിൻബലത്തോടുകൂടി ഒരു ഡാഷ്ബോർഡ് മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്ഥാപിക്കുകയും ഓരോ പദ്ധതിയുടെയും സ്റ്റാറ്റസ്, പൊസിഷൻ എന്നിവ ഓരോ ഇരുപത് ദിവസംകൂടുമ്പോഴും ഓരോ പത്തുദിവസം കൂടുമ്പോഴും മനസ്സിലാക്കാൻ കഴിയുന്ന തരത്തിലുള്ളൊരു ഫോളോഅപ് ആക്ഷൻകൂടി 541 പദ്ധതികൾക്കുണ്ടാകും. ഇത് വിശ്വാസ്യതയും ഉത്തരവാദിത്വവുമുള്ള സർക്കാരാണെന്ന് ജനങ്ങളുടെ മുമ്പിൽ പ്രൂവ് ചെയ്യേണ്ടതാണ്. 541 പ്രോജക്ടുകൾ 100 ദിവസംകൊണ്ട് പൂർത്തിയാക്കാമെന്ന് ജനങ്ങൾക്കുറപ്പുനൽകിയ സർക്കാരാണ്. ആ ഉത്തരവാദിത്വബോധത്തോടുകൂടി ആദ്യത്തെ 100 ദിവസങ്ങൾ ഈ പ്രോജക്ടുകൾ പൂർത്തിയാക്കാൻ വേണ്ടിയുള്ള സകല ശ്രമങ്ങളും നടത്തും. അത് ഈ സർക്കാരിന്

മുന്നോട്ടുപോകാനും കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ വേണ്ടിയുള്ള ആവേശം കൂടിയാകും. ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളെല്ലാം സമയബന്ധിതമായിത്തന്നെ തീർക്കും. മൂന്നുമാസം കൂടുമ്പോൾ ഡെലിവറിയുണ്ടാകുമെന്ന് ഞാൻ കഴിഞ്ഞദിവസം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഒരു തമാശ പറയുകയുണ്ടായി, 10 മാസം കൂടുമ്പോഴാണ് ഡെലിവറിയുണ്ടാകുന്നതെന്ന്. എന്നാൽ പദ്ധതികൾക്ക് ഓരോ മൂന്നുമാസക്കാലം കൂടുമ്പോഴും ഡെലിവറിയുണ്ടാകും. ഈ ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളുടെ പെർഫോമൻസ് ഓഡിറ്റിങ് കൃത്യമായി നിർവഹിക്കാൻ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടിയ പരിശോധനയും ഫോളോഅപ്പുമുണ്ടാകും. ഇത് നടപ്പിൽവരുത്താൻ നിയമസഭാംഗങ്ങളും ഉദ്യോഗസ്ഥരുമെല്ലാം ഒരുമിച്ച് ഒരു ടീം ആയി നിന്ന് ഇത് പൂർത്തിയാക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് വിനയപൂർവം അഭ്യർഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സർ, 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബില്ല് പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

രണ്ടും മൂന്നും നാലും വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

രണ്ടും മൂന്നും നാലും എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

*01-07-2026*
*Legislative Business (Contn...)*

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഞാൻ ഉപക്ഷേപത്തെ പിന്തുണക്കുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

*01-07-2026*
*Legislative Business (Contn...)*

**ഉപക്ഷേപം സഭ അംഗീകരിക്കുന്നു. ബിൽ  പാസ്സായിരിക്കുന്നു.**